**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1644** **11-09-2023 - ൽ മറുപടിയ്ക്ക്**

**അനധികൃത മണൽ വാരൽ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കടവിലെ മണൽ വാരുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള പൊതു വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ; | (എ) | കടവുകളിൽ നിന്നും മണൽ വാരുന്നതിന് 2001-ലെ കേരള നദിതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം, വകുപ്പ് 12-ലെ പൊതു വ്യവസ്ഥകൾ ബാധകമാണ്. ടി നിയമത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.<br><br>കൂടാതെ, ടി വ്യവസ്ഥകൾക്ക് പുറമെ 2006-ലെ എൻവേൺമെൻറ് ഇംപാക്ട് അസ്സെസ്സ്മെന്റ് വിജ്ഞാപനത്തിന്റെ 14.08.2018- ലെ ഭേദഗതി പ്രകാരമുള്ള സംസ്ഥാന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റിയിൽ (State Environment Impact Assessment Authority-SEIAA) നിന്നും ലഭിക്കുന്ന പാരിസ്ഥിതിക അനുമതി (Environmental Clearance) നിർബന്ധമാണ്. കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച സസ്റ്റൈനബിൾ സാൻഡ് മൈനിംഗ് മാനേജ്മന്റ് ഗൈഡ്ലൈൻസ്-2016, എൻഫോഴ്സ്മെന്റ് ആൻഡ് മോണിറ്ററിങ് ഗൈഡ്ലൈൻസ് ഓൺ സാൻഡ് മൈനിംഗ്-2020 എന്നിവ പ്രകാരമുള്ള നിരീക്ഷണ സംവിധാനങ്ങളും ആവശ്യമാണ്.<br><br>സംസ്ഥാനത്തു മണൽ ഖനനം ആരംഭിക്കുന്നതിന്റെ ഭാഗമായി പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനാവശ്യമായ ഡിസ്ട്രിക്റ്റ് സർവ്വേ റിപ്പോർട്ട് (കൊല്ലം , പത്തനംതിട്ട , കോട്ടയം , എറണാകുളം , ഇടുക്കി , തൃശ്ശൂർ, പാലക്കാട് , മലപ്പുറം , കോഴിക്കോട് , കണ്ണൂർ , കാസറഗോഡ് എന്നീ ജില്ലകളുടെ ) തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ CSIR (Council of Scientific & Industrial Research) -NIIST (National Institute for Interdisciplinary Science and Technology), തിരുവനന്തപുരം -നെ 14.02.2022 തീയതിയിലെ GO(Rt)No.694/2022/RD , 28.03.2023 |

| | | | |
|---|---|---|---|
| | | | തീയതിയിലെ GO(Rt)No.1372/2023/RD എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ചുതലപ്പെടുത്തി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനം തൃശ്ശൂർ , പാലക്കാട്, മലപ്പുറം, കൊല്ലം , കോഴിക്കോട് , കണ്ണൂർ , കാസറഗോഡ് എന്നീ 7 ജില്ലകളുടെ കരട് DSR തയ്യാറാക്കി ഐ.എൽ.ഡി.എം. ഡയറക്ടർ മുഖേന ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കു സമർപ്പിച്ചിട്ടുണ്ട്.<br><br>ടി കരട് DSR , SEIAA (State Environment Impact Assessment Authority) മുമ്പാകെ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ജില്ലകളിൽ സ്വീകരിച്ചു വരുന്നു. കൂടാതെ പത്തനംതിട്ട , കോട്ടയം , എറണാകുളം , ഇടുക്കി എന്നീ ജില്ലകളുടെ കരട് DSR തയ്യാറാക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പെർമിറ്റ് ഇല്ലാതെ മണൽ കടത്തുന്ന വാഹന ഉടമകൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നത്; വിശദീകരിക്കാമോ; | (ബി) | 2001-ലെ കേരള നദിതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം, വകുപ്പ് 23 പ്രകാരം പെർമിറ്റ് ഇല്ലാതെ അനധികൃതമായി ഒരു കടവിൽ നിന്നും ഏതെങ്കിലും ഒരാൾ മണൽ കടത്തിക്കൊണ്ടു പോകുന്ന പക്ഷം റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ അഥവാ സ്റ്റേഷൻ ഹൗസ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ അത്തരം വാഹനങ്ങൾ, പണിയായുധങ്ങൾ, ഉപകരണങ്ങൾ, മറ്റു സാധനങ്ങൾ എന്നിവയും മണൽ ഉൾപ്പെടെ പിടിച്ചെടുക്കാനുള്ള അധികാരമുണ്ട്. അവ പ്രസ്തുത നിയമത്തിലെ വകുപ്പ് 23A-യിലെ വ്യവസ്ഥകൾക്ക് വിധേയമായി കണ്ടുകെട്ടുന്നതാണ്. കൂടാതെ വകുപ്പ് 20 പ്രകാരം ഇത്തരം നിയമലംഘനം നടത്തുന്ന ഏതൊരാളും രണ്ടുവർഷംവരെയാകാവുന്ന തടവു ശിക്ഷയോ അഞ്ചുലക്ഷം രൂപവരെയാകാവുന്ന പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും അൻപതിനായിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും കൂടി നൽകി ശിക്ഷിക്കപ്പെടുന്നതാണ്. |
| (സി) | ഇപ്രകാരം മണൽ കടത്തുന്ന വാഹനങ്ങൾ കണ്ടു കെട്ടാൻ വ്യവസ്ഥയുണ്ടോ; ഇതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ? | (സി) | ഉണ്ട്. അനധികൃത മണൽ കടത്തലിനുപയോഗിച്ചതും കേരള നദിതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ വകുപ്പ് 23 പ്രകാരം പിടിച്ചെടുക്കുകയും ചെയ്ത വാഹനങ്ങൾ പ്രസ്തുത നിയമത്തിലെ വകുപ്പ് 23 A, 2002-ലെ പ്രസ്തുത നിയമത്തിന്റെ ചട്ടങ്ങളിലെ ചട്ടം നം.27 എന്നിവയിൽ വ്യവസ്ഥചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരം |

| | | | |
|---|---|---|---|
| | | | കണ്ടുകെട്ടുന്നതാണ്. 2001-ലെ കേരള നദിതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിന്റെയും 2002 -ലെ കേരള നദിതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടത്തിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് -കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം, 2001 -നദികളിൽ നിന്നും മണൽ ഖനനം ആരംഭിക്കുന്നതിനുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു ആവശ്യമായ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട്(DSR) തയ്യാറാക്കുന്നത്തിനു CSIR -NIIST സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു .

റവന്യൂ (പി) വകുപ്പ്

സ.ഉ.(സാധാ) നം.694/2022/RD　　തീയതി,തിരുവനന്തപുരം, 14-02-2022

1. 27.01.2022 തീയതിയിലെ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നത തല സമിതിയുടെ യോഗ നടപടികുറിപ്പ്.
2. 28.01.2022 തീയതിയിലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ എൽ.ആർ .കെ 1 -24880 / 2018 നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

നദികളിൽ നിന്നും മണൽ ഖനനം ആരംഭിക്കുന്നതിനുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു ആവശ്യമായ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട്(DSR) തയ്യാറാക്കുന്നത്തിനു CSIR കൗൺസിൽ ഓഫ് സയന്റിഫിക്ക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച്) -NIIST (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളോജി), സമർപ്പിച്ച പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ സംസ്ഥാന ഉന്നത തല സമിതി യോഗത്തിൽ അവതരിപ്പിക്കുകയും ആയത് സമിതി പരാമർശം (1) പ്രകാരം അംഗീകരിക്കുകയും ചെയ്തു.

ലാൻഡ് റവന്യൂ കമ്മീഷണർ , ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നത്തിനു CSIR -NIIST സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം 2 പ്രകാരം സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .നദികളിൽ നിന്നും മണൽ ഖനനം ആരംഭിക്കുന്നതിനുള്ള പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു ആവശ്യമായ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നത്തിനു CSIR -NIIST സമർപ്പിച്ച പ്രൊപ്പോസൽ (2.23 കോടി രൂപ (1 .89 കോടി +18 % GST) ) സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാൻഡ് റവന്യൂ കമ്മീഷണർ , തിരുവനന്തപുരം
ഡയറക്ടർ , ഐ എൽ ഡി എം , പി ടി പി നഗർ ,തിരുവനന്തപുരം
ഡയക്ടർ , CSIR -NIIST ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) കേരള ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ ),കേരള ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
വെബ് & ന്യൂ മീഡിയ (വിപുലമായ പ്രചാരണത്തിന് )
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Kadeeja A A**
**Date: 15-02-2022 11:34:44**
സെക്ഷൻ ഓഫീസർ

പകർപ്പ : ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എയ്ക്ക്

# കേരള സർക്കാർ

## നിയമ (നിയമ നിർമ്മാണ-എ) വകുപ്പ്

## വിജ്ഞാപനം*

നമ്പർ 17949/ലെഗ്.എ1/2001/നിയമം. *തിരുവനന്തപുരം, 2001 ഡിസംബർ 29.*
*1923 പൌഷം 8.*

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2001 ഡിസംബർ 28-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. രാംകുമാർ,
*നിയമവകുപ്പ് സെക്രട്ടറി.*

* 2001 ഡിസംബർ 29-ാം തീയതി 2088-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചത്.

GCPT. 3/2259/2012/DTP.

# 2001-ലെ 18-ാം ആക്റ്റ്

# 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ്

ആറ്റുമണൽ വൻതോതിൽ കുഴിച്ചുവാരുന്നതിൽ നിന്നും നദീതീരങ്ങളെയും നദിയുടെ അടിത്തട്ടിനെയും സംരക്ഷിക്കുന്നതിനും അവയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുന്നതിനും ആറ്റുമണൽ നീക്കം ചെയ്യുന്നതും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള

ഒരു

ആക്റ്റ്

പീഠിക.—നദികളിൽ നിന്നും വിവേചനരഹിതവും അനിയന്ത്രിതവുമായ മണൽവാരൽ, നദീതീരങ്ങളിൽ വൻതോതിൽ മണ്ണിടിച്ചിലിനും വസ്തുക്കളുടെ നാശനഷ്ടത്തിനും കാരണമാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും;

ആറ്റുമണൽ വൻതോതിൽ കുഴിച്ചുവാരുന്നത് നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥയെ വ്യത്യസ്ത അളവുകളിൽ തകരാറിലാക്കുന്നതിനാലും;

ഭരണപരമായ നിയന്ത്രണ ഉത്തരവുകൾ നിലവിലിരിക്കുന്ന കാരണത്താൽ നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടെന്നുള്ളതിനാലും;

പൊതുതാല്പര്യാർത്ഥം, നദീതീര സംരക്ഷണത്തിനും നദികളിൽ നിന്ന് മണൽ വാരുന്നത് നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുന്നതിനാലും;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തി രണ്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ ആക്റ്റിന് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇതിന് സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''ജില്ലാ കളക്ടർ'' എന്നാൽ ജില്ലയുടെ കളക്ടർ എന്നർത്ഥമാകുന്നു;

(ബി) ''ജില്ലാ വിദഗ്ദ്ധസമിതി'' എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ച ജില്ലാ വിദഗ്ദ്ധസമിതി എന്നർത്ഥമാകുന്നു;

(സി) ''ഫണ്ട്'' എന്നാൽ 17-ാം വകുപ്പുപ്രകാരം വച്ചുപോരുന്ന റിവർ മാനേജ്മെന്റ് ഫണ്ട് എന്നർത്ഥമാകുന്നു;

(ഡി) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഇ) ''കടവ്'' എന്നാൽ മണൽവാരൽ നടത്തുന്ന ഒരു നദീതീരമോ ജലാശയമോ എന്നർത്ഥമാകുന്നു;

(എഫ്) ''കടവ് കമ്മിറ്റി'' എന്നാൽ 4-ാം വകുപ്പുപ്രകാരം രൂപീകരിച്ച കടവുകമ്മിറ്റി എന്നർത്ഥമാകുന്നു;

(ജി) ''തദ്ദേശാധികാരസ്ഥാനം'' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമ പഞ്ചായത്ത് അല്ലെങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) പ്രകാരം രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പാലിറ്റി എന്നർത്ഥമാകുന്നു;

(എച്ച്) ''മുനിസിപ്പാലിറ്റി'' എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ടൗൺ പഞ്ചായത്ത് അല്ലെങ്കിൽ ഒരു മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(ഐ) ''വിജ്ഞാപനം'' എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ജെ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(കെ) ''വകുപ്പ്'' എന്നാൽ ഈ ആക്റ്റിന്റെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(എൽ) ''ഗ്രാമപഞ്ചായത്ത്'' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമ പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(എം) ''ബ്ലോക്ക് പഞ്ചായത്ത്'' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ബ്ലോക്ക് പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(എൻ) ''ജില്ലാ പഞ്ചായത്ത്'' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ജില്ലാ പഞ്ചായത്ത് എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## കമ്മിറ്റികളുടെ രൂപീകരണം

3. ജില്ലാ വിദഗ്ദ്ധ സമിതിയുടെ രൂപീകരണവും ഘടനയും.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം എത്രയും വേഗം സർക്കാർ, വിജ്ഞാപനംവഴി, സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും വേണ്ടി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അപ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള ഓരോ വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ ജില്ലാ വിദഗ്ദ്ധ സമിതിയിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ജില്ലാ കളക്ടർ, എക്സ്-ഒഫിഷ്യോ ;

(ബി) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നുകിടക്കുന്ന പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ജില്ലാപഞ്ചായത്ത് അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി ;

(സി) ജില്ലാ ലേബർ ഓഫീസർ, എക്സ്-ഒഫിഷ്യോ ;

(ഡി) ജില്ലയിൽ ക്രമസമാധാനത്തിന്റെ ചുമതലയുള്ള പോലീസ് സൂപ്രണ്ട്, എക്സ്-ഒഫിഷ്യോ ;

(ഇ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എക്സ്-ഒഫിഷ്യോ ;

(എഫ്) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നുകിടക്കുന്ന മുനിസിപ്പൽ കൗൺസിലുകളിലെ ചെയർമാൻ/ചെയർപേഴ്സൺമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സൺ ;

(ജി) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നുകിടക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പേർ ;

(എച്ച്) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നുകിടക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റ് ;

(ഐ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഹൈഡ്രോളജിസ്റ്റ്;

(ജെ) ജലസേചന വകുപ്പിലെ, ജില്ലയിൽ ജോലി ചെയ്യുന്ന ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(കെ) ജില്ലയിൽ ജോലി ചെയ്യുന്നതും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതുമായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത കേരള വാട്ടർ അതോറിറ്റിയിലെ ഒരു എഞ്ചിനീയർ ;

(എൽ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നദീസംരക്ഷണ പ്രവർത്തനവുമായി ബന്ധമുള്ള രണ്ട് പരിസ്ഥിതി പ്രവർത്തകർ;

(എം) ജില്ലയിൽ ജോലി ചെയ്യുന്നതും സർക്കാർ നോമിനേറ്റ് ചെയ്യുന്നതുമായ പൊതുമരാമത്തു വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (റോഡുകളും പാലങ്ങളും) പദവിയിൽ കുറയാത്ത ഒരു എഞ്ചിനീയർ;

(എൻ) മൈനിംഗും ജിയോളജിയും വകുപ്പിലെ ജിയോളജിസ്റ്റ്/ജില്ലാ ഓഫീസർ, എക്സ്-ഒഫീഷ്യോ;

(ഒ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.

(3) ജില്ലാ കളക്ടർ വിദഗ്ദ്ധ സമിതിയുടെ ചെയർമാൻ ആയിരിക്കേണ്ടതും ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയിരിക്കേണ്ടതുമാണ്.

(4) ജില്ലാ വിദഗ്ദ്ധ സമിതി, ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതും ഈ ആക്റ്റ് പ്രകാരവും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരവും ഏല്പിച്ചുകൊടുക്കാവുന്ന അത്തരം അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

4. <u>കടവ് കമ്മിറ്റിയുടെ രൂപീകരണവും ഘടനയും.</u>—(1) ജില്ലാ കളക്ടർക്ക് ഒരു ജില്ലയിൽ സ്ഥിതിചെയ്യുന്ന ഓരോ കടവിലേയും അഥവാ നദീതീരത്തിലേയും മണൽ വാരൽ നിയന്ത്രിക്കുന്ന ആവശ്യത്തിലേക്കായി, അങ്ങനെയുള്ള കടവിനോ അഥവാ നദീതീരത്തിനോവേണ്ടി ആ കടവോ നദീതീരമോ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേരോടുകൂടിയ ഓരോ കടവു കമ്മിറ്റിയെ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കാവുന്നതാണ്, അതായത്:—

(എ) ബന്ധപ്പെട്ട കടവിന്റെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ അഥവാ മുനിസിപ്പൽ ചെയർമാനോ/ചെയർപേഴ്സനോ—എക്സ്-ഒഫിഷ്യോ;

(ബി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഥവാ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറി—എക്സ്-ഒഫിഷ്യോ;

(സി) പ്രസ്തുത പ്രദേശത്തെ അസിസ്റ്റന്റ് ലേബർ ഓഫീസർ—എക്സ്-ഒഫിഷ്യോ;

(ഡി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് മെമ്പർ അഥവാ മുനിസിപ്പൽ കൗൺസിലർ—എക്സ്-ഒഫിഷ്യോ;

(ഇ) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ—എക്സ്-ഒഫിഷ്യോ;

(എഫ്) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും)—എക്സ്-ഒഫിഷ്യോ;

(ജി) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള കേരള ജല അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ—എക്സ്-ഒഫിഷ്യോ;

(എച്ച്) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള വില്ലേജ് ഓഫീസർ—എക്സ്-ഒഫിഷ്യോ;

(ഐ) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി പ്രവർത്തകർ.

(2) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ അഥവാ മുനിസിപ്പാലിറ്റിയുടെ ചെയർമാനോ/ചെയർപേഴ്സനോ, അതതു സംഗതിപോലെ, കടവു കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ അഥവാ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിയോ, അതതു സംഗതിപോലെ, കടവു കമ്മിറ്റിയുടെ കൺവീനർ ആയിരിക്കുന്നതുമാണ്.

(3) ചെയർമാൻ തീരുമാനിക്കുന്ന അപ്രകാരമുള്ള സ്ഥലത്തും സമയത്തും കടവു കമ്മിറ്റി യോഗം ചേരേണ്ടതും, ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

5. ഉദ്യോഗ കാലാവധി.—(1) ഈ ആക്റ്റിൽ മറ്റു തരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളിടത്ത് ഒഴികെ, അതതു സംഗതിപോലെ, ജില്ലാ വിദഗ്ദ്ധ സമിതിയുടേയും കടവു കമ്മിറ്റിയുടേയും, എക്സ്-ഒഫിഷ്യോ അംഗങ്ങളും ഔദ്യോഗികാംഗങ്ങളും ഒഴികെയുള്ള, അംഗങ്ങളുടെ ഉദ്യോഗ കാലാവധി നാമനിർദ്ദേശത്തീയതി മുതൽ മൂന്നു വർഷം ആയിരിക്കുന്നതും, പുനർ നാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

(2) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (എൽ) ഖണ്ഡത്തിലും, 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ഐ) ഖണ്ഡത്തിലും പരാമർശിച്ചിരിക്കുന്ന ഒരു അംഗം അതതു സംഗതിപോലെ, സർക്കാരിനെയോ അല്ലെങ്കിൽ ജില്ലാ കളക്ടറേയോ, രേഖാമൂലം അറിയിച്ചുകൊണ്ട് തന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതും, അതതു സംഗതിപോലെ സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ രാജി സ്വീകരിക്കുന്ന മുറയ്ക്ക് അയാൾ അംഗമല്ലാതായിത്തീരുന്നതുമാണ്.

6. ഒഴിവ്, ന്യൂനത എന്നീ കാരണങ്ങളാൽ ജില്ലാ വിദഗ്ദ്ധ സമിതിയുടെയോ കടവു കമ്മിറ്റിയുടെയോ പ്രവർത്തികൾ അസാധുവാക്കുന്നതല്ലെന്ന്.—ജില്ലാ വിദഗ്ദ്ധ സമിതിയോ കടവു കമ്മിറ്റിയോ ചെയ്ത ഏതൊരു പ്രവർത്തിയോ എടുത്ത ഏതൊരു നടപടിയോ,—

(എ) മേൽപ്പറഞ്ഞ കമ്മിറ്റികളിലെ ഏതെങ്കിലും ഒഴിവിന്റെയോ അതിന്റെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയുടെയോ;

(ബി) വിഷയത്തിന്റെ മൂല്യത്തെ ബാധിക്കാത്ത, മേൽപ്പറഞ്ഞ കമ്മിറ്റികളുടെ നടപടികളിൽ ഉള്ള ഏതെങ്കിലും ക്രമക്കേടിന്റെയോ;

കാരണത്താൽ മാത്രം അസാധുവാക്കപ്പെടാവുന്നതല്ല.

7. ഒഴിവുകൾ.—(1) അതതു സംഗതിപോലെ ജില്ലാ വിദഗ്ദ്ധ സമിതിയിലോ കടവു കമ്മിറ്റിയിലോ ഉണ്ടാകുന്ന ഏതൊരു ഒഴിവും കഴിയുന്നതുംവേഗം നാമനിർദ്ദേശംവഴി അതതു സംഗതിപോലെ, സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ നികത്തേണ്ടതാണ്.

(2) ഒരു ആകസ്മിക ഒഴിവ് നികത്താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ, അയാൾ ഏത് അംഗത്തിന്റെ ഒഴിവിലേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത്, ആ ഒഴിവ് ഉണ്ടാകാതിരുന്നുവെങ്കിൽ പ്രസ്തുത അംഗത്തിന് ഉദ്യോഗത്തിൽ തുടരാമായിരുന്ന കാലാവധി വരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

8. ജില്ലാ വിദഗ്ദ്ധ സമിതിയുടെ യോഗങ്ങൾ.—(1) ജില്ലാ വിദഗ്ദ്ധ സമിതി, വർഷത്തിൽ കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) യോഗത്തിനുള്ള കോറം ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(3) ചെയർമാന്, തന്റെ അസാന്നിദ്ധ്യത്തിൽ, യോഗത്തിന് അദ്ധ്യക്ഷത വഹിക്കാൻ അംഗങ്ങളിൽ ഒരാളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

9. ജില്ലാ വിദഗ്ദ്ധ സമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി ജില്ലാ വിദഗ്ദ്ധ സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ജില്ലയിൽ മണൽവാരൽ അനുവദിക്കാവുന്ന കടവോ നദീതീരമോ കണ്ടെത്തുക;

(ബി) 'സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്', 'സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്' തുടങ്ങിയ വിദഗ്ദ്ധ സമിതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒരു കടവിൽ നിന്നോ നദീതീരത്തുനിന്നോ വാരാവുന്ന മൊത്തം മണലിന്റെ അളവ് നിശ്ചയിക്കുക;

(സി) ഒരു കടവിൽ നിന്നോ നദീതീരത്തു നിന്നോ മറ്റൊരു സ്ഥലത്തേക്ക് മണൽ കൊണ്ടുപോകുന്നത് നിയന്ത്രിക്കുക;

(ഡി) മണൽ വാരലിനായി തുറന്നുകൊടുത്ത കടവോ നദീതീരമോ അടയ്ക്കുക;

(ഇ) നദീതീരങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും അവയിൽ അതിക്രമിച്ചുകടക്കാതെ നോക്കുകയും ചെയ്യുക;

(എഫ്) കടവ് കമ്മിറ്റിയുടെ അഭിപ്രായം പരിഗണിക്കുകയും ഈ ആക്റ്റിന്റെ ലക്ഷ്യം നേടുന്നതിന് ഉചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക;

(ജി) ജില്ലയിലെ കടവു കമ്മിറ്റികൾ ഈ ആക്റ്റ് പ്രകാരം അവയ്ക്കു നൽകിയിട്ടുള്ള അധികാരങ്ങളും കർത്തവ്യങ്ങളും നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക;

(എച്ച്) നദീതീരങ്ങളുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് സർക്കാരിനെ ഉപദേശിക്കുക;

(ഐ) വർഷത്തിലെ ഏതെങ്കിലും സീസണിൽ ഏതെങ്കിലും നദിയിൽ നിന്നോ കടവിൽ നിന്നോ മണൽ വാരുന്നത് നിരോധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുക;

(ജെ) കാലാകാലങ്ങളിൽ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക;

(കെ) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ, അതിന് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(എൽ) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെക്കുറിച്ച് ഉപദേശം നൽകുക.

10. കടവ് കമ്മിറ്റിയുടെ യോഗം.—(1) കടവു കമ്മിറ്റി മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) യോഗത്തിന്റെ കോറം ആകെയുള്ള അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കുന്നതാണ്.

(3) ചെയർമാന്, തന്റെ അസാന്നിദ്ധ്യത്തിൽ അംഗങ്ങളുടെ ഇടയിൽ നിന്നും ഒരാളെ, യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിന്, നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അഥവാ നാമനിർദ്ദേശം ചെയ്യുവാൻ കഴിയാത്ത സാഹചര്യം സംജാതമായാൽ യോഗത്തിൽ ഹാജരുള്ള അംഗങ്ങൾക്ക് ആ സ്ഥാനം വഹിക്കുന്നതിനുവേണ്ടി ഒരംഗത്തിനെ നിർദ്ദേശിക്കാവുന്നതാണ്.

11. കടവു കമ്മിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.— ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകളും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി, കടവു കമ്മിറ്റി മണൽ വാരൽ സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളുടേയും മേൽനോട്ടവും നിയന്ത്രണവും വഹിക്കേണ്ടതും ജില്ലാ വിദഗ്ദ്ധ സമിതിക്ക് താഴെപ്പറയുന്ന കാര്യങ്ങളിൽ ശുപാർശ നൽകേണ്ടതുമാണ്, അതായത്:—

(എ) മണൽ വാരലിനുവേണ്ടി കടവിന്റെയോ നദീതീരത്തിന്റെയോ അനുയോജ്യത;

(ബി) ഒരു പ്രത്യേക കടവിൽ നിന്ന് വാരാവുന്ന മണലിന്റെ അളവ്;

(സി) കടവിന്റെയോ നദീതീരത്തിന്റെയോ സംരക്ഷണത്തിനുവേണ്ടി കൂടുതലായി സ്വീകരിക്കേണ്ട നടപടികൾ;

(ഡി) വർഷത്തിന്റെ ഏതെങ്കിലും സീസണിൽ മണൽ വാരൽ നിരോധിക്കേണ്ടതിന്റെ ആവശ്യകത;

(ഇ) മണൽ വാരലിന് ഉപയോഗിക്കുന്ന വള്ളങ്ങളുടെയും മണൽ വാരൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടേയും ലിസ്റ്റ് ഗ്രാമപഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടേയും പ്രസിദ്ധീകരണത്തിനായി ശുപാർശ ചെയ്യുക;

(എഫ്) ഗവൺമെന്റും ജില്ലാ വിദഗ്ദ്ധ സമിതികളും കാലാകാലം നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക;

(ജി) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി മറ്റേതെങ്കിലും കാര്യങ്ങളിൽ ഉപദേശം നൽകുക.

അദ്ധ്യായം III

## നദീതീരങ്ങളുടെയും നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥകളുടെയും സംരക്ഷണം

12. ഒരു കടവിലെ മണൽ വാരൽ പ്രവർത്തനങ്ങൾക്കുള്ള പൊതു വ്യവസ്ഥകൾ.—(1) മണൽ വാരൽ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിനു മുമ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ, അവർക്കു ജിയോളജി വകുപ്പിൽ നിന്നും ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശുപാർശയിന്മേൽ വിതരണം ചെയ്യേണ്ടതായ പാസുകൾ, റോയൽറ്റി നൽകുന്നതിന് ബാധകമായ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനനുസരിച്ച് റോയൽറ്റി നൽകി, ഒരു മാസക്കാലയളവിന് മുൻകൂറായി നേടേണ്ടതാണ്.

(2) ഒരു കടവിൽ രാവിലെ 6 മണിക്കുമുമ്പും വൈകുന്നേരം 3 മണിക്കുശേഷവും യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

(3) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ മണൽ വാരൽ പ്രവർത്തനം നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ, ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി, ഏർപ്പെടുത്തേണ്ടതാണ്.

(4) നദിയുടെ അടിത്തട്ടിൽനിന്നുമാത്രം മണൽ വാരാൻ അനുവദിക്കേണ്ടതും നദീതീരത്തിന്റെ 10 മീറ്ററിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതുമാണ്.

(5) ഏതെങ്കിലും പാലത്തിൽനിന്നോ ഏതെങ്കിലും ജലസേചനപദ്ധതിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

(6) മണൽ കയറ്റുന്നതിനുള്ള വാഹനം നദീതീരത്തു നിന്നും ഏറ്റവും കുറഞ്ഞത് 25 മീറ്റർ അകലത്തിൽ പാർക്ക് ചെയ്യേണ്ടതും മണൽ കയറ്റുന്നതിനുവേണ്ടി യാതൊരു വാഹനവും നദീതീരത്തേക്ക് കൊണ്ടുവരാൻ പാടില്ലാത്തതുമാണ്.

(7) ഒരു കടവിലോ നദീതീരത്തോ നിന്ന് ജില്ലാ വിദഗ്ദ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ അളവ് മണൽ വാരാൻ പാടില്ലാത്തതാണ്.

(8) മണൽ വാരൽ പ്രവർത്തനത്തിന് കൊല്ലിവലയോ 'പോൾസ്കൂപ്പിംഗോ' ഏതെങ്കിലും യന്ത്രവൽകൃത രീതിയോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

(9) ഉപ്പുവെള്ളം നദീജലവുമായി കലരാൻ സാദ്ധ്യതയുള്ളിടത്ത് മണൽ വാരൽ നടത്താൻ പാടില്ലാത്തതാണ്.

(10) സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു മുഖേന മണൽ വാരൽ സ്പഷ്ടമായി നിരോധിച്ചിട്ടുള്ള ഏതെങ്കിലും നദിയിലോ നദീതീരത്തോ മണൽ വാരൽ നടത്താൻ പാടില്ലാത്തതാണ്.

13. സർക്കാരിനോ ജില്ലാ കളക്ടർക്കോ കടവോ നദീതീരമോ അടയ്ക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) ഈ ആക്റ്റിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം മണൽ വാരുന്നതിനായി തുറന്നുകൊടുത്ത ഒരു കടവ് അടയ്ക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(2) മണൽ കുഴിച്ചുവാരുന്നത്, ആ നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥയ്ക്ക് തകരാറുണ്ടാക്കുമെന്ന ജില്ലാ വിദഗ്ദ്ധ സമിതിയുടെ ഒരു റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയോ അല്ലെങ്കിൽ മറ്റുവിധത്തിലോ, ജില്ലാ കളക്ടർക്ക്, ഒരു വർഷത്തിലെ ഏതെങ്കിലും കാലയളവിൽ, പ്രത്യേകിച്ചും കാലവർഷക്കാലയളവിൽ ഏതെങ്കിലും നദിയിൽ നിന്നോ നദീതീരത്തുനിന്നോ മണൽ വാരുന്നതിന്മേൽ നിരോധനം വിജ്ഞാപനപ്പെടുത്താവുന്നതാണ്:

എന്നാൽ, നിരോധന ഉത്തരവ് ഒരുസമയത്ത് രണ്ടാഴ്ച കാലയളവിലധികരിക്കാൻ പാടില്ലാത്തതും, അത് രണ്ടാഴ്ചയിൽ അധികമല്ലാത്ത ഒരു കാലയളവിലേക്ക് വീണ്ടും ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്.

(3) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും നദീതീരത്തോ കടവിലോ ഉള്ള ഏതെങ്കിലും കയ്യേറ്റമോ തടസ്സമോ നീക്കം ചെയ്യുന്നതിന് 1957-ലെ ഭൂസംരക്ഷണ ആക്റ്റിലെ വ്യവസ്ഥകളോ 1973-ലെ ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകളോ ബാധകമാകുന്നതാണ്.

(4) നദികളെയും അങ്ങനെയുള്ള നദികളിൽനിന്ന് മണൽ വാരൽ ഏത് കാലയളവിലേക്കാണ് അനുവദിക്കാൻ പാടില്ലാത്തതെന്നും സർക്കാരിന് വിജ്ഞാപനം ചെയ്യാവുന്നതാണ്.

14. മണലിന്റെ വിലയിന്മേലുള്ള നിയന്ത്രണം മുതലായവ.—(1) കടവു കമ്മിറ്റി, ഏതെങ്കിലും പ്രദേശത്തെ മണലിന്റെ ലഭ്യതയും അഭിഗമ്യതയും കണക്കിലെടുത്തശേഷം ഓരോ കടവിലെയും മണലിന്റെ വില നിശ്ചയിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം വില നിശ്ചയിക്കേണ്ടത് പൊതുലേലപ്രകാരം ആയിരിക്കേണ്ടതാണ്.

(3) വാഹനത്തിൽ മണൽ കയറ്റുന്നതിന് വേണ്ടിവരുന്നതും കടവു കമ്മിറ്റി നിശ്ചയിച്ച നിരക്കിലുള്ളതുമായ കൂലിച്ചെലവുകൂടി പൊതുലേലപ്രകാരം നിർണ്ണയിക്കുന്ന മണൽവിലയിൽ ഉൾപ്പെട്ടിരിക്കേണ്ടതാണ്.

15. കടവോ നദീതീരങ്ങളോ സുരക്ഷിതനിലയിൽ പരിപാലിക്കുന്നതിന് തദ്ദേശ അധികാരസ്ഥാനങ്ങൾക്കുള്ള ഉത്തരവാദിത്വം.—(1) സംസ്ഥാനത്ത് മണൽ വാരുന്നതിന് കടവോ നദീതീരമോ ഉള്ള ഓരോ തദ്ദേശ അധികാരസ്ഥാനവും അപ്രകാരമുള്ള കടവോ നദീതീരമോ സുരക്ഷിതാവസ്ഥയിൽ പരിപാലിക്കേണ്ടതും നദീതീരം ഇടിയുന്നത് നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ എടുത്തുകൊണ്ട് അതിന്റെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കേണ്ടതുമാണ്.

(2) ഓരോ തദ്ദേശ അധികാരസ്ഥാനവും യാതൊരു വാഹനത്തിനും നദീതീരത്തേക്ക് നേരിട്ട് പ്രവേശനം ലഭിക്കാത്ത രീതിയിൽ കടവിലോ നദീതീരത്തോ കോൺക്രീറ്റ് തൂണുകൾ നിർമ്മിക്കേണ്ടതാണ്.

(3) തദ്ദേശാധികാരസ്ഥാനം ഓരോ കടവിലും അഥവാ നദീതീരത്തും ചെക്ക് പോസ്റ്റ് സ്ഥാപിക്കേണ്ടതും കടവിൽനിന്നും നീക്കം ചെയ്യുന്ന മണലിന്റെ ശരിയായ കണക്ക് സൂക്ഷിക്കേണ്ടതുമാണ്.

(4) നദീതീരം ഇടിയുന്നത് നിയന്ത്രിക്കുന്നതിനായി നദീതീരത്ത് ആറ്റുവഞ്ചിയും കല്ലൻമുളയും വനംവകുപ്പിന്റെ സഹായത്തോടെ വച്ചു പിടിപ്പിക്കാവുന്നതാണ്

## അദ്ധ്യായം IV

## ജൈവ-ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള റഗുലേഷൻ

16. നദീതീര വികസന പദ്ധതി.—(1) ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കും ഈ കാര്യത്തിൽ സർക്കാരിന്റെ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതിനും വിധേയമായി ജില്ലാ വിദഗ്ദ്ധ സമിതിക്ക് ജില്ലയിലുള്ള നദീതീരങ്ങൾ സൂക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി, അപ്രകാരമുള്ള രീതിയിലും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന മറ്റു വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ നദീതീര വികസന പദ്ധതി നദീതീരങ്ങളുടെ ജൈവ-ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിന്, തയ്യാറാക്കാവുന്നതാണ്:

എന്നാൽ, നദീതീര വികസന പദ്ധതി, സർക്കാരിലെ ജലസേചന വകുപ്പ് ഏതെങ്കിലും വികസന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അതിനനുസൃതമായിരിക്കേണ്ടതാണ്.

(2) ജില്ലാ കളക്ടർ നദീതീര വികസന പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് സർക്കാരിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

17. റിവർ മാനേജ്മെന്റ് ഫണ്ടും പാസ്സുകളുടെ വിതരണവും.—(1) ജില്ലാ കളക്ടർ കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി ''റിവർ മാനേജ്മെന്റ് ഫണ്ട്'' എന്ന പേരിൽ ഒരു ഫണ്ട് വച്ചുപോരേണ്ടതാണ്.

(2) കടവോ നദീതീരമോ ഉള്ള ഏതൊരു തദ്ദേശാധികാരസ്ഥാനവും മണൽ വില്പനയിലൂടെ സ്വരൂപിക്കുന്ന തുകയുടെ അൻപത് ശതമാനം ജില്ലാ കളക്ടർ വച്ചുപോരുന്ന റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് നൽകേണ്ടതാണ്:

എന്നാൽ, മണൽ ശേഖരിക്കുന്നതിനുള്ള ചെലവും നൽകിയ റോയൽറ്റിയും സ്വരൂപിക്കുന്ന തുകയിൽ ഉൾപ്പെടുന്നതല്ല.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി ''ശേഖരിക്കുന്നതിനുള്ള ചെലവ്'' എന്നതിൽ സംരക്ഷണച്ചെലവും കടവിൽ കോൺക്രീറ്റ് തൂണുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവും ഉൾക്കൊള്ളുന്നതാകുന്നു.

(3) (5)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരം കണക്കുകൾ തീർപ്പാക്കാതെ തദ്ദേശാധികാരസ്ഥാനത്തിന് പാസ് നൽകിയിട്ടില്ലെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

(4) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നൽകുന്ന ഏതൊരു പാസ്സിലും ആ വകുപ്പിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പും അദ്ദേഹത്തിന്റെ സീലും ഉണ്ടായിരിക്കേണ്ടതും മണൽവാരൽ ആരംഭിക്കുന്നതിനുമുമ്പ് ആയതിൽ ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനത്തിന്റെ സെക്രട്ടറി മേലൊപ്പ് വയ്ക്കേണ്ടതുമാണ്.

(5) ഫണ്ടിലെ വിഹിതമായി തദ്ദേശാധികാരസ്ഥാനം നൽകേണ്ട തുക ചെക്കായോ ഡിമാന്റ് ഡ്രാഫ്റ്റായോ ജില്ലാ കളക്ടർക്കോ അല്ലെങ്കിൽ ഇതിനുവേണ്ടി അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നൽകേണ്ടതും അതു കിട്ടിയതിനു തെളിവായി അദ്ദേഹം അതിൽ മേലൊപ്പ് വയ്ക്കേണ്ടതുമാകുന്നു. കൊടുക്കാൻ ബാക്കിയായ തുക തൊട്ടടുത്ത മാസം 10-ാം തീയതിക്കുമുമ്പായി അടച്ച് കണക്ക് തീർക്കേണ്ടതാണ്.

18. അക്കൗണ്ട്സ്.—(1) ജില്ലാ കളക്ടർ ഫണ്ടിന്റെ മുഴുവൻ കണക്കും വച്ചുപോരേണ്ടതും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ഓരോ വർഷവും ആഡിറ്റ് ചെയ്യിക്കേണ്ടതുമാണ്.

(2) സർക്കാരിനോ ഈ ആവശ്യത്തിലേക്കായി പ്രത്യേകമായി അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ കണക്ക് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

19. ഫണ്ടിലേക്ക് മാറ്റം ചെയ്യേണ്ട തുക.—ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് സ്വരൂപിച്ച ഏതൊരു തുകയും ഈ ആക്റ്റിൻകീഴിൽ രൂപീകരിച്ച ഫണ്ടിലേക്ക് മാറ്റം ചെയ്യപ്പെട്ടതും നിക്ഷിപ്തമാക്കപ്പെട്ടതുമായിത്തീരുന്നതും ഫണ്ടിന്റെ ഭാഗമായിത്തീരുന്നതുമാണ്.

## അദ്ധ്യായം V

## കുറ്റങ്ങളും ശിക്ഷകളും

20. ഈ ആക്റ്റിന്റെ ലംഘനത്തിനുള്ള ശിക്ഷ.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ, അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും, കുറ്റസ്ഥാപനത്തിന്മേൽ രണ്ടു വർഷംവരെയാകാവുന്ന തടവുശിക്ഷയോ ഇരുപത്തി അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപവരെയാകാവുന്ന അധികമായ പിഴശിക്ഷയുംകൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

21. കുറ്റങ്ങൾ ചെയ്യുന്നതിന് പ്രേരിപ്പിക്കൽ.—ഈ ആക്റ്റ്പ്രകാരമോ അതിൻ കീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുകയോ അല്ലെങ്കിൽ അത്തരം കുറ്റം ചെയ്യാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും അത്തരം കുറ്റത്തിന് ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

22. മറ്റു നിയമത്തിൻകീഴിലുള്ള ശിക്ഷയ്ക്ക് വിലക്കില്ലെന്ന്.—ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമാക്കിയിട്ടുള്ള ഏതെങ്കിലും പ്രവൃത്തിക്കോ വീഴ്ചയ്ക്കോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആളിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഈ ആക്റ്റിലെ യാതൊന്നും തടസ്സമാകുന്നതല്ല.

23. വാഹനങ്ങൾ കണ്ടുകെട്ടൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കാതെ മണൽ കടത്തുന്ന ഏതൊരാളും ശിക്ഷയ്ക്ക് വിധേയനാകുന്നതും കടത്തിക്കൊണ്ടുപോകാൻ ഉപയോഗിച്ച വാഹനം, പോലീസോ റവന്യൂ ഉദ്യോഗസ്ഥന്മാരോ കണ്ടുകെട്ടലിന് വിധേയമാക്കേണ്ടതുമാണ്.

വിശദീകരണം.—ഈ വകുപ്പിലെ ആവശ്യങ്ങൾക്കായി വാഹനം എന്നതിൽ 'നാടൻവള്ളവും ചങ്ങാടവും' ഉൾപ്പെടുന്നതുമാകുന്നു.

24. ഈ ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ 'കോഗ്നൈസബിൾ ആയിരിക്കുമെന്ന്'.—1973-ലെ ക്രിമിനൽ നടപടി നിയമത്തിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റ്പ്രകാരമുള്ള എല്ലാ കുറ്റങ്ങളും 'കോഗ്നൈസബിൾ' ആയിരിക്കുന്നതാണ്.

25. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—സർക്കാർ, ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഒരാളുടെയോ ജില്ലാ കളക്ടറുടെയോ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റിന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടേണ്ടതായ ഏതൊരു കുറ്റവും യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

## അദ്ധ്യായം VI

## പലവക

26. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.— (1) ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം എത്രയുംവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാല് ദിവസത്തേക്ക്— അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാം—വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും മാറ്റം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ മാറ്റം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു:

എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും മാറ്റം വരുത്തലോ അസാധുവാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

27. <u>പരിശോധനയ്ക്ക് സർക്കാരിനുള്ള അധികാരം</u>.— ഈ ആക്ടിൻകീഴിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് കീഴിലോ ഒരു ജില്ലാ വിദഗ്ദ്ധ സമിതിയോ കടവു കമ്മിറ്റിയോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമോ എടുത്ത ഏതൊരു തീരുമാനം സംബന്ധിച്ചും റിപ്പോർട്ട് വാങ്ങുന്നതിനും, ഫയൽ പരിശോധിക്കുന്നതിനും, അതിൻമേൽ ജില്ലാ വിദഗ്ദ്ധ സമിതി ചെയർമാന് മേൽനടപടികൾ സ്വീകരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

28. <u>മറ്റു നിയമങ്ങളിന്മേലുള്ള അതിപ്രഭാവം</u>.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

29. <u>മണലിന്റെ അളവ് തിട്ടപ്പെടുത്തൽ</u>.—സർക്കാരിന്, ഓരോ നദിയുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള സമ്പ്രദായത്തിലും രീതിയിലും വാരലിന് ലഭ്യമായ മണലിന്റെ അളവ് കാലാകാലങ്ങളിൽ തിട്ടപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

30. <u>അപ്പീൽ</u>.—(1) ഈ ആക്റ്റിൻകീഴിലോ, അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കുകീഴിലോ കടവു കമ്മിറ്റിയോ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിന്മേലോ, എടുത്ത തീരുമാനത്തിന്മേലോ, ആക്ഷേപമുള്ള ഏതൊരാൾക്കും പ്രസ്തുത തീരുമാനമോ, ഉത്തരവോ പുറപ്പെടുവിച്ച് പതിനഞ്ച് ദിവസത്തിനകം ജില്ലാ വിദഗ്ദ്ധ സമിതിയുടെ ചെയർമാന് അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം കിട്ടിയ ഏതൊരപ്പീലും അപ്പീൽ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം തീരുമാനം ആക്കേണ്ടതും, അപ്പീൽ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

31. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന് ഉത്തരവുമൂലം ആ വൈഷമ്യം നീക്കുന്നതിന് ആവശ്യമെന്ന് അവർക്ക് തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത യാതൊരു കാര്യവും ചെയ്യാവുന്നതാണ്.

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതുമുതൽ രണ്ട് വർഷത്തിനുശേഷം ഏതൊരു ഉത്തരവും ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരമുള്ള ഏതൊരു ഉത്തരവും അതുണ്ടാക്കിയതിനു ശേഷം ഏറ്റവും അടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ വയ്ക്കേണ്ടതാണ്.

REV-P3[illegible]022-REV

6021272/2022/REV

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. II / വാല്യം 2 | Thiruvananthapuram, Thursday / തിരുവനന്തപുരം, വ്യാഴം | 7th March 2013 / 2013 മാർച്ച് 7 / 16th Phalguna 1934 / 1934 ഫാൽഗുനം 16 | No. / നമ്പർ 693

## കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 10167/ലെഗ്. ബി2/2010/നിയമം. *തിരുവനന്തപുരം, 2013 മാർച്ച് 7. 1934 ഫാൽഗുനം 16.*

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2013 മാർച്ച് 7-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/1153/2013/DTP.

## 2013-ലെ 15-ാം ആക്റ്റ്

# 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ്

2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ :

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവൽസരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് 2012 നവംബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിലെ (2001-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) നിലവിലുള്ള (എ) ഖണ്ഡം (എഎ) ഖണ്ഡം ആയി പുനരക്ഷരം ചെയ്യേണ്ടതും, അപ്രകാരം പുനരക്ഷരം ചെയ്ത (എഎ) ഖണ്ഡത്തിനുമുമ്പായി, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(എ) "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ 2ബി വകുപ്പു പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ലാന്റ് റവന്യൂ കമ്മീഷണർ എന്നർത്ഥമാകുന്നതും അതിൽ പ്രസ്തുത വകുപ്പ് പ്രകാരം അദ്ദേഹത്തെ സഹായിക്കുന്നതിനായി സർക്കാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു;";

(ii) (ബി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) "സംസ്ഥാന ഉന്നതതല സമിതി" എന്നാൽ 2എ വകുപ്പു പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉന്നതതല സമിതി എന്നർത്ഥമാകുന്നു;";

(iii) (കെ) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(കെഎ) "പ്രത്യേക സംരക്ഷണ സേന" എന്നാൽ 26എ വകുപ്പു പ്രകാരം രൂപീകരിക്കുന്ന പ്രത്യേക സംരക്ഷണസേന എന്നർത്ഥമാകുന്നു.".

3. 2എ, 2ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ അദ്ധ്യായം II-ൽ 3-ാം വകുപ്പിന് മുമ്പായി താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"2എ. സംസ്ഥാന ഉന്നതതല സമിതിയുടെ രൂപീകരണം.—(1) ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾ സൂക്ഷ്മപരിശോധന നടത്തുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി, സർക്കാർ, ഗസറ്റ് വിജ്ഞാപനം മുഖേന, ഒരു സംസ്ഥാന ഉന്നതതല സമിതി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉന്നതതല സമിതി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | റവന്യൂ വകുപ്പുമന്ത്രി | .. | ചെയർമാൻ |
| (ii) | റവന്യൂ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി | .. | കൺവീനർ |
| (iii) | നിയമവകുപ്പ് സെക്രട്ടറി | .. | അംഗം |
| (iv) | ലാന്റ് റവന്യൂ കമ്മീഷണർ | .. | അംഗം |
| (v) | ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ ഡയറക്ടർ | .. | അംഗം |
| (vi) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ | .. | അംഗം |
| (vii) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർ | .. | അംഗം |
| (viii) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി ശാസ്ത്രജ്ഞർ | .. | അംഗങ്ങൾ |
| (ix) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി പ്രവർത്തകർ | ... | അംഗങ്ങൾ |

(3) സംസ്ഥാന ഉന്നതതല സമിതി, രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും, ചെയർമാൻ തീരുമാനിക്കുന്ന സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതാണ്.

(4) സംസ്ഥാന ഉന്നതതല സമിതി യോഗത്തിനുള്ള ക്വോറം അഞ്ച് ആയിരിക്കുന്നതും അതിൽ ഒരാൾ, (2)-ാം ഉപവകുപ്പിലെ (viii)-ാം ഇനത്തിൻകീഴിൽ വരുന്ന ഒരു ശാസ്ത്രജ്ഞൻ ആയിരിക്കേണ്ടതുമാണ്.

(5) ജില്ലാ വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ള യാതൊരു പദ്ധതിക്കും സംസ്ഥാന ഉന്നതതല സമിതി അംഗീകാരം നൽകിയിട്ടില്ലാത്തപക്ഷം ഭരണാനുമതി നൽകുവാൻ പാടുള്ളതല്ല.

(6) സംസ്ഥാന ഉന്നതതല സമിതിക്ക്, ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശിപാർശയില്ലാതെതന്നെ, അതിന് യുക്തമെന്ന് തോന്നുന്ന ഏതൊരു പദ്ധതിക്കും അംഗീകാരം നൽകുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(7) സംസ്ഥാന ഉന്നതല സമിതിയിലെ ഔദ്യോഗിക അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധി നാമനിർദ്ദേശ തീയതി മുതൽ മൂന്ന് വർഷം ആയിരിക്കുന്നതും പുനർനാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

(8) കാലാവധി പൂർത്തിയാക്കിയ അനൗദ്യോഗിക അംഗങ്ങൾക്ക്, അവർക്ക് പകരം പുതിയ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുവരെ സമിതിയിൽ തുടരാവുന്നതാണ്.

2ബി. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ.—(1) ലാന്റ് റവന്യൂ കമ്മീഷണർ, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ പൊതുമേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും ഈ ആവശ്യത്തിലേക്കായി സർക്കാർ ചുമതലപ്പെടുത്തുന്ന, ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത, ഉദ്യോഗസ്ഥൻ അദ്ദേഹത്തെ സഹായിക്കേണ്ടതുമാണ്.

(2) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കേണ്ട എല്ലാ ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.".

4. 3-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിൽ,—

(i) (എൽ) ഖണ്ഡത്തിൽ "രണ്ട് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾക്ക് പകരം "മൂന്ന് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (ഒ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(പി) ജില്ലയിൽ അധികാരിതയുള്ള റവന്യൂ ഡിവിഷണൽ ആഫീസർ അഥവാ റവന്യൂ ഡിവിഷണൽ ആഫീസർമാർ;

(ക്യൂ) ജില്ലയിലെ രജിസ്റ്റർ ചെയ്ത മണൽവാരൽ തൊഴിലാളി സംഘടനകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ;

(ആർ) ജില്ലയിലെ എല്ലാ താലൂക്കുകളിലെയും തഹസിൽദാർമാരും മണൽവാരൽ നിയന്ത്രണവുമായി ബന്ധപ്പെട്ട് അധികാരിതയുള്ള അഡീഷണൽ തഹസിൽദാർമാരും.".

(2) (3)-ാം ഉപവകുപ്പിൽ, "ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ" എന്ന വാക്കുകൾക്കു പകരം "ഹെഡ് ക്വാർട്ടേഴ്സിന്റെ ചുമതലയുള്ള റവന്യൂ ഡിവിഷണൽ ആഫീസർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. <u>4-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (ഐ) ഖണ്ഡത്തിൽ "രണ്ട് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾക്ക് പകരം "മൂന്ന് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ഐ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) പ്രസ്തുത പ്രദേശത്തെ, രജിസ്റ്റർ ചെയ്ത മണൽ വാരൽ തൊഴിലാളി സംഘടനകളിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നു പേർ.".

6. <u>9-ാം വകുപ്പിനുള്ള ഭേദഗതി.</u>—(1) പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ,—

(i) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അങ്ങനെ പുനരക്കമിട്ട (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ, "തുടങ്ങിയ വിദഗ്ദ്ധ സമിതികളുടെ" എന്ന വാക്കുകൾക്ക് ശേഷം, "അഥവാ സർക്കാർ അതതു സമയം വിനിർദ്ദേശിച്ചേക്കാവുന്ന, ഈ മേഖലയിലെ മറ്റ് ഏജൻസികളുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്;

(ii) (1)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ഏതെങ്കിലും കടവിനെ സംബന്ധിച്ച് 12-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കുവാൻ സാധ്യമല്ലാതിരിക്കുകയോ, അല്ലെങ്കിൽ നടപ്പിലാക്കാതിരിക്കുകയോ, ചെയ്യുകയാണെങ്കിൽ അങ്ങനെയുള്ള കടവിൽ നിന്നും മണൽ വാരുന്നതിന് ജില്ലാ വിദഗ്ദ്ധ സമിതി, അനുവാദം നൽകുവാൻ പാടില്ലാത്തതും മുമ്പ് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദാക്കേണ്ടതും ആകുന്നു.".

7. 12-ാം വകുപ്പിനുള്ള ഭേദഗതി:—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ "രാവിലെ 6 മണിക്ക് മുൻപും വൈകുന്നേരം 3 മണിക്ക് ശേഷവും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "രാവിലെ 7 മണിക്ക് മുൻപും വൈകുന്നേരം 4 മണിക്ക് ശേഷവും" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ "10" എന്ന അക്കത്തിനുപകരം "15" എന്ന അക്കം ചേർക്കേണ്ടതാണ്,

(iii) (5)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും ജലസേചന പദ്ധതിയിൽ നിന്നോ ജലവിതരണ പദ്ധതിയുടെ പമ്പിംഗ് സ്റ്റേഷനിൽ നിന്നോ തടയണയിൽ നിന്നോ അവയുടെ സംരക്ഷണഭിത്തിയിൽ നിന്നോ നദീതീരത്തുവച്ച് നടത്തുന്ന ഏതെങ്കിലും മതപരമോ സാംസ്കാരികമോ ആയ പ്രവർത്തനവേദിയിൽ നിന്നോ 500 മീറ്റർ ദുരത്തിനുള്ളിൽ, യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്തുവാൻ പാടുള്ളതല്ല.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി "ജലവിതരണ പദ്ധതി" എന്ന പദപ്രയോഗത്തിന് 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിൽ (2003-ലെ 31) നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.";

(iv) (10)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(11) ഒരു കടവിലെ മണൽവാരൽ പ്രവർത്തനങ്ങളും അത്തരം മണൽ കടത്തിക്കൊണ്ടുപോകുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മാത്രമേ ചെയ്യുവാൻ പാടുള്ളൂ.".

8. 15-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) കടവുകൾ അനുവദിച്ചിട്ടുള്ള സ്ഥലങ്ങൾ ഒഴികെ മണൽ വാരുന്നതിനും നീക്കം ചെയ്യുന്നതിനും സാധ്യതയുള്ള മറ്റെല്ലാസ്ഥലങ്ങളും, യാതൊരു വാഹനവും നദീതീരത്തേക്ക് കൊണ്ടുവരുന്നില്ലെന്നും അനധികൃത മണൽ വാരലും നീക്കം ചെയ്യലും നടത്തുന്നില്ലെന്നും ഉറപ്പ് വരുത്തുന്നതിലേക്കായി, ചങ്ങലകളും തൂണുകളും സ്ഥാപിച്ച് അടയ്ക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള സ്ഥലങ്ങളുടെ അടയ്ക്കൽ 1882-ലെ ഇന്ത്യൻ ഈസ്മെന്റ് ആക്റ്റ് (1882-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഏതെങ്കിലും ആൾക്ക് സിദ്ധിച്ചിട്ടുള്ള യാതൊരു അവകാശത്തെയും ബാധിക്കുവാൻ പാടുള്ളതല്ല.

(6) മണൽ വാരുവാൻ അനുവദിച്ചിട്ടുള്ള ഭാഗങ്ങൾ വ്യക്തമായ അടയാളങ്ങൾ ഉപയോഗിച്ച് വേർതിരിക്കേണ്ടതാണ്.

(7) മണൽ വാരുന്നതിനും നീക്കം ചെയ്യുന്നതിനും ഉപയോഗിക്കുന്ന എല്ലാ വള്ളങ്ങൾക്കും, 23-ാം വകുപ്പിലെ വിശദീകരണത്തിൻകീഴിൽ വരുന്ന അങ്ങനെയുള്ള മറ്റു വാഹനങ്ങൾക്കും പ്രത്യേക തിരിച്ചറിയൽ നമ്പർ നൽകേണ്ടതും അപ്രകാരം നമ്പരില്ലാത്ത വാഹനങ്ങളിൽ മണൽ വാരുന്നതിനും നീക്കം ചെയ്യുന്നതിനും അനുവാദം നൽകുവാൻ പാടില്ലാത്തതുമാകുന്നു.".

9. 17-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (4)-ാം ഉപവകുപ്പിൽ "ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാപനത്തിന്റെ സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാപനത്തിന്റെ സെക്രട്ടറിയും ആ ജില്ലയിലുള്ള ഓരോ പഞ്ചായത്തിനുംവേണ്ടി ജില്ലാ കളക്ടർ ഔദ്യോഗികമായി നാമനിർദ്ദേശം ചെയ്യാവുന്ന, റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (5)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) (1)-ാം ഉപവകുപ്പ് പ്രകാരം കടവോ നദീതീരമോ പരിപാലിക്കുന്നതിന് ആവശ്യമായ ചെലവുകൾ വഹിക്കുന്നതിനുള്ള തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കുമായി ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.".

10. 23-ാം വകുപ്പിന് പകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"23. വാഹനം, കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങൾ, പണിആയുധങ്ങൾ മുതലായവ പിടിച്ചെടുക്കൽ.—ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പാലിക്കാതെ, ഏതെങ്കിലും ആൾ ഒരു കടവിൽ നിന്നും മണൽ വാരുകയോ അവിടെ നിന്നും മണൽ കടത്തിക്കൊണ്ട് പോകുകയോ ചെയ്യുന്നപക്ഷം റവന്യൂ വകുപ്പിലെ വില്ലേജാഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ അഥവാ സ്റ്റേഷൻ ഹൗസ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ അഥവാ പ്രത്യേക സംരക്ഷണ സേനയിലെ ഒരംഗമോ, അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചതോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ പണിയായുധങ്ങൾ, ഉപകരണങ്ങൾ, കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങൾ, വാഹനങ്ങൾ, മറ്റു സാധനങ്ങൾ എന്നിവ മണൽ ഉൾപ്പെടെ, പിടിച്ചെടുക്കേണ്ടതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി 'വാഹനം' എന്ന പദപ്രയോഗത്തിൽ നാടൻവള്ളം, ചങ്ങാടം, മറ്റേതെങ്കിലും യാനം എന്നിവ കൂടി ഉൾപ്പെടുന്നതാണ്.

23എ. മണൽ, വാഹനങ്ങൾ മുതലായവ കണ്ടുകെട്ടൽ.—(1) 23-ാം വകുപ്പ് പ്രകാരം ഏതെങ്കിലും വസ്തുക്കൾ പിടിച്ചെടുക്കുന്ന സംഗതിയിൽ, അപ്രകാരമുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്ന ഉദ്യോഗസ്ഥൻ, പ്രസ്തുത വസ്തുക്കളിൻമേൽ എല്ലാം അവ പിടിച്ചെടുത്തതാണ് എന്ന് സൂചിപ്പിക്കുന്നതിനുള്ള ഒരു മുദ്ര വയ്ക്കേണ്ടതും, പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, അപ്രകാരം വസ്തുക്കൾ പിടിച്ചെടുത്ത് 48 മണിക്കൂറിനകം, അങ്ങനെ പിടിച്ചെടുത്തതായി, പ്രസ്തുത വസ്തുക്കൾ പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെയും സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെയും ഓരോ റിപ്പോർട്ട് നൽകേണ്ടതും അങ്ങനെ പിടിച്ചെടുത്ത വിവരം വസ്തുക്കൾ പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറെക്കൂടി അറിയിക്കേണ്ടതുമാണ്. ഇപ്രകാരം വസ്തുക്കൾ പിടിച്ചെടുത്തത് സംബന്ധിച്ച വിവരം ലഭിക്കുന്നപക്ഷം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 102-ാം വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് അധികാരിതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ ലഭിക്കുന്നപക്ഷം അതിൻമേൽ, ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും പിടിച്ചെടുത്ത വസ്തുക്കൾ സംബന്ധിച്ച് യാതൊരു അവകാശ വാദവും ഉന്നയിക്കാതിരിക്കുകയോ അവ വിട്ടുകിട്ടുവാനുള്ള അപേക്ഷ തൃപ്തികരമല്ലെന്ന് കോടതിക്ക് ബോധ്യപ്പെടുകയോ ചെയ്യുന്നപക്ഷം അവ (4)-ാം ഉപവകുപ്പ് പ്രകാരമുള്ള കണ്ടുകെട്ടലിന് വിധേയമാക്കേണ്ടതുമാണ്:

എന്നാൽ, പിടിച്ചെടുത്ത വസ്തു അതിന്റെ ശരിയായ സൂക്ഷിപ്പിനുവേണ്ടി ഏതൊരാൾക്കും നൽകുകയോ, വിട്ടുകൊടുക്കുകയോ ചെയ്യുന്നത് മതിയായ ഈടിൻമേൽ ആയിരിക്കേണ്ടതും അങ്ങനെ നൽകുകയോ വിട്ടുകൊടുക്കുകയോ ചെയ്യുന്നത് ഈ ആക്റ്റ് പ്രകാരമുള്ള കണ്ടുകെട്ടൽ നടപടികൾ പൂർത്തിയാകുന്നതുവരെ മാത്രമായിരിക്കേണ്ടതുമാണ്:

എന്നുമാത്രമല്ല, യാതൊരു കാരണവശാലും പിടിച്ചെടുത്ത മണൽ യാതൊരാൾക്കും വിട്ടുകൊടുക്കാൻ പാടില്ലാത്തതും ആയത് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള കണ്ടുകെട്ടലിന് വിധേയമാക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് ഒരു സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ലഭിക്കുന്നപക്ഷം 23-ാം വകുപ്പ് പ്രകാരം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ, നോട്ടീസിൽ പറയുന്ന പ്രകാരമുള്ള നിശ്ചിതസമയത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, വാഹനത്തിന്റെയോ പണിയായുധങ്ങളുടേയോ ഉപകരണങ്ങളുടേയോ കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങളുടെയോ മറ്റ് വസ്തുക്കളുടെയോ ഉടമസ്ഥന് അഥവാ അതിന്റെ നിയന്ത്രണമുള്ള ആൾക്ക് ഒരു നോട്ടീസ് നൽകേണ്ടതാണ്.

(4) പിടിച്ചെടുത്ത വസ്തുക്കളുടെ ഉടമസ്ഥനോ അഥവാ അതിന്റെ നിയന്ത്രണമുള്ള ആളോ വിശദീകരണം നൽകാതിരിക്കുകയോ നൽകിയ വിശദീകരണം തൃപ്തികരമല്ലാതിരിക്കുകയോ ചെയ്യുകയും 23-ാം വകുപ്പ് പ്രകാരം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടേണ്ടതാണെന്ന് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് ബോദ്ധ്യപ്പെടുകയും ചെയ്താൽ അദ്ദേഹം, ഒരു ഉത്തരവുമൂലം അത് കണ്ടുകെട്ടേണ്ടതും, ആ വിവരം അവയുടെ ഉടമസ്ഥനെയോ അഥവാ അതിന്റെ നിയന്ത്രണമുള്ള ആളിനെയോ രേഖാമൂലം അറിയിക്കേണ്ടതുമാണ്:

എന്നാൽ, പിടിച്ചെടുത്ത വസ്തുക്കളുടെ ഉടമസ്ഥനോ അഥവാ അവയുടെ നിയന്ത്രണമുള്ള ആൾക്കോ, കണ്ടുകെട്ടിയ വസ്തുക്കൾക്ക് പകരമായി, മണൽ ഒഴികെ, കണ്ടുകെട്ടിയ വസ്തുക്കളുടെ, ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിലയ്ക്ക് തുല്യമായ തുക അടച്ചുകൊണ്ട് അവ വീണ്ടെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകേണ്ടതാണ്:

എന്നുമാത്രമല്ല, യാതൊരു കാരണവശാലും വില ഈടാക്കിക്കൊണ്ട്, കണ്ടുകെട്ടിയ മണൽ വിട്ടുകൊടുക്കാൻ പാടുള്ളതല്ല.

(5) (4)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച തുക 23ഡി വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

(6) (4)-ാം ഉപവകുപ്പ് പ്രകാരം കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതും അപ്രകാരം ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

(7) ഈ വകുപ്പ് പ്രകാരം കണ്ടുകെട്ടൽ നടത്തുന്നത് പ്രസ്തുത കുറ്റത്തിന് ഈ ആക്റ്റ് പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള ശിക്ഷയ്ക്ക് പുറമേ ആയിരിക്കുന്നതാണ്.

23ബി. <u>ജില്ലാ കളക്ടർക്കുള്ള റിവിഷൻ.</u>—23എ വകുപ്പ് പ്രകാരമുള്ള കണ്ടുകെട്ടൽ ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും, പ്രസ്തുത ഉത്തരവിന്റെ തീയതി മുതൽ 15 ദിവസത്തിനകം ജില്ലാ കളക്ടർക്ക് റിവിഷൻ നൽകാവുന്നതും പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കേണ്ടതാണ് എന്ന് രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം, അദ്ദേഹത്തിന് പ്രസ്തുത ഉത്തരവ് പുതുക്കുകയോ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ, സമയപരിധിക്കുള്ളിൽ റിവിഷൻ ഫയൽ ചെയ്യാതിരുന്നതിന് റിവിഷൻ അപേക്ഷകന് മതിയായ കാരണങ്ങളുണ്ടായിരുന്നുവെന്ന് ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം ആദ്ദേഹത്തിന് 15 ദിവസം വരെയുള്ള കാലതാമസം മാപ്പാക്കാവുന്നതും എന്നാൽ അതിനുശേഷമുള്ള കാലതാമസം മാപ്പാക്കുവാൻ പാടില്ലാത്തതുമാകുന്നു.

23സി. <u>ജില്ലാ കോടതിക്കുള്ള അപ്പീൽ.</u>—(1) 23ബി വകുപ്പിൻകീഴിലുള്ള, ജില്ലാ കളക്ടറുടെ ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും, ജില്ലാ കളക്ടറുടെ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം വസ്തു പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള ജില്ലാ കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീലിൻമേൽ ജില്ലാ കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

23ഡി. കണ്ടുകെട്ടിയ വസ്തു അഥവാ കണ്ടുകെട്ടലിന് പകരമായി നൽകിയ തുക മടക്കി നൽകൽ.—23ബി വകുപ്പ് പ്രകാരം ഫയൽ ചെയ്ത റിവിഷനിൽ ജില്ലാ കളക്ടറോ, അഥവാ 23സി വകുപ്പ് പ്രകാരം ഫയൽ ചെയ്ത അപ്പീലിൽ ജില്ലാ കോടതിയോ, അതത് സംഗതിപോലെ, 23എ വകുപ്പ് അഥവാ 23ബി വകുപ്പ് പ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്താൽ, കണ്ടുകെട്ടിയ വസ്തുക്കളോ അഥവാ കണ്ടുകെട്ടലിന് പകരമായി നൽകിയ തുകയോ അവയുടെ ഉടമസ്ഥനോ അഥവാ അവയുടെ നിയന്ത്രണമുള്ള ആൾക്കോ തിരിച്ചുനൽകേണ്ടതും തുക തിരിച്ച് നൽകുന്ന സംഗതിയിൽ അത് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകേണ്ടതുമാണ്.".

11. 25-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 25-ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"25. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—(1) അധികാരിതയുള്ള കോടതിക്ക്, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റമാണെന്നുള്ള വിവരങ്ങൾ കാണിച്ചുകൊണ്ട്, 23-ാം വകുപ്പിൽ പരാമർശിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെയോ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റിന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലോ 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 173-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു പോലീസ് റിപ്പോർട്ടിന്മേലോ അങ്ങനെയുള്ള കുറ്റം വിചാരണയ്ക്കെടുക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥന് ബോധ്യമാകുന്നപക്ഷം അദ്ദേഹം അത് സംബന്ധിച്ച് എത്രയും പെട്ടെന്ന് അധികാരിതയുള്ള മജിസ്ട്രേറ്റ് കോടതി മുൻപാകെ ഒരു പരാതി ബോധിപ്പിക്കേണ്ടതാണ്.".

12. 26എ, 26ബി, 26സി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പിനുശേഷം, താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"26എ. പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും തടയുന്നതിനും ഓരോ കടവിലും ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വേണ്ടി, സർക്കാർ, ഒരു പ്രത്യേക സംരക്ഷണ സേന രൂപീകരിക്കേണ്ടതാണ്.

(2) പ്രത്യേക സംരക്ഷണസേനയുടെ ഘടനയും അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

26ബി. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരമുള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതൊരു കാര്യം സംബന്ധിച്ചും യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ ഏതൊരാൾക്കും എതിരെ നിലനിൽക്കുന്നതല്ല.

26സി. ചില ഉദ്യോഗസ്ഥർ പബ്ലിക് സെർവന്റുമാരായി കരുതപ്പെടുമെന്ന്.—23, 23എ, 25 എന്നീ വകുപ്പുകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സെർവന്റായി കരുതപ്പെടുന്നതാണ്.".

13. സാധൂകരണവും താൽക്കാലിക വ്യവസ്ഥകളും.—2011-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2011-ലെ 20) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യത്തിലില്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ 2010 ജൂൺ 14-ാം തീയതി മുതൽ 2011 ജൂലൈ 13-ാം തീയതി വരെ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ എല്ലാ കാര്യങ്ങളും എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ എല്ലാ നടപടികളും സാധുവായി കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത കാലയളവിൽ പിടിച്ചെടുത്ത വസ്തുക്കൾ സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം പ്രോസിക്യൂഷൻ നടപടികളും കണ്ടുകെട്ടൽ നടപടികളും തുടരാവുന്നതും;

ആകുന്നു:

എന്നാൽ, 2011 ജൂലൈ 13-ാം തീയതി മുതൽ 2012-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2012-ലെ 60) പ്രാബല്യത്തിൽ വന്ന തീയതി വരെയുള്ള കാലയളവിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

14. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2013-ലെ 17) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

GOVERNMENT OF KERALA

**Law (Legislation-B) Department**

NOTIFICATION

No.10167/Leg. B2/2010/Law. *Dated, Thiruvananthapuram,* *7th March, 2013. / 16th Phalguna, 1934.*

In pursuance of clause (3) of article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Protection of River Banks and Regulation of Removal of Sand (Amendment) Act, 2013 (15 of 2013).

By order of the Governor,

C. K. Padmakaran,

*Special Secretary (Law).*

[Translation in English of "2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 15 OF 2013

## THE KERALA PROTECTION OF RIVER BANKS AND REGULATION OF REMOVAL OF SAND (AMENDMENT) ACT, 2013

*An Act to amend the Kerala Protection of River Banks and Regulation of Removal of Sand Act, 2001.*

*Preamble.*—WHEREAS, it is expedient to amend the Kerala Protection of River Banks and Regulation of Removal of Sand Act, 2001 for the purposes hereinafter appearing;

BE it enacted in the Sixty-fourth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Protection of River Banks and Regulation of Removal of Sand (Amendment) Act, 2013.

(2) It shall be deemed to have come into force on the 25th day of November, 2012.

2. *Amendment of section 2.*—In section 2 of the Kerala Protection of River Banks and Regulation of Removal of Sand Act, 2001 (18 of 2001) (hereinafter referred to as the principal Act),—

(i) the existing clause (a) shall be re-lettered as clause (aa) and before clause (aa) as so re-lettered, the following clause shall be inserted, namely:—

"(a) "authorised officer" means the Commissioner of Land Revenue authorised under section 2B and includes the officer entrusted by the Government under the said section to assist him;";

(ii) after clause (b), the following clause shall be inserted, namely:—

"(ba) "State High Level Committee" means the State High Level Committee constituted under section 2A;";

(iii) after clause (k), the following clause shall be inserted, namely:—

"(ka) "Special Protection Force" means the Special Protection Force constituted under section 26A;".

3. *Insertion of new sections 2A and 2B.*—In Chapter II of the principal Act, before section 3, the following sections shall be inserted, namely:—

"2A. *Constitution of State High Level Committee.*—(1) The Government shall, by notification in the Gazette, constitute a State High Level Committee to scrutinize the schemes recommended by the District Expert Committee and to grant approval to them.

(2) The State High Level Committee constituted under sub-section (1) shall consist of the following members, namely:—

| | | | |
|---|---|---|---|
| (i) | The Minister for Revenue | .. | Chairman |
| (ii) | The Secretary to Government in-charge of the Revenue Department | .. | Convener |
| (iii) | Law Secretary | .. | Member |
| (iv) | The Commissioner of Land Revenue | .. | Member |
| (v) | Director of the Centre for Earth Science Studies | .. | Member |
| (vi) | One Additional Director General of Police to be nominated by the Government | .. | Member |
| (vii) | Chief Engineer of the Irrigation Department to be nominated by the Government | .. | Member |
| (viii) | Two Environmental Scientists to be nominated by the Government | .. | Members |
| (ix) | Two Environmentalists to be nominated by the Government | .. | Members |

(3) The State High Level Committee shall meet at least once in two months at such time and place as the Chairman may decide.

(4) The quorum for the meeting of the State High Level Committee shall be five and one among them shall be a scientist under item (viii) of sub-section (2).

(5) No Administrative sanction shall be given to any scheme recommended by the District Expert Committee unless it is approved by the State High Level Committee.

(6) The State High Level Committee shall have the power to give approval to any scheme as it may deem fit, even without recommendation of the District Expert Committee.

(7) The term of the members other than official members in the State High Level Committee, shall be three years from the date of nomination and shall be eligible for re-nomination.

(8) The non-official members who have completed their term may, continue in the Committee till new members are nominated in their place.

2B. *Authorised Officer.*—(1) The Commissioner of Land Revenue shall be the authorised officer to exercise overall supervision of the implementation of the provisions of this Act and he shall be assisted by an officer not below the rank of Joint Land Revenue Commissioner entrusted by the Government for the purpose.

(2) All officers to act under the provisions of this Act shall be bound to comply with the directions given by the authorised officer.".

4. *Amendment of section 3.*—In section 3 of the principal Act,—

(1) in sub-section (2),—

(i) in clause (l), for the words "two Environmentalists", the words "three Environmentalists" shall be substituted ;

(ii) after clause (o), the following clauses shall be inserted, namely:—

"(p) Revenue Divisional Officer or Revenue Divisional Officers having jurisdiction in the district ;

(q) three persons to be nominated by the Government from among the registered organisaton of sand removing workers of the district ;

(r) Tahasildars of all the Taluks in the district and the Additional Tahasildars having jurisdiction in relation to regulation of sand removal in the district.";

(2) In sub-section (3), for the words, "the Executive Engineer of the Irrigation Department", the words "the Revenue Divisional Officer in-charge of the Headquarters" shall be substituted.

5. *Amendment of section 4.*—In sub-section (1) of section 4 of the principal Act,—

(i) in clause (i), for the words "two Environmentalists", the words "three Environmentalists" shall be substituted ;

(ii) after clause (i), the following clause shall be substituted, namely:—

"(j) three persons to be nominated by the District Collector from among the registered organisatons of sand removing workers of the said area.".

6. *Amendment of section 9.*—In section 9 of the principal Act,—

(i) the existing section shall be numbered as sub-section (1) thereof and in clause (b) of sub-section (1) as so numbered, after the words "of expert agencies like the Centre for Earth Science Studies and Centre for Water Resources Development and Management", the words "or other agencies in the sector, as may be specified by the Government from time to time" shall be inserted;

(ii) after sub-clause (1), the following sub-clause shall be inserted, namely :—

"(2) Where it is not possible to implement the conditions referred to in section 12 or are not being implemented, the District Expert Committee shall not grant permission to remove sand from any Kadavu or cancel the permission granted as the case may be.".

7. *Amendment of section 12.*—In section 12 of the principal Act,—

(i) in sub-section (2), for the words and figures, "before 6 a.m. and after 3 p.m.", the words and figures "before 7 a.m. and after 4 p.m." shall be substituted;

(ii) in sub-section (4), for the figure "10" the figure "15" shall be substituted ;

(iii) for sub-section(5), the following sub-section shall be substituted, namely:—

"(5) No sand removal operation shall be carried out within a distance of 500 metres from any bridge or any irrigation project or pumping station of water supply projects or check dams or from their retaining wall or the venue of any religious or cultural activities conducted on river bank or the sand bank in river or in part of the river.

*Explanation.*—For the purpose of this sub-section, the expression "water supply project" shall have the same meaning as assigned in the Kerala Irrigation and Water Conservation Act, 2003 (31 of 2003),";

(iv) after sub-section (10), the following sub-section shall be inserted, namely:—

"(11) The sand removal operations in a kadavu and transportation of such sand shall be carried out, only subject to such conditions and restrictions, as may be prescribed.".

8. *Amendment of section 15.*—In section 15 of the principal Act, after sub-section (4), the following sub-sections shall be inserted, namely:—

"(5) All places, where sand removal and transportation are possible other than the places where the Kadavus are permitted, shall be closed by putting up of chains and pillars so as to ensure that no vehicles are taken to river bank and no illegal sand removal and transportation are carried on:

Provided that the closure of such places shall not affect any right accrued to any person under the Indian Easement Act, 1882 (Central Act 5 of 1882).

(6) the areas from where sand is permitted to be removed shall be demarcated by visible marks.

(7) All country boats used for collection and removal of sand and such other vehicles coming under the Explanation to section 23 shall be given separate identity number and no permission shall be given for collection and removal of sand in the vehicles having no such number.".

9. *Amendment of section 17.*—In section 17 of the principal Act,—

(i) in sub-section (4), for the words "the Secretary of the local authority concerned", the words "the Secretary of the local authority concerned and an officer of the Revenue Department as may be, officially nominated by the District Collector, for each Panchayath in that district" shall be substituted.

(ii) after sub-section (5) the following sub-section shall be inserted, namely:—

"(6) The amount required for defraying the expenditure towards management of the kadavu or riverbank under sub-section (1), shall be appropriated from the Fund in the manner and for such purposes as may be prescribed.".

10. *Substitution of new sections for section 23.*—For section 23 of the principal Act, the following sections shall be substituted, namely:—

"*23. Seizure of vehicle, loading equipments, tools etc.*—Where any person removes sand from any Kadavu or transport sand there from without complying with the provisions of this Act or the rules made thereunder, the tools, implements, loading equipments, vehicles and other articles used or intended to be used for such activities, including sand, shall be seized by an officer not below the rank of a Village Officer of the Revenue Department or a police officer not below the rank of a station house officer or a member of the Special Protection Force.

*Explanation:*—For the purposes of this section, the term 'vehicle' shall also include country boat, raft and any other vessel.

23A. *Confiscation of sand, vehicles, etc.*—(1) Where any property is seized under section 23, the officer seizing such property shall seal all such properties for indicating that the same is seized and shall, whether prosecution proceedings have been initiated or not, within forty eight hours of such seizure make a report of such seizure before the Judicial Magistrate and before the Sub Divisional Magistrate having jurisdiction over the area from where the said properties are seized and the fact of such seizure shall be informed to the Station House Officer of the Police Station, having jurisdiction over the area. Where information regarding such seizure of property is received, the police officer concerned shall take steps under section 102 of the Code of Criminal Procedure, 1973 (Central Act 2 of 1974).

(2) Where a report under sub-section (1) is received before the Judicial Magistrate having jurisdiction, steps thereon, not contrary to the other provisions of this Act, shall be taken as per the provisions of the Code of Criminal Procedure, 1973 (Central Act 2 of 1974) and, if no claim is raised regarding the articles seized or where the Court is satisfied that the application to release them is not satisfactory, they shall be subjected to confiscation under sub-section (4):

Provided that the release of the properties seized to any person, for its safe custody, to any person or its disposal, shall be on sufficient security and such release or disposal shall only be till the completion of the confiscation proceedings under this Act:

Provided further that the sand seized shall not, for any reason, be released to any person and the same shall be subjected to confiscation under sub-section (4).

(3) Where a report under sub-section (1) is received before a Sub-Divisional Magistrate, a notice requiring to furnish in writing within the stipulated time as stated in the notice, the reasons, if any, for not confiscating the property seized under section 23, shall be issued to the owner of, or the person having control of, the vehicle, tool, implements, loading equipment, or other article.

(4) Where the owner of the properties seized or the person having control of the same does not furnish explanation or the explanation given is not satisfactory, and the Sub Divisional Magistrate is satisfied that the properties seized under section 23 are to be confiscated, he shall, by an order, confiscate the same and the fact shall be informed in writing to its owner or the person having its control:

Provided that the owner of the properties seized or the person having its control shall be given the liberty to reclaim it, except sand, by remitting an amount equal to the value of the confiscated articles, as fixed by the Collector, in lieu of the properties confiscated:

Provided further that the sand confiscated shall not for any reason, be released by realising the value.

(5) The amount received under sub-section (4) shall, subject to the provisions of section 23D, be remitted to the River Management Fund.

(6) The sand confiscated under sub-section (4) shall be sold to Nirmithi Kendra or to 'Kalavara' at such rate, as may be fixed by the Public Works Department from time to time and such amount shall be remitted to the River Management Fund.

(7) The confiscation under this section shall be in addition to the penalty provided for the offence under this Act.

*23B. Revision to the District Collector.*—Any person aggrieved by an order of confiscation under section 23A may, within fifteen days from the date of such order, prefer a revision to the District Collector and where the District Collector is satisfied on the basis of documents that the said order requires reconsideration, he may revise, amend or cancel such order:

Provided that where the District Collector is satisfied that the revision petitioner had sufficient cause for not filing the revision within the time limit, he may condone the delay up to 15 days, but further delay shall not be condoned.

*23C. Appeal to the District Court.*—(1) Any person aggrieved by an order of the District Collector under section 23B may, within thirty days from the date of order of the District Collector, file an appeal before the District Court having jurisdiction over the area from where the property is seized.

(2) The decision of the District Court on the appeal under sub-section (1) shall be final.

*23D. Return of the confiscated article or the amount paid in lieu of confiscation.*—Where the District Collector, in a revision filed under section 23B or the District Court in an appeal filed under section 23C, amend or cancel an order under section 23A or section 23B, as the case may be, the articles confiscated or the amount paid in lieu of confiscation shall be returned to the owner or person having its control and in case of refund of the amount, it shall be paid from the River Management Fund.".

11. *Amendment of section 25.*—For section 25 of the principal Act, the following section shall be substituted, namely:—

"25. *Cognizance of offences.*—(1) The Court having jurisdiction may, upon a written complaint by an officer referred to in section 23 or of a Geologist of the Mining and Geology Department or upon a police report under sub-section (2) of section 173 of the Code of Criminal Procedure, 1973 (Central Act 2 of 1974), constituting an offence under this Act, take cognizance of such offence.

(2) Where an officer referred to under sub-section (1) is satisfied that an offence under this Act has been committed, he shall, as soon as may be, file a complaint relating to that, before the Magistrate Court having jurisdiction.".

12. *Insertion of new sections 26A, 26B and 26C.*—After section 26 of the principal Act, the following new sections shall be inserted, namely:—

"*26A. Constitution of Special Protection Force.*—(1) The Government shall, for the purpose of preventing any activity violating the provisions of this Act and to ensure the compliance of the provisions of this Act in each Kadavu, constitute a Special Protection Force.

(2) The composition, powers and functions of the Special Protection Force shall be such as may be prescribed.

*26B. Protection of action taken in good faith.*—No litigation, prosecution or other legal proceeding shall lie against any person in respect of anything done or intended to be done in good faith for performing the duties and functions under this Act or the rules made thereunder.

*26C. Certain officers to be deemed to be public servants.*—Any officer authorised under section 23, section 23 A and section 25 shall be deemed to be a public servant within the meaning of section 21 of the Indian Penal Code, 1860 (Central Act 45 of 1860).".

13. *Validation and temporary provisions.*—Notwithstanding the cesser of operation of the Kerala Protection of River Banks and Regulation of Removal of Sand (Amendment) Ordinance, 2011 (20 of 2011) (hereinafter referred to as the said Ordinance),—

(a) Everything done or deemed to have been done and every action taken or deemed to have been taken from the 14th day of June, 2010 to the 13th day of July, 2011 under the principal Act as amended by the said Ordinance shall be deemed to be valid;

(b) the prosecution proceedings and the confiscation proceedings in respect of the properties seized during the said period as per the provisions of the principal Act as amended by the said Ordinance, so far as they are not inconsistent with the provisions of the principal Act as amended by this Act, may be continued:

Provided that no person accused of an offence under the principal Act as amended by the said Ordinance, during the period from the 13th day of July, 2011 to the date of commencement of the Kerala Protection of River Banks and Regulation of Removal of Sand (Amendment) Ordinance, 2012 (60 of 2012) shall be liable to be convicted.

14. *Repeal and saving.*—(1) The Kerala Protection of River Banks and Regulation of Removal of Sand (Amendement) Ordinance, 2013 (17 of 2013) is hereby repealed.

(2) Notwithstanding such repeal, anything done or demeed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് -കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം - 2001 - കുളത്തുപ്പുഴ നദിയിൽ നിന്നും മണൽ വാരുന്നതിനായി കൊല്ലം ജില്ലയുടെ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) തയ്യാറാക്കുന്നതിനായി CSIR - NIIST , തിരുവനന്തപുരം സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1372/2023/RD തീയതി,തിരുവനന്തപുരം, 28-03-2023

പരാമർശം:-

1. 14.02.2022-ലെ GO(Rt)No.694/2022/RD നമ്പർ സർക്കാർ ഉത്തരവ്.
2. പ്രിൻസിപ്പൽ ചീഫ് കൺസെർവേറ്റർ ഓഫ് ഫോറസ്റ്റ്-ന്റെ 05.04.2022-ലെ Pro (12)-247250/2022 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 15.07.2022, 26.11.2022, എന്നീ തീയതികളിലെ LR/5755/2022-LR (K1)നമ്പർ കത്തുകൾ.
4. ILDM ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 23.09.2022, 03.11.2022 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളുടെ നടപടി കുറിപ്പുകൾ.
5. സംസ്ഥാന ഉന്നതതല സമിതിയുടെ 23.02.2023-ലെ യോഗ നടപടി കുറിപ്പ്.

**ഉത്തരവ്**

സംസ്ഥാനത്തെ 16 നദികളിൽ നിന്ന് നിയമാനുസൃത മണൽ ഖനനം നടത്തുന്നതിനാവശ്യമായ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനാവശ്യമായ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) (പത്തു ജില്ലകളുടെ) നിർമ്മിക്കുന്നതിനായി CSIR (Council of Scientific & Industrial Research) - NIIST (National Institute for Interdisciplinary Science and Technology) , തിരുവനന്തപുരം സമർപ്പിച്ച 2.23- കോടി രൂപയുടെ പ്രൊപ്പോസൽ പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം അംഗീകരിച്ചു ഉത്തരവായിരുന്നു .

ടി പത്തു ജില്ലകളിൽ കൊല്ലം ജില്ല ഉൾപ്പെട്ടിരുന്നില്ല. തുടർന്ന് കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ നദിയിലെ മിൽപ്പാലം , ചോഴിയക്കോട് എന്നീ കടവുകളിൽ നിന്നും മണൽ വാരുന്നതിനായി പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനായി ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നതിനായി CSIR-NIIST തിരുവനന്തപുരം-നെ ചുമതലപ്പെടുതുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസെർവേറ്റർ ഓഫ് ഫോറസ്റ്റ്, പരാമർശം (2) പ്രകാരമുള്ള അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു.

തുടർന്ന് ടി വിഷയത്തിന്മേൽ കൊല്ലം ജില്ലയെ 11-ാംമതു ജില്ലയായി ഉൾപ്പെടുത്തി DSR തയ്യാറാക്കുന്നതിനായി CSIR -NIIST - നെ ചുമതലപ്പെടുത്തുന്നതിന്റെ ഭാഗമായി ടി സ്ഥാപനവുമായി ആവശ്യമായ ചർച്ചകൾ നടത്തി terms & conditions ഉൾപ്പെടെ സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്കു നിർദേശം നൽകിയിരുന്നു.

കുളത്തൂപ്പുഴ പുഴ റിസർവ് വനത്തിലൂടെ ഒഴുകുന്നതിനാൽ 1980 -ലെ വന സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മണൽ വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും കുളത്തുപ്പുഴയുടെ മണൽ ഖനനത്തിനായി സംസ്ഥാന വനം വകുപ്പ്, കേന്ദ്ര വനം - കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി നേടിയിട്ടുള്ളതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ, പരാമർശം (3)-ലെ 15.07.2022-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി .

കൂടാതെ NABET (National Accreditation Board for Education and Training) accreditation, mining സെക്ടറിൽ നിലവിലുള്ള സംസ്ഥാനത്തെ ഏക സ്ഥാപനമായ CSIR - NIIST എന്ന സ്ഥാപനത്തെ 10 ജില്ലകളുടെ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ കൊല്ലം ജില്ലയുടെ DSR തയ്യാറാക്കുന്നതിന് ടി സ്ഥാപനത്തെ സമീപിക്കുന്നതാണ് ഉചിതം എന്നും, കൂടാതെ മുൻപ് കുളത്തുപ്പുഴയുടെ സാന്റ് ആഡിറ്റ്, റവന്യൂ വകുപ്പ് നടത്തിയപ്പോൾ ചെലവായ തുക വനം വകുപ്പ് വഹിച്ച മാതൃകയിൽ കൊല്ലം ജില്ലയുടെ DSR തയ്യാറാക്കുന്നതിനായുള്ള തുക വനം വകുപ്പ് വഹിക്കുന്നതിനാവശ്യമായ തുടർനടപടികൾ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി ചേർന്ന് സ്വീകരിക്കണമെന്ന് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചിട്ടുള്ളതാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3)-ലെ 15.07.2022-ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി .

കൊല്ലം ജില്ലയുടെ DSR തയ്യാറാക്കുന്നതിനായി ILDM (Institute of Land and Disaster Managment) , CSIR -NIIST , വനം വകുപ്പ് എന്നീ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ 23.09.2022 , 03.11.2022 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ CSIR - NIIST സമർപ്പിച്ച 7.08 ലക്ഷത്തിന്റെ (6 Lakhs + 18% GST) പ്രൊപ്പോസൽ, സംസ്ഥാന ഉന്നത തല സമിതിയുടെ അംഗീകാരത്തിനായി ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (3)-ലെ 26.11.2022-ലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

ടി പ്രൊപ്പോസൽ പരാമർശം (5) പ്രകാരമുള്ള ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി യോഗം അഗീകരിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം പത്തു ജില്ലകളുടെ ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) തയ്യാറക്കുന്നതിനു CSIR - NIIST , തിരുവനന്തപുരം എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയ പ്രവൃത്തിയുടെ അനുബന്ധ പ്രവൃത്തിയായി കൊല്ലം ജില്ലയെ (കുളത്തുപ്പുഴ നദിയിലെ മിൽപ്പാലം , ചോഴിയക്കോട് എന്നീ കടവുകളിൽ നിന്നും വനം വകുപ്പിനു കീഴിൽ മണൽ വാരുന്നതിനു ഡിസ്ട്രിക്ട് സർവ്വേ റിപ്പോർട്ട് (DSR) തയ്യാറാക്കുന്ന പ്രവൃത്തിക്കുവേണ്ടി) 11-ാംമത് ജില്ലയായി പരിഗണിച്ച് DSR തയ്യാറാക്കുന്നതിനു, പരാമർശം (4) പ്രകാരമുള്ള 03.11.2022 തീയതിയിലെ യോഗ തീരുമാനപ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി CSIR - NIIST സമർപ്പിച്ച 7.08 ലക്ഷം (6 Lakhs + 18% GST) രൂപയുടെ പ്രൊപ്പോസലിനു **ഭരണാനുമതി നൽകി ഉത്തരവാകുന്നു.** കൊല്ലം ജില്ലയുടെ DSR തയ്യാറാക്കുന്നതിനായുള്ള MoU -ൽ CSIR - NIIST യും , തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും തമ്മിൽ ഒപ്പു വയ്ക്കേണ്ടതും കൂടാതെ ടി DSR തയ്യാറാക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ പ്രകാരമുള്ള തുക തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ വഹിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHAHANSHA.A

അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ , തിരുവനന്തപുരം

സ.ഉ.(സാധാ) നം.1372/2023/RD

ഐ എൽ ഡി എം ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ , CSIR - NIIST , തിരുവനന്തപുരം
ജില്ലാ കളക്ടർ , കൊല്ലം
പ്രിൻസിപ്പൽ ചീഫ് കൺസെർവേറ്റർ ഓഫ് ഫോറസ്ററ് , തിരുവനന്തപുരം
ഡിവിഷണൽ ഫോറസ്ററ് ഓഫീസർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് ) , കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള , തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Signed by
Suresh A E
സെക്ഷൻ ഓഫീസർ
Date: 28-03-2023 17:22:29

പകർപ്പ് -

ബഹു . റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി. എസ് - നു
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ -യ്ക്ക്

# കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-എ) വകുപ്പ്

## വിജ്ഞാപനം*

നമ്പർ 17949/ലെഗ്.എ1/2001/നിയമം. *തിരുവനന്തപുരം, 2001 ഡിസംബർ 29.*
*1923 പൌഷം 8.*

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിനായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2001 ഡിസംബർ 28-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. രാംകുമാർ,
*നിയമവകുപ്പ് സെക്രട്ടറി.*

* 2001 ഡിസംബർ 29-ാം തീയതി 2088-ാം നമ്പർ കേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചത്.

GCPT. 3/2259/2012/DTP.

# 2001-ലെ 18-ാം ആക്റ്റ്

# 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ്

ആറ്റുമണൽ വൻതോതിൽ കുഴിച്ചുവാരുന്നതിൽ നിന്നും നദീതീരങ്ങളെയും നദിയുടെ അടിത്തട്ടിനെയും സംരക്ഷിക്കുന്നതിനും അവയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുന്നതിനും ആറ്റുമണൽ നീക്കം ചെയ്യുന്നതും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള

ഒരു

ആക്റ്റ്

പീഠിക.—നദികളിൽ നിന്നും വിവേചനരഹിതവും അനിയന്ത്രിതവുമായ മണൽവാരൽ, നദീതീരങ്ങളിൽ വൻതോതിൽ മണ്ണിടിച്ചിലിനും വസ്തുക്കളുടെ നാശനഷ്ടത്തിനും കാരണമാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും;

ആറ്റുമണൽ വൻതോതിൽ കുഴിച്ചുവാരുന്നത് നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥയെ വ്യത്യസ്ത അളവുകളിൽ തകരാറിലാക്കുന്നതിനാലും;

ഭരണപരമായ നിയന്ത്രണ ഉത്തരവുകൾ നിലവിലിരിക്കുന്ന കാരണത്താൽ നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടെന്നുള്ളതിനാലും;

പൊതുതാല്പര്യാർത്ഥം, നദീതീര സംരക്ഷണത്തിനും നദികളിൽ നിന്ന് മണൽ വാരുന്നത് നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുന്നതിനാലും;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അമ്പത്തി രണ്ടാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.—(1) ഈ ആക്റ്റിന് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇതിന് സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കാവുന്ന തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) ''ജില്ലാ കളക്ടർ'' എന്നാൽ ജില്ലയുടെ കളക്ടർ എന്നർത്ഥമാകുന്നു;

(ബി) ''ജില്ലാ വിദഗ്ദ്ധസമിതി'' എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിച്ച ജില്ലാ വിദഗ്ദ്ധസമിതി എന്നർത്ഥമാകുന്നു;

(സി) ''ഫണ്ട്'' എന്നാൽ 17-ാം വകുപ്പുപ്രകാരം വച്ചുപോരുന്ന റിവർ മാനേജ്മെന്റ് ഫണ്ട് എന്നർത്ഥമാകുന്നു;

(ഡി) ''സർക്കാർ'' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഇ) ''കടവ്'' എന്നാൽ മണൽവാരൽ നടത്തുന്ന ഒരു നദീതീരമോ ജലാശയമോ എന്നർത്ഥമാകുന്നു;

(എഫ്) ''കടവ് കമ്മിറ്റി'' എന്നാൽ 4-ാം വകുപ്പുപ്രകാരം രൂപീകരിച്ച കടവുകമ്മിറ്റി എന്നർത്ഥമാകുന്നു;

(ജി) ''തദ്ദേശാധികാരസ്ഥാനം'' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമ പഞ്ചായത്ത് അല്ലെങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) പ്രകാരം രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പാലിറ്റി എന്നർത്ഥമാകുന്നു;

(എച്ച്) ''മുനിസിപ്പാലിറ്റി'' എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ടൗൺ പഞ്ചായത്ത് അല്ലെങ്കിൽ ഒരു മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(ഐ) ''വിജ്ഞാപനം'' എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ജെ) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(കെ) ''വകുപ്പ്'' എന്നാൽ ഈ ആക്റ്റിന്റെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(എൽ) ''ഗ്രാമപഞ്ചായത്ത്'' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമ പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(എം) ''ബ്ലോക്ക് പഞ്ചായത്ത്'' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ബ്ലോക്ക് പഞ്ചായത്ത് എന്നർത്ഥമാകുന്നു;

(എൻ) ''ജില്ലാ പഞ്ചായത്ത്'' എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ജില്ലാ പഞ്ചായത്ത് എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## കമ്മിറ്റികളുടെ രൂപീകരണം

3. ജില്ലാ വിദഗ്ദ്ധ സമിതിയുടെ രൂപീകരണവും ഘടനയും.—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനുശേഷം എത്രയും വേഗം സർക്കാർ, വിജ്ഞാപനംവഴി, സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും വേണ്ടി വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന അപ്രകാരമുള്ള തീയതി മുതൽ പ്രാബല്യമുള്ള ഓരോ വിദഗ്ദ്ധ സമിതി രൂപീകരിക്കേണ്ട താണ്.

(2) ഓരോ ജില്ലാ വിദഗ്ദ്ധ സമിതിയിലും താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ജില്ലാ കളക്ടർ, എക്സ്-ഒഫിഷ്യോ ;

(ബി) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നുകിടക്കുന്ന പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ജില്ലാപഞ്ചായത്ത് അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി ;

(സി) ജില്ലാ ലേബർ ഓഫീസർ, എക്സ്-ഒഫിഷ്യോ ;

(ഡി) ജില്ലയിൽ ക്രമസമാധാനത്തിന്റെ ചുമതലയുള്ള പോലീസ് സൂപ്രണ്ട്, എക്സ്-ഒഫിഷ്യോ ;

(ഇ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എക്സ്-ഒഫിഷ്യോ ;

(എഫ്) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നുകിടക്കുന്ന മുനിസിപ്പൽ കൗൺസിലുകളിലെ ചെയർമാൻ/ചെയർപേഴ്സൺമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മുനിസിപ്പൽ ചെയർമാൻ/ചെയർപേഴ്സൺ ;

(ജി) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നുകിടക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പേർ ;

(എച്ച്) ജില്ലയിലെ ഏതെങ്കിലും നദിയോടുചേർന്നുകിടക്കുന്ന ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രസിഡന്റുമാരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രസിഡന്റ് ;

(ഐ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഹൈഡ്രോളജിസ്റ്റ്;

(ജെ) ജലസേചന വകുപ്പിലെ, ജില്ലയിൽ ജോലി ചെയ്യുന്ന ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ;

(കെ) ജില്ലയിൽ ജോലി ചെയ്യുന്നതും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതുമായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ കുറയാത്ത കേരള വാട്ടർ അതോറിറ്റിയിലെ ഒരു എഞ്ചിനീയർ ;

(എൽ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നദീസംരക്ഷണ പ്രവർത്തനവുമായി ബന്ധമുള്ള രണ്ട് പരിസ്ഥിതി പ്രവർത്തകർ;

(എം) ജില്ലയിൽ ജോലി ചെയ്യുന്നതും സർക്കാർ നോമിനേറ്റ് ചെയ്യുന്നതുമായ പൊതുമരാമത്തു വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (റോഡുകളും പാലങ്ങളും) പദവിയിൽ കുറയാത്ത ഒരു എഞ്ചിനീയർ;

(എൻ) മൈനിംഗും ജിയോളജിയും വകുപ്പിലെ ജിയോളജിസ്റ്റ്/ജില്ലാ ഓഫീസർ, എക്സ്-ഒഫീഷ്യോ;

(ഒ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ.

(3) ജില്ലാ കളക്ടർ വിദഗ്ദ്ധ സമിതിയുടെ ചെയർമാൻ ആയിരിക്കേണ്ടതും ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയിരിക്കേണ്ടതുമാണ്.

(4) ജില്ലാ വിദഗ്ദ്ധ സമിതി, ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും യോഗം ചേരേണ്ടതും ഈ ആക്റ്റ് പ്രകാരവും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരവും ഏല്പിച്ചുകൊടുക്കാവുന്ന അത്തരം അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

4. <u>കടവ് കമ്മിറ്റിയുടെ രൂപീകരണവും ഘടനയും.</u>—(1) ജില്ലാ കളക്ടർക്ക് ഒരു ജില്ലയിൽ സ്ഥിതിചെയ്യുന്ന ഓരോ കടവിലേയും അഥവാ നദീതീരത്തിലേയും മണൽ വാരൽ നിയന്ത്രിക്കുന്ന ആവശ്യത്തിലേക്കായി, അങ്ങനെയുള്ള കടവിനോ അഥവാ നദീതീരത്തിനോവേണ്ടി ആ കടവോ നദീതീരമോ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പേരോടുകൂടിയ ഓരോ കടവു കമ്മിറ്റിയെ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കാവുന്നതാണ്, അതായത്:—

(എ) ബന്ധപ്പെട്ട കടവിന്റെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ അഥവാ മുനിസിപ്പൽ ചെയർമാനോ/ചെയർപേഴ്സനോ—എക്സ്-ഒഫിഷ്യോ;

(ബി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഥവാ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറി—എക്സ്-ഒഫിഷ്യോ;

(സി) പ്രസ്തുത പ്രദേശത്തെ അസിസ്റ്റന്റ് ലേബർ ഓഫീസർ—എക്സ്-ഒഫിഷ്യോ;

(ഡി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് മെമ്പർ അഥവാ മുനിസിപ്പൽ കൗൺസിലർ—എക്സ്-ഒഫിഷ്യോ;

(ഇ) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ—എക്സ്-ഒഫിഷ്യോ;

(എഫ്) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള പൊതുമരാമത്ത് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും)—എക്സ്-ഒഫിഷ്യോ;

(ജി) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള കേരള ജല അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ—എക്സ്-ഒഫിഷ്യോ;

(എച്ച്) പ്രസ്തുത പ്രദേശത്ത് ആധികാരിതയുള്ള വില്ലേജ് ഓഫീസർ—എക്സ്-ഒഫിഷ്യോ;

(ഐ) ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി പ്രവർത്തകർ.

(2) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ അഥവാ മുനിസിപ്പാലിറ്റിയുടെ ചെയർമാനോ/ചെയർപേഴ്സനോ, അതതു സംഗതിപോലെ, കടവു കമ്മിറ്റിയുടെ ചെയർമാൻ ആയിരിക്കുന്നതും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ അഥവാ മുനിസിപ്പാലിറ്റിയുടെ സെക്രട്ടറിയോ, അതതു സംഗതിപോലെ, കടവു കമ്മിറ്റിയുടെ കൺവീനർ ആയിരിക്കുന്നതുമാണ്.

(3) ചെയർമാൻ തീരുമാനിക്കുന്ന അപ്രകാരമുള്ള സ്ഥലത്തും സമയത്തും കടവു കമ്മിറ്റി യോഗം ചേരേണ്ടതും, ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.

5. <u>ഉദ്യോഗ കാലാവധി</u>.—(1) ഈ ആക്റ്റിൽ മറ്റു തരത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളിടത്ത് ഒഴികെ, അതതു സംഗതിപോലെ, ജില്ലാ വിദഗ്ദ്ധ സമിതിയുടേയും കടവു കമ്മിറ്റിയുടേയും, എക്സ്-ഒഫിഷ്യോ അംഗങ്ങളും ഔദ്യോഗികാംഗങ്ങളും ഒഴികെയുള്ള, അംഗങ്ങളുടെ ഉദ്യോഗ കാലാവധി നാമനിർദ്ദേശത്തീയതി മുതൽ മൂന്നു വർഷം ആയിരിക്കുന്നതും, പുനർ നാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

(2) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെ (എൽ) ഖണ്ഡത്തിലും, 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ഐ) ഖണ്ഡത്തിലും പരാമർശിച്ചിരിക്കുന്ന ഒരു അംഗം അതതു സംഗതിപോലെ, സർക്കാരിനെയോ അല്ലെങ്കിൽ ജില്ലാ കളക്ടറേയോ, രേഖാമൂലം അറിയിച്ചുകൊണ്ട് തന്റെ ഉദ്യോഗം രാജി വയ്ക്കാവുന്നതും, അതതു സംഗതിപോലെ സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ രാജി സ്വീകരിക്കുന്ന മുറയ്ക്ക് അയാൾ അംഗമല്ലാതായിത്തീരുന്നതുമാണ്.

6. <u>ഒഴിവ്, ന്യൂനത എന്നീ കാരണങ്ങളാൽ ജില്ലാ വിദഗ്ദ്ധ സമിതിയുടെയോ കടവു കമ്മിറ്റിയുടെയോ പ്രവർത്തികൾ അസാധുവാക്കുന്നതല്ലെന്ന്</u>.—ജില്ലാ വിദഗ്ദ്ധ സമിതിയോ കടവു കമ്മിറ്റിയോ ചെയ്ത ഏതൊരു പ്രവർത്തിയോ എടുത്ത ഏതൊരു നടപടിയോ,—

(എ) മേൽപ്പറഞ്ഞ കമ്മിറ്റികളിലെ ഏതെങ്കിലും ഒഴിവിന്റെയോ അതിന്റെ രൂപീകരണത്തിലെ ഏതെങ്കിലും ന്യൂനതയുടെയോ;

(ബി) വിഷയത്തിന്റെ മൂല്യത്തെ ബാധിക്കാത്ത, മേൽപ്പറഞ്ഞ കമ്മിറ്റികളുടെ നടപടികളിൽ ഉള്ള ഏതെങ്കിലും ക്രമക്കേടിന്റെയോ;

കാരണത്താൽ മാത്രം അസാധുവാക്കപ്പെടാവുന്നതല്ല.

7. <u>ഒഴിവുകൾ</u>.—(1) അതതു സംഗതിപോലെ ജില്ലാ വിദഗ്ദ്ധ സമിതിയിലോ കടവു കമ്മിറ്റിയിലോ ഉണ്ടാകുന്ന ഏതൊരു ഒഴിവും കഴിയുന്നതുംവേഗം നാമനിർദ്ദേശംവഴി അതതു സംഗതിപോലെ, സർക്കാരോ ബന്ധപ്പെട്ട ജില്ലാ കളക്ടറോ നികത്തേണ്ടതാണ്.

(2) ഒരു ആകസ്മിക ഒഴിവ് നികത്താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ, അയാൾ ഏത് അംഗത്തിന്റെ ഒഴിവിലേക്കാണോ നാമനിർദ്ദേശം ചെയ്യപ്പെട്ടത്, ആ ഒഴിവ് ഉണ്ടാകാതിരുന്നുവെങ്കിൽ പ്രസ്തുത അംഗത്തിന് ഉദ്യോഗത്തിൽ തുടരാമായിരുന്ന കാലാവധി വരെ ഉദ്യോഗം വഹിക്കേണ്ടതാണ്.

8. ജില്ലാ വിദഗ്ദ്ധ സമിതിയുടെ യോഗങ്ങൾ.—(1) ജില്ലാ വിദഗ്ദ്ധ സമിതി, വർഷത്തിൽ കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) യോഗത്തിനുള്ള കോറം ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(3) ചെയർമാന്, തന്റെ അസാന്നിദ്ധ്യത്തിൽ, യോഗത്തിന് അദ്ധ്യക്ഷത വഹിക്കാൻ അംഗങ്ങളിൽ ഒരാളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

9. ജില്ലാ വിദഗ്ദ്ധ സമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി ജില്ലാ വിദഗ്ദ്ധ സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ജില്ലയിൽ മണൽവാരൽ അനുവദിക്കാവുന്ന കടവോ നദീതീരമോ കണ്ടെത്തുക;

(ബി) 'സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്', 'സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്' തുടങ്ങിയ വിദഗ്ദ്ധ സമിതികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒരു കടവിൽ നിന്നോ നദീതീരത്തുനിന്നോ വാരാവുന്ന മൊത്തം മണലിന്റെ അളവ് നിശ്ചയിക്കുക;

(സി) ഒരു കടവിൽ നിന്നോ നദീതീരത്തു നിന്നോ മറ്റൊരു സ്ഥലത്തേക്ക് മണൽ കൊണ്ടുപോകുന്നത് നിയന്ത്രിക്കുക;

(ഡി) മണൽ വാരലിനായി തുറന്നുകൊടുത്ത കടവോ നദീതീരമോ അടയ്ക്കുക;

(ഇ) നദീതീരങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും അവയിൽ അതിക്രമിച്ചുകടക്കാതെ നോക്കുകയും ചെയ്യുക;

(എഫ്) കടവ് കമ്മിറ്റിയുടെ അഭിപ്രായം പരിഗണിക്കുകയും ഈ ആക്റ്റിന്റെ ലക്ഷ്യം നേടുന്നതിന് ഉചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക;

(ജി) ജില്ലയിലെ കടവു കമ്മിറ്റികൾ ഈ ആക്റ്റ് പ്രകാരം അവയ്ക്കു നൽകിയിട്ടുള്ള അധികാരങ്ങളും കർത്തവ്യങ്ങളും നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക;

(എച്ച്) നദീതീരങ്ങളുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥയെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളെക്കുറിച്ച് സർക്കാരിനെ ഉപദേശിക്കുക;

(ഐ) വർഷത്തിലെ ഏതെങ്കിലും സീസണിൽ ഏതെങ്കിലും നദിയിൽ നിന്നോ കടവിൽ നിന്നോ മണൽ വാരുന്നത് നിരോധിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുക;

(ജെ) കാലാകാലങ്ങളിൽ ഗവൺമെന്റ് നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക;

(കെ) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ, അതിന് നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(എൽ) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെക്കുറിച്ച് ഉപദേശം നൽകുക.

10. കടവ് കമ്മിറ്റിയുടെ യോഗം.—(1) കടവു കമ്മിറ്റി മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) യോഗത്തിന്റെ കോറം ആകെയുള്ള അംഗങ്ങളുടെ മൂന്നിൽ ഒന്ന് ആയിരിക്കുന്നതാണ്.

(3) ചെയർമാന്, തന്റെ അസാന്നിദ്ധ്യത്തിൽ അംഗങ്ങളുടെ ഇടയിൽ നിന്നും ഒരാളെ, യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിന്, നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അഥവാ നാമനിർദ്ദേശം ചെയ്യുവാൻ കഴിയാത്ത സാഹചര്യം സംജാതമായാൽ യോഗത്തിൽ ഹാജരുള്ള അംഗങ്ങൾക്ക് ആ സ്ഥാനം വഹിക്കുന്നതിനുവേണ്ടി ഒരംഗത്തിനെ നിർദ്ദേശിക്കാവുന്നതാണ്.

11. കടവു കമ്മിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.— ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകളും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്കും വിധേയമായി, കടവു കമ്മിറ്റി മണൽ വാരൽ സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളുടേയും മേൽനോട്ടവും നിയന്ത്രണവും വഹിക്കേണ്ടതും ജില്ലാ വിദഗ്ദ്ധ സമിതിക്ക് താഴെപ്പറയുന്ന കാര്യങ്ങളിൽ ശുപാർശ നൽകേണ്ടതുമാണ്, അതായത്:—

(എ) മണൽ വാരലിനുവേണ്ടി കടവിന്റെയോ നദീതീരത്തിന്റെയോ അനുയോജ്യത;

(ബി) ഒരു പ്രത്യേക കടവിൽ നിന്ന് വാരാവുന്ന മണലിന്റെ അളവ്;

(സി) കടവിന്റെയോ നദീതീരത്തിന്റെയോ സംരക്ഷണത്തിനുവേണ്ടി കൂടുതലായി സ്വീകരിക്കേണ്ട നടപടികൾ;

(ഡി) വർഷത്തിന്റെ ഏതെങ്കിലും സീസണിൽ മണൽ വാരൽ നിരോധിക്കേണ്ടതിന്റ ആവശ്യകത;

(ഇ) മണൽ വാരലിന് ഉപയോഗിക്കുന്ന വള്ളങ്ങളുടെയും മണൽ വാരൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടേയും ലിസ്റ്റ് ഗ്രാമപഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടേയും പ്രസിദ്ധീകരണത്തിനായി ശുപാർശ ചെയ്യുക;

(എഫ്) ഗവൺമെന്റും ജില്ലാ വിദഗ്ദ്ധ സമിതികളും കാലാകാലം നൽകുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക;

(ജി) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി മറ്റേതെങ്കിലും കാര്യങ്ങളിൽ ഉപദേശം നൽകുക.

## അദ്ധ്യായം III

## നദീതീരങ്ങളുടെയും നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥകളുടെയും സംരക്ഷണം

12. ഒരു കടവിലെ മണൽ വാരൽ പ്രവർത്തനങ്ങൾക്കുള്ള പൊതു വ്യവസ്ഥകൾ.—(1) മണൽ വാരൽ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിനു മുമ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ, അവർക്കു ജിയോളജി വകുപ്പിൽ നിന്നും ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശുപാർശയിന്മേൽ വിതരണം ചെയ്യേണ്ടതായ പാസുകൾ, റോയൽറ്റി നൽകുന്നതിന് ബാധകമായ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനനുസരിച്ച് റോയൽറ്റി നൽകി, ഒരു മാസക്കാലയളവിന് മുൻകൂറായി നേടേണ്ടതാണ്.

(2) ഒരു കടവിൽ രാവിലെ 6 മണിക്കുമുമ്പും വൈകുന്നേരം 3 മണിക്കുശേഷവും യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

(3) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ മണൽ വാരൽ പ്രവർത്തനം നടപ്പിലാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ, ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്കും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി, ഏർപ്പെടുത്തേണ്ടതാണ്.

(4) നദിയുടെ അടിത്തട്ടിൽനിന്നുമാത്രം മണൽ വാരാൻ അനുവദിക്കേണ്ടതും നദീതീരത്തിന്റെ 10 മീറ്ററിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതുമാണ്.

(5) ഏതെങ്കിലും പാലത്തിൽനിന്നോ ഏതെങ്കിലും ജലസേചനപദ്ധതിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്.

(6) മണൽ കയറ്റുന്നതിനുള്ള വാഹനം നദീതീരത്തു നിന്നും ഏറ്റവും കുറഞ്ഞത് 25 മീറ്റർ അകലത്തിൽ പാർക്ക് ചെയ്യേണ്ടതും മണൽ കയറ്റുന്നതിനുവേണ്ടി യാതൊരു വാഹനവും നദീതീരത്തേക്ക് കൊണ്ടുവരാൻ പാടില്ലാത്തതുമാണ്.

(7) ഒരു കടവിലോ നദീതീരത്തോ നിന്ന് ജില്ലാ വിദഗ്ദ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ അളവ് മണൽ വാരാൻ പാടില്ലാത്തതാണ്.

(8) മണൽ വാരൽ പ്രവർത്തനത്തിന് കൊല്ലിവലയോ 'പോൾസ്കൂപ്പിംഗോ' ഏതെങ്കിലും യന്ത്രവൽകൃത രീതിയോ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

(9) ഉപ്പുവെള്ളം നദീജലവുമായി കലരാൻ സാദ്ധ്യതയുള്ളിടത്ത് മണൽ വാരൽ നടത്താൻ പാടില്ലാത്തതാണ്.

(10) സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു മുഖേന മണൽ വാരൽ സ്പഷ്ടമായി നിരോധിച്ചിട്ടുള്ള ഏതെങ്കിലും നദിയിലോ നദീതീരത്തോ മണൽ വാരൽ നടത്താൻ പാടില്ലാത്തതാണ്.

13. സർക്കാരിനോ ജില്ലാ കളക്ടർക്കോ കടവോ നദീതീരമോ അടയ്ക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാനുള്ള അധികാരം.—(1) ഈ ആക്റ്റിലോ ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന്, മതിയായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം മണൽ വാരുന്നതിനായി തുറന്നുകൊടുത്ത ഒരു കടവ് അടയ്ക്കുന്നതിന് നിർദ്ദേശിക്കാവുന്നതാണ്.

(2) മണൽ കുഴിച്ചുവാരുന്നത്, ആ നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥയ്ക്ക് തകരാറുണ്ടാക്കുമെന്ന ജില്ലാ വിദഗ്ദ്ധ സമിതിയുടെ ഒരു റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയോ അല്ലെങ്കിൽ മറ്റുവിധത്തിലോ, ജില്ലാ കളക്ടർക്ക്, ഒരു വർഷത്തിലെ ഏതെങ്കിലും കാലയളവിൽ, പ്രത്യേകിച്ചും കാലവർഷക്കാലയളവിൽ ഏതെങ്കിലും നദിയിൽ നിന്നോ നദീതീരത്തുനിന്നോ മണൽ വാരുന്നതിന്മേൽ നിരോധനം വിജ്ഞാപനപ്പെടുത്താവുന്നതാണ്:

എന്നാൽ, നിരോധന ഉത്തരവ് ഒരുസമയത്ത് രണ്ടാഴ്ച കാലയളവിലധികരിക്കാൻ പാടില്ലാത്തതും, അത് രണ്ടാഴ്ചയിൽ അധികമല്ലാത്ത ഒരു കാലയളവിലേക്ക് വീണ്ടും ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്.

(3) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും നദീതീരത്തോ കടവിലോ ഉള്ള ഏതെങ്കിലും കയ്യേറ്റമോ തടസ്സമോ നീക്കം ചെയ്യുന്നതിന് 1957-ലെ ഭൂസംരക്ഷണ ആക്റ്റിലെ വ്യവസ്ഥകളോ 1973-ലെ ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകളോ ബാധകമാകുന്നതാണ്.

(4) നദികളെയും അങ്ങനെയുള്ള നദികളിൽനിന്ന് മണൽ വാരൽ ഏത് കാലയളവിലേക്കാണ് അനുവദിക്കാൻ പാടില്ലാത്തതെന്നും സർക്കാരിന് വിജ്ഞാപനം ചെയ്യാവുന്നതാണ്.

14. മണലിന്റെ വിലയിന്മേലുള്ള നിയന്ത്രണം മുതലായവ.—(1) കടവു കമ്മിറ്റി, ഏതെങ്കിലും പ്രദേശത്തെ മണലിന്റെ ലഭ്യതയും അഭിഗമ്യതയും കണക്കിലെടുത്തശേഷം ഓരോ കടവിലെയും മണലിന്റെ വില നിശ്ചയിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം വില നിശ്ചയിക്കേണ്ടത് പൊതുലേലപ്രകാരം ആയിരിക്കേണ്ടതാണ്.

(3) വാഹനത്തിൽ മണൽ കയറ്റുന്നതിന് വേണ്ടിവരുന്നതും കടവു കമ്മിറ്റി നിശ്ചയിച്ച നിരക്കിലുള്ളതുമായ കൂലിച്ചെലവുകൂടി പൊതുലേലപ്രകാരം നിർണ്ണയിക്കുന്ന മണൽവിലയിൽ ഉൾപ്പെട്ടിരിക്കേണ്ടതാണ്.

15. കടവോ നദീതീരങ്ങളോ സുരക്ഷിതനിലയിൽ പരിപാലിക്കുന്നതിന് തദ്ദേശ അധികാരസ്ഥാനങ്ങൾക്കുള്ള ഉത്തരവാദിത്വം.—(1) സംസ്ഥാനത്ത് മണൽ വാരുന്നതിന് കടവോ നദീതീരമോ ഉള്ള ഓരോ തദ്ദേശ അധികാരസ്ഥാനവും അപ്രകാരമുള്ള കടവോ നദീതീരമോ സുരക്ഷിതാവസ്ഥയിൽ പരിപാലിക്കേണ്ടതും നദീതീരം ഇടിയുന്നത് നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ എടുത്തുകൊണ്ട് അതിന്റെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കേണ്ടതുമാണ്.

(2) ഓരോ തദ്ദേശ അധികാരസ്ഥാനവും യാതൊരു വാഹനത്തിനും നദീതീരത്തേക്ക് നേരിട്ട് പ്രവേശനം ലഭിക്കാത്ത രീതിയിൽ കടവിലോ നദീതീരത്തോ കോൺക്രീറ്റ് തൂണുകൾ നിർമ്മിക്കേണ്ടതാണ്.

(3) തദ്ദേശാധികാരസ്ഥാനം ഓരോ കടവിലും അഥവാ നദീതീരത്തും ചെക്ക് പോസ്റ്റ് സ്ഥാപിക്കേണ്ടതും കടവിൽനിന്നും നീക്കം ചെയ്യുന്ന മണലിന്റെ ശരിയായ കണക്ക് സൂക്ഷിക്കേണ്ടതുമാണ്.

(4) നദീതീരം ഇടിയുന്നത് നിയന്ത്രിക്കുന്നതിനായി നദീതീരത്ത് ആറ്റുവഞ്ചിയും കല്ലൻമുളയും വനംവകുപ്പിന്റെ സഹായത്തോടെ വച്ചു പിടിപ്പിക്കാവുന്നതാണ്

## അദ്ധ്യായം IV

## ജൈവ-ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള റഗുലേഷൻ

16. നദീതീര വികസന പദ്ധതി.—(1) ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കും ഈ കാര്യത്തിൽ സർക്കാരിന്റെ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതിനും വിധേയമായി ജില്ലാ വിദഗ്ദ്ധ സമിതിക്ക് ജില്ലയിലുള്ള നദീതീരങ്ങൾ സൂക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി, അപ്രകാരമുള്ള രീതിയിലും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന മറ്റു വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ നദീതീര വികസന പദ്ധതി നദീതീരങ്ങളുടെ ജൈവ-ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിന്, തയ്യാറാക്കാവുന്നതാണ്:

എന്നാൽ, നദീതീര വികസന പദ്ധതി, സർക്കാരിലെ ജലസേചന വകുപ്പ് ഏതെങ്കിലും വികസന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അതിനനുസൃതമായിരിക്കേണ്ടതാണ്.

(2) ജില്ലാ കളക്ടർ നദീതീര വികസന പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് സർക്കാരിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

17. റിവർ മാനേജ്മെന്റ് ഫണ്ടും പാസ്സുകളുടെ വിതരണവും.—(1) ജില്ലാ കളക്ടർ കടവോ നദീതീരമോ പരിപാലിക്കുന്നതിനാവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി "റിവർ മാനേജ്മെന്റ് ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് വച്ചുപോരേണ്ടതാണ്.

(2) കടവോ നദീതീരമോ ഉള്ള ഏതൊരു തദ്ദേശാധികാരസ്ഥാനവും മണൽ വില്പനയിലൂടെ സ്വരൂപിക്കുന്ന തുകയുടെ അൻപത് ശതമാനം ജില്ലാ കളക്ടർ വച്ചുപോരുന്ന റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് നൽകേണ്ടതാണ്:

എന്നാൽ, മണൽ ശേഖരിക്കുന്നതിനുള്ള ചെലവും നൽകിയ റോയൽറ്റിയും സ്വരൂപിക്കുന്ന തുകയിൽ ഉൾപ്പെടുന്നതല്ല.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി "ശേഖരിക്കുന്നതിനുള്ള ചെലവ്" എന്നതിൽ സംരക്ഷണച്ചെലവും കടവിൽ കോൺക്രീറ്റ് തൂണുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവും ഉൾക്കൊള്ളുന്നതാകുന്നു.

(3) (5)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരം കണക്കുകൾ തീർപ്പാക്കാതെ തദ്ദേശാധികാരസ്ഥാനത്തിന് പാസ് നൽകിയിട്ടില്ലെന്ന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്.

(4) മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നൽകുന്ന ഏതൊരു പാസ്സിലും ആ വകുപ്പിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പും അദ്ദേഹത്തിന്റെ സീലും ഉണ്ടായിരിക്കേണ്ടതും മണൽവാരൽ ആരംഭിക്കുന്നതിനുമുമ്പ് ആയതിൽ ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാനത്തിന്റെ സെക്രട്ടറി മേലൊപ്പ് വയ്ക്കേണ്ടതുമാണ്.

(5) ഫണ്ടിലെ വിഹിതമായി തദ്ദേശാധികാരസ്ഥാനം നൽകേണ്ട തുക ചെക്കായോ ഡിമാന്റ് ഡ്രാഫ്റ്റായോ ജില്ലാ കളക്ടർക്കോ അല്ലെങ്കിൽ ഇതിനുവേണ്ടി അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നൽകേണ്ടതും അതു കിട്ടിയതിനു തെളിവായി അദ്ദേഹം അതിൽ മേലൊപ്പ് വയ്ക്കേണ്ടതുമാകുന്നു. കൊടുക്കാൻ ബാക്കിയായ തുക തൊട്ടടുത്ത മാസം 10-ാം തീയതിക്കുമുമ്പായി അടച്ച് കണക്ക് തീർക്കേണ്ടതാണ്.

18. അക്കൗണ്ട്സ്.—(1) ജില്ലാ കളക്ടർ ഫണ്ടിന്റെ മുഴുവൻ കണക്കും വച്ചുപോരേണ്ടതും നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ഓരോ വർഷവും ആഡിറ്റ് ചെയ്യിക്കേണ്ടതുമാണ്.

(2) സർക്കാരിനോ ഈ ആവശ്യത്തിലേക്കായി പ്രത്യേകമായി അധികാരപ്പെടുത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ കണക്ക് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

19. ഫണ്ടിലേക്ക് മാറ്റം ചെയ്യേണ്ട തുക.—ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിൽ സർക്കാരിന്റെ ഏതെങ്കിലും ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് സ്വരൂപിച്ച ഏതൊരു തുകയും ഈ ആക്റ്റിൻകീഴിൽ രൂപീകരിച്ച ഫണ്ടിലേക്ക് മാറ്റം ചെയ്യപ്പെട്ടതും നിക്ഷിപ്തമാക്കപ്പെട്ടതുമായിത്തീരുന്നതും ഫണ്ടിന്റെ ഭാഗമായിത്തീരുന്നതുമാണ്.

## അദ്ധ്യായം V

## കുറ്റങ്ങളും ശിക്ഷകളും

20. ഈ ആക്റ്റിന്റെ ലംഘനത്തിനുള്ള ശിക്ഷ.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകളോ, അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളോ ലംഘിക്കുന്ന ഏതൊരാളിനെയും, കുറ്റസ്ഥാപനത്തിന്മേൽ രണ്ടു വർഷംവരെയാകാവുന്ന തടവുശിക്ഷയോ ഇരുപത്തി അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപവരെയാകാവുന്ന അധികമായ പിഴശിക്ഷയുംകൂടി നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

21. കുറ്റങ്ങൾ ചെയ്യുന്നതിന് പ്രേരിപ്പിക്കൽ.—ഈ ആക്റ്റ്പ്രകാരമോ അതിൻ കീഴിലോ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം ചെയ്യാൻ പ്രേരിപ്പിക്കുകയോ അല്ലെങ്കിൽ അത്തരം കുറ്റം ചെയ്യാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും അത്തരം കുറ്റത്തിന് ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴ നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

22. മറ്റു നിയമത്തിൻകീഴിലുള്ള ശിക്ഷയ്ക്ക് വിലക്കില്ലെന്ന്.—ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമാക്കിയിട്ടുള്ള ഏതെങ്കിലും പ്രവൃത്തിക്കോ വീഴ്ചയ്ക്കോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആളിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഈ ആക്റ്റിലെ യാതൊന്നും തടസ്സമാകുന്നതല്ല.

23. വാഹനങ്ങൾ കണ്ടുകെട്ടൽ.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പാലിക്കാതെ മണൽ കടത്തുന്ന ഏതൊരാളും ശിക്ഷയ്ക്ക് വിധേയനാകുന്നതും കടത്തിക്കൊണ്ടുപോകാൻ ഉപയോഗിച്ച വാഹനം, പോലീസോ റവന്യൂ ഉദ്യോഗസ്ഥന്മാരോ കണ്ടുകെട്ടലിന് വിധേയമാക്കേണ്ടതുമാണ്.

വിശദീകരണം.—ഈ വകുപ്പിലെ ആവശ്യങ്ങൾക്കായി വാഹനം എന്നതിൽ 'നാടൻവള്ളവും ചങ്ങാടവും' ഉൾപ്പെടുന്നതുമാകുന്നു.

24. ഈ ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ 'കോഗ്നൈസബിൾ ആയിരിക്കുമെന്ന്'.—1973-ലെ ക്രിമിനൽ നടപടി നിയമത്തിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റ്പ്രകാരമുള്ള എല്ലാ കുറ്റങ്ങളും 'കോഗ്നൈസബിൾ' ആയിരിക്കുന്നതാണ്.

25. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—സർക്കാർ, ഈ ആവശ്യത്തിലേക്കായി അധികാരപ്പെടുത്തിയ ഒരാളുടെയോ ജില്ലാ കളക്ടറുടെയോ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റിന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടേണ്ടതായ ഏതൊരു കുറ്റവും യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

## അദ്ധ്യായം VI

## പലവക

26. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.— (1) ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ ആവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടി സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം എത്രയുംവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ആകെ പതിനാല് ദിവസത്തേക്ക്— അത് ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ പെടാം—വയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിനു തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും മാറ്റം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ മാറ്റം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു:

എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും മാറ്റം വരുത്തലോ അസാധുവാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

27. പരിശോധനയ്ക്ക് സർക്കാരിനുള്ള അധികാരം.— ഈ ആക്ടിൻകീഴിലോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്ക് കീഴിലോ ഒരു ജില്ലാ വിദഗ്ദ്ധ സമിതിയോ കടവു കമ്മിറ്റിയോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമോ എടുത്ത ഏതൊരു തീരുമാനം സംബന്ധിച്ചും റിപ്പോർട്ട് വാങ്ങുന്നതിനും, ഫയൽ പരിശോധിക്കുന്നതിനും, അതിൻമേൽ ജില്ലാ വിദഗ്ദ്ധ സമിതി ചെയർമാന് മേൽനടപടികൾ സ്വീകരിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

28. മറ്റു നിയമങ്ങളിന്മേലുള്ള അതിപ്രഭാവം.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

29. മണലിന്റെ അളവ് തിട്ടപ്പെടുത്തൽ.—സർക്കാരിന്, ഓരോ നദിയുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള സമ്പ്രദായത്തിലും രീതിയിലും വാരലിന് ലഭ്യമായ മണലിന്റെ അളവ് കാലാകാലങ്ങളിൽ തിട്ടപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

30. അപ്പീൽ.—(1) ഈ ആക്റ്റിൻകീഴിലോ, അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കുകീഴിലോ കടവു കമ്മിറ്റിയോ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിന്മേലോ, എടുത്ത തീരുമാനത്തിന്മേലോ, ആക്ഷേപമുള്ള ഏതൊരാൾക്കും പ്രസ്തുത തീരുമാനമോ, ഉത്തരവോ പുറപ്പെടുവിച്ച് പതിനഞ്ച് ദിവസത്തിനകം ജില്ലാ വിദഗ്ദ്ധ സമിതിയുടെ ചെയർമാന് അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം കിട്ടിയ ഏതൊരപ്പീലും അപ്പീൽ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം തീരുമാനം ആക്കേണ്ടതും, അപ്പീൽ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

31. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന് ഉത്തരവുമൂലം ആ വൈഷമ്യം നീക്കുന്നതിന് ആവശ്യമെന്ന് അവർക്ക് തോന്നുന്ന, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത യാതൊരു കാര്യവും ചെയ്യാവുന്നതാണ്.

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതുമുതൽ രണ്ട് വർഷത്തിനുശേഷം ഏതൊരു ഉത്തരവും ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പുപ്രകാരമുള്ള ഏതൊരു ഉത്തരവും അതുണ്ടാക്കിയതിനു ശേഷം ഏറ്റവും അടുത്തുവരുന്ന നിയമസഭാ സമ്മേളനത്തിൽ വയ്ക്കേണ്ടതാണ്.

---

REV-P3 022-REV

6021272/2022/REV

©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. II<br>വാല്യം 2 | Thiruvananthapuram,<br>Thursday<br>തിരുവനന്തപുരം,<br>വ്യാഴം | 7th March 2013<br>2013 മാർച്ച് 7<br>16th Phalguna 1934<br>1934 ഫാൽഗുനം 16 | No.<br>നമ്പർ 693 |

## കേരള സർക്കാർ

നിയമ (നിയമ നിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 10167/ലെഗ്. ബി2/2010/നിയമം. *തിരുവനന്തപുരം, 2013 മാർച്ച് 7. 1934 ഫാൽഗുനം 16.*

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2013 മാർച്ച് 7-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. കെ. പത്മാകരൻ,
*നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/1153/2013/DTP.

## 2013-ലെ 15-ാം ആക്റ്റ്

## 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ്

2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ :

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവൽസരത്തിൽ താഴെ പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് 2012 നവംബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിനുള്ള ഭേദഗതി.—2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റിലെ (2001-ലെ 18) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(i) നിലവിലുള്ള (എ) ഖണ്ഡം (എഎ) ഖണ്ഡം ആയി പുനരക്ഷരം ചെയ്യേണ്ടതും, അപ്രകാരം പുനരക്ഷരം ചെയ്ത (എഎ) ഖണ്ഡത്തിനുമുമ്പായി, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്, അതായത്:—

"(എ) "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" എന്നാൽ 2ബി വകുപ്പു പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ലാന്റ് റവന്യൂ കമ്മീഷണർ എന്നർത്ഥമാകുന്നതും അതിൽ പ്രസ്തുത വകുപ്പ് പ്രകാരം അദ്ദേഹത്തെ സഹായിക്കുന്നതിനായി സർക്കാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതുമാകുന്നു;";

(ii) (ബി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബിഎ) "സംസ്ഥാന ഉന്നതതല സമിതി" എന്നാൽ 2എ വകുപ്പു പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉന്നതതല സമിതി എന്നർത്ഥമാകുന്നു;";

(iii) (കെ) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(കെഎ) "പ്രത്യേക സംരക്ഷണ സേന" എന്നാൽ 26എ വകുപ്പു പ്രകാരം രൂപീകരിക്കുന്ന പ്രത്യേക സംരക്ഷണസേന എന്നർത്ഥമാകുന്നു.".

3. 2എ, 2ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ അദ്ധ്യായം II-ൽ 3-ാം വകുപ്പിന് മുമ്പായി താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"2എ. സംസ്ഥാന ഉന്നതതല സമിതിയുടെ രൂപീകരണം.—(1) ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾ സൂക്ഷ്മപരിശോധന നടത്തുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി, സർക്കാർ, ഗസറ്റ് വിജ്ഞാപനം മുഖേന, ഒരു സംസ്ഥാന ഉന്നതതല സമിതി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന ഉന്നതതല സമിതി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

| | | | |
|---|---|---|---|
| (i) | റവന്യൂ വകുപ്പുമന്ത്രി | .. | ചെയർമാൻ |
| (ii) | റവന്യൂ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി | .. | കൺവീനർ |
| (iii) | നിയമവകുപ്പ് സെക്രട്ടറി | .. | അംഗം |
| (iv) | ലാന്റ് റവന്യൂ കമ്മീഷണർ | .. | അംഗം |
| (v) | ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ ഡയറക്ടർ | .. | അംഗം |
| (vi) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ | .. | അംഗം |
| (vii) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർ | .. | അംഗം |
| (viii) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി ശാസ്ത്രജ്ഞർ | .. | അംഗങ്ങൾ |
| (ix) | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി പ്രവർത്തകർ | ... | അംഗങ്ങൾ |

(3) സംസ്ഥാന ഉന്നതതല സമിതി, രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും, ചെയർമാൻ തീരുമാനിക്കുന്ന സമയത്തും സ്ഥലത്തും യോഗം ചേരേണ്ടതാണ്.

(4) സംസ്ഥാന ഉന്നതതല സമിതി യോഗത്തിനുള്ള കോറം അഞ്ച് ആയിരിക്കുന്നതും അതിൽ ഒരാൾ, (2)-ാം ഉപവകുപ്പിലെ (viii)-ാം ഇനത്തിൻകീഴിൽ വരുന്ന ഒരു ശാസ്ത്രജ്ഞൻ ആയിരിക്കേണ്ടതുമാണ്.

(5) ജില്ലാ വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ള യാതൊരു പദ്ധതിക്കും സംസ്ഥാന ഉന്നതതല സമിതി അംഗീകാരം നൽകിയിട്ടില്ലാത്തപക്ഷം ഭരണാനുമതി നൽകുവാൻ പാടുള്ളതല്ല.

(6) സംസ്ഥാന ഉന്നതതല സമിതിക്ക്, ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശിപാർശയില്ലാതെതന്നെ, അതിന് യുക്തമെന്ന് തോന്നുന്ന ഏതൊരു പദ്ധതിക്കും അംഗീകാരം നൽകുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(7) സംസ്ഥാന ഉന്നതല സമിതിയിലെ ഔദ്യോഗിക അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ കാലാവധി നാമനിർദ്ദേശ തീയതി മുതൽ മൂന്ന് വർഷം ആയിരിക്കുന്നതും പുനർനാമനിർദ്ദേശത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

(8) കാലാവധി പൂർത്തിയാക്കിയ അനൗദ്യോഗിക അംഗങ്ങൾക്ക്, അവർക്ക് പകരം പുതിയ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതുവരെ സമിതിയിൽ തുടരാവുന്നതാണ്.

2ബി. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ.—(1) ലാന്റ് റവന്യൂ കമ്മീഷണർ, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന്റെ പൊതുമേൽനോട്ടം നിർവ്വഹിക്കുന്നതിനുള്ള അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും ഈ ആവശ്യത്തിലേക്കായി സർക്കാർ ചുമതലപ്പെടുത്തുന്ന, ജോയിന്റ് ലാന്റ് റവന്യൂ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത, ഉദ്യോഗസ്ഥൻ അദ്ദേഹത്തെ സഹായിക്കേണ്ടതുമാണ്.

(2) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രവർത്തിക്കേണ്ട എല്ലാ ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.".

4. 3-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിൽ,—

(i) (എൽ) ഖണ്ഡത്തിൽ "രണ്ട് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾക്ക് പകരം "മൂന്ന് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (ഒ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(പി) ജില്ലയിൽ അധികാരിതയുള്ള റവന്യൂ ഡിവിഷണൽ ആഫീസർ അഥവാ റവന്യൂ ഡിവിഷണൽ ആഫീസർമാർ;

(ക്യൂ) ജില്ലയിലെ രജിസ്റ്റർ ചെയ്ത മണൽവാരൽ തൊഴിലാളി സംഘടന കളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ;

(ആർ) ജില്ലയിലെ എല്ലാ താലൂക്കുകളിലെയും തഹസിൽദാർമാരും മണൽവാരൽ നിയന്ത്രണവുമായി ബന്ധപ്പെട്ട് അധികാരിതയുള്ള അഡീഷണൽ തഹസിൽദാർമാരും.".

(2) (3)-ാം ഉപവകുപ്പിൽ, "ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ" എന്ന വാക്കുകൾക്കു പകരം "ഹെഡ് ക്വാർട്ടേഴ്സിന്റെ ചുമതലയുള്ള റവന്യൂ ഡിവിഷണൽ ആഫീസർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (ഐ) ഖണ്ഡത്തിൽ "രണ്ട് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾക്ക് പകരം "മൂന്ന് പരിസ്ഥിതി പ്രവർത്തകർ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ഐ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) പ്രസ്തുത പ്രദേശത്തെ, രജിസ്റ്റർ ചെയ്ത മണൽ വാരൽ തൊഴിലാളി സംഘടനകളിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നു പേർ.".

6. 9-ാം വകുപ്പിനുള്ള ഭേദഗതി.—(1) പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ,—

(i) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അങ്ങനെ പുനരക്കമിട്ട (1)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡത്തിൽ, "തുടങ്ങിയ വിദഗ്ദ്ധ സമിതികളുടെ" എന്ന വാക്കുകൾക്ക് ശേഷം, "അഥവാ സർക്കാർ അതതു സമയം വിനിർദ്ദേശിച്ചേക്കാവുന്ന, ഈ മേഖലയിലെ മറ്റ് ഏജൻസികളുടെ" എന്ന വാക്കുകൾ ചേർക്കേണ്ടതുമാണ്;

(ii) (1)-ാം ഉപവകുപ്പിനുശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) ഏതെങ്കിലും കടവിനെ സംബന്ധിച്ച് 12-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ നടപ്പിലാക്കുവാൻ സാധ്യമല്ലാതിരിക്കുകയോ, അല്ലെങ്കിൽ നടപ്പിലാക്കാതിരിക്കുകയോ, ചെയ്യുകയാണെങ്കിൽ അങ്ങനെയുള്ള കടവിൽ നിന്നും മണൽ വാരുന്നതിന് ജില്ലാ വിദഗ്ദ്ധ സമിതി, അനുവാദം നൽകുവാൻ പാടില്ലാത്തതും മുമ്പ് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് റദ്ദാക്കേണ്ടതും ആകുന്നു.".

7. 12-ാം വകുപ്പിനുള്ള ഭേദഗതി:—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ "രാവിലെ 6 മണിക്ക് മുൻപും വൈകുന്നേരം 3 മണിക്ക് ശേഷവും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "രാവിലെ 7 മണിക്ക് മുൻപും വൈകുന്നേരം 4 മണിക്ക് ശേഷവും" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ "10" എന്ന അക്കത്തിനുപകരം "15" എന്ന അക്കം ചേർക്കേണ്ടതാണ്,

(iii) (5)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഏതെങ്കിലും പാലത്തിൽ നിന്നോ ഏതെങ്കിലും ജലസേചന പദ്ധതിയിൽ നിന്നോ ജലവിതരണ പദ്ധതിയുടെ പമ്പിംഗ് സ്റ്റേഷനിൽ നിന്നോ തടയണയിൽ നിന്നോ അവയുടെ സംരക്ഷണഭിത്തിയിൽ നിന്നോ നദീതീരത്തുവച്ച് നടത്തുന്ന ഏതെങ്കിലും മതപരമോ സാംസ്കാരികമോ ആയ പ്രവർത്തനവേദിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽ വാരൽ പ്രവർത്തനവും നടത്തുവാൻ പാടുള്ളതല്ല.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി "ജലവിതരണ പദ്ധതി" എന്ന പദപ്രയോഗത്തിന് 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും ആക്റ്റിൽ (2003-ലെ 31) നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.";

(iv) (10)-ാം ഉപവകുപ്പിനുശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(11) ഒരു കടവിലെ മണൽവാരൽ പ്രവർത്തനങ്ങളും അത്തരം മണൽ കടത്തിക്കൊണ്ടുപോകുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി മാത്രമേ ചെയ്യുവാൻ പാടുള്ളു.".

8. 15-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) കടവുകൾ അനുവദിച്ചിട്ടുള്ള സ്ഥലങ്ങൾ ഒഴികെ മണൽ വാരുന്നതിനും നീക്കം ചെയ്യുന്നതിനും സാധ്യതയുള്ള മറ്റെല്ലാസ്ഥലങ്ങളും, യാതൊരു വാഹനവും നദീതീരത്തേക്ക് കൊണ്ടുവരുന്നില്ലെന്നും അനധികൃത മണൽ വാരലും നീക്കം ചെയ്യലും നടത്തുന്നില്ലെന്നും ഉറപ്പ് വരുത്തുന്നതിലേക്കായി, ചങ്ങലകളും തൂണുകളും സ്ഥാപിച്ച് അടയ്ക്കേണ്ടതാണ്:

എന്നാൽ, അങ്ങനെയുള്ള സ്ഥലങ്ങളുടെ അടയ്ക്കൽ 1882-ലെ ഇന്ത്യൻ ഈസ്മെന്റ് ആക്റ്റ് (1882-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഏതെങ്കിലും ആൾക്ക് സിദ്ധിച്ചിട്ടുള്ള യാതൊരു അവകാശത്തെയും ബാധിക്കുവാൻ പാടുള്ളതല്ല.

(6) മണൽ വാരുവാൻ അനുവദിച്ചിട്ടുള്ള ഭാഗങ്ങൾ വ്യക്തമായ അടയാളങ്ങൾ ഉപയോഗിച്ച് വേർതിരിക്കേണ്ടതാണ്.

(7) മണൽ വാരുന്നതിനും നീക്കം ചെയ്യുന്നതിനും ഉപയോഗിക്കുന്ന എല്ലാ വള്ളങ്ങൾക്കും, 23-ാം വകുപ്പിലെ വിശദീകരണത്തിൻകീഴിൽ വരുന്ന അങ്ങനെയുള്ള മറ്റു വാഹനങ്ങൾക്കും പ്രത്യേക തിരിച്ചറിയൽ നമ്പർ നൽകേണ്ടതും അപ്രകാരം നമ്പരില്ലാത്ത വാഹനങ്ങളിൽ മണൽ വാരുന്നതിനും നീക്കം ചെയ്യുന്നതിനും അനുവാദം നൽകുവാൻ പാടില്ലാത്തതുമാകുന്നു.".

9. 17-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിൽ,—

(i) (4)-ാം ഉപവകുപ്പിൽ "ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാപനത്തിന്റെ സെക്രട്ടറി" എന്ന വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട തദ്ദേശാധികാരസ്ഥാപനത്തിന്റെ സെക്രട്ടറിയും ആ ജില്ലയിലുള്ള ഓരോ പഞ്ചായത്തിനുംവേണ്ടി ജില്ലാ കളക്ടർ ഔദ്യോഗികമായി നാമനിർദ്ദേശം ചെയ്യാവുന്ന, റവന്യൂ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (5)-ാം ഉപവകുപ്പിന് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) (1)-ാം ഉപവകുപ്പ് പ്രകാരം കടവോ നദീതീരമോ പരിപാലിക്കുന്നതിന് ആവശ്യമായ ചെലവുകൾ വഹിക്കുന്നതിനുള്ള തുക നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കുമായി ഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.".

10. 23-ാം വകുപ്പിന് പകരം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"23. വാഹനം, കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങൾ, പണിആയുധങ്ങൾ മുതലായവ പിടിച്ചെടുക്കൽ.—ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പാലിക്കാതെ, ഏതെങ്കിലും ആൾ ഒരു കടവിൽ നിന്നും മണൽ വാരുകയോ അവിടെ നിന്നും മണൽ കടത്തിക്കൊണ്ട് പോകുകയോ ചെയ്യുന്നപക്ഷം റവന്യൂ വകുപ്പിലെ വില്ലേജാഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ അഥവാ സ്റ്റേഷൻ ഹൗസ് ആഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ അഥവാ പ്രത്യേക സംരക്ഷണ സേനയിലെ ഒരംഗമോ, അപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചതോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ പണിയായുധങ്ങൾ, ഉപകരണങ്ങൾ, കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങൾ, വാഹനങ്ങൾ, മറ്റു സാധനങ്ങൾ എന്നിവ മണൽ ഉൾപ്പെടെ, പിടിച്ചെടുക്കേണ്ടതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി 'വാഹനം' എന്ന പദപ്രയോഗത്തിൽ നാടൻവള്ളം, ചങ്ങാടം, മറ്റേതെങ്കിലും യാനം എന്നിവ കൂടി ഉൾപ്പെടുന്നതാണ്.

23എ. മണൽ, വാഹനങ്ങൾ മുതലായവ കണ്ടുകെട്ടൽ.—(1) 23-ാം വകുപ്പ് പ്രകാരം ഏതെങ്കിലും വസ്തുക്കൾ പിടിച്ചെടുക്കുന്ന സംഗതിയിൽ, അപ്രകാരമുള്ള വസ്തുക്കൾ പിടിച്ചെടുക്കുന്ന ഉദ്യോഗസ്ഥൻ, പ്രസ്തുത വസ്തുക്കളിൻമേൽ എല്ലാം അവ പിടിച്ചെടുത്തതാണ് എന്ന് സൂചിപ്പിക്കുന്നതിനുള്ള ഒരു മുദ്ര വയ്ക്കേണ്ടതും, പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, അപ്രകാരം വസ്തുക്കൾ പിടിച്ചെടുത്ത് 48 മണിക്കൂറിനകം, അങ്ങനെ പിടിച്ചെടുത്തതായി, പ്രസ്തുത വസ്തുക്കൾ പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെയും സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെയും ഓരോ റിപ്പോർട്ട് നൽകേണ്ടതും അങ്ങനെ പിടിച്ചെടുത്ത വിവരം വസ്തുക്കൾ പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറെക്കൂടി അറിയിക്കേണ്ടതുമാണ്. ഇപ്രകാരം വസ്തുക്കൾ പിടിച്ചെടുത്തത് സംബന്ധിച്ച വിവരം ലഭിക്കുന്നപക്ഷം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 102-ാം വകുപ്പ് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് അധികാരിതയുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ ലഭിക്കുന്നപക്ഷം അതിൻമേൽ, ഈ ആക്റ്റിലെ മറ്റ് വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും പിടിച്ചെടുത്ത വസ്തുക്കൾ സംബന്ധിച്ച് യാതൊരു അവകാശ വാദവും ഉന്നയിക്കാതിരിക്കുകയോ അവ വിട്ടുകിട്ടുവാനുള്ള അപേക്ഷ തൃപ്തികരമല്ലെന്ന് കോടതിക്ക് ബോധ്യപ്പെടുകയോ ചെയ്യുന്നപക്ഷം അവ (4)-ാം ഉപവകുപ്പ് പ്രകാരമുള്ള കണ്ടുകെട്ടലിന് വിധേയമാക്കേണ്ടതുമാണ്:

എന്നാൽ, പിടിച്ചെടുത്ത വസ്തു അതിന്റെ ശരിയായ സൂക്ഷിപ്പിനുവേണ്ടി ഏതൊരാൾക്കും നൽകുകയോ, വിട്ടുകൊടുക്കുകയോ ചെയ്യുന്നത് മതിയായ ഈടിൻമേൽ ആയിരിക്കേണ്ടതും അങ്ങനെ നൽകുകയോ വിട്ടുകൊടുക്കുകയോ ചെയ്യുന്നത് ഈ ആക്റ്റ് പ്രകാരമുള്ള കണ്ടുകെട്ടൽ നടപടികൾ പൂർത്തിയാകുന്നതുവരെ മാത്രമായിരിക്കേണ്ടതുമാണ്:

എന്നുമാത്രമല്ല, യാതൊരു കാരണവശാലും പിടിച്ചെടുത്ത മണൽ യാതൊരാൾക്കും വിട്ടുകൊടുക്കാൻ പാടില്ലാത്തതും ആയത് (4)-ാം ഉപവകുപ്പ് പ്രകാരമുള്ള കണ്ടുകെട്ടലിന് വിധേയമാക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു റിപ്പോർട്ട് ഒരു സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുമ്പാകെ ലഭിക്കുന്നപക്ഷം 23-ാം വകുപ്പ് പ്രകാരം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടാതിരിക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ, നോട്ടീസിൽ പറയുന്ന പ്രകാരമുള്ള നിശ്ചിതസമയത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, വാഹനത്തിന്റെയോ പണിയായുധങ്ങളുടേയോ ഉപകരണങ്ങളുടേയോ കയറ്റുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങളുടെയോ മറ്റ് വസ്തുക്കളുടെയോ ഉടമസ്ഥന് അഥവാ അതിന്റെ നിയന്ത്രണമുള്ള ആൾക്ക് ഒരു നോട്ടീസ് നൽകേണ്ടതാണ്.

(4) പിടിച്ചെടുത്ത വസ്തുക്കളുടെ ഉടമസ്ഥനോ അഥവാ അതിന്റെ നിയന്ത്രണമുള്ള ആളോ വിശദീകരണം നൽകാതിരിക്കുകയോ നൽകിയ വിശദീകരണം തൃപ്തികരമല്ലാതിരിക്കുകയോ ചെയ്യുകയും 23-ാം വകുപ്പ് പ്രകാരം പിടിച്ചെടുത്ത വസ്തുക്കൾ കണ്ടുകെട്ടേണ്ടതാണെന്ന് സബ് ഡിവിഷണൽ മജിസ്ട്രേറ്റിന് ബോദ്ധ്യപ്പെടുകയും ചെയ്താൽ അദ്ദേഹം, ഒരു ഉത്തരവുമൂലം അത് കണ്ടുകെട്ടേണ്ടതും, ആ വിവരം അവയുടെ ഉടമസ്ഥനെയോ അഥവാ അതിന്റെ നിയന്ത്രണമുള്ള ആളിനെയോ രേഖാമൂലം അറിയിക്കേണ്ടതുമാണ്:

എന്നാൽ, പിടിച്ചെടുത്ത വസ്തുക്കളുടെ ഉടമസ്ഥനോ അഥവാ അവയുടെ നിയന്ത്രണമുള്ള ആൾക്കോ, കണ്ടുകെട്ടിയ വസ്തുക്കൾക്ക് പകരമായി, മണൽ ഒഴികെ, കണ്ടുകെട്ടിയ വസ്തുക്കളുടെ, ജില്ലാ കളക്ടർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിലയ്ക്ക് തുല്യമായ തുക അടച്ചുകൊണ്ട് അവ വീണ്ടെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകേണ്ടതാണ്:

എന്നുമാത്രമല്ല, യാതൊരു കാരണവശാലും വില ഈടാക്കിക്കൊണ്ട്, കണ്ടുകെട്ടിയ മണൽ വിട്ടുകൊടുക്കാൻ പാടുള്ളതല്ല.

(5) (4)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച തുക 23ഡി വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

(6) (4)-ാം ഉപവകുപ്പ് പ്രകാരം കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ, നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതും അപ്രകാരം ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്.

(7) ഈ വകുപ്പ് പ്രകാരം കണ്ടുകെട്ടൽ നടത്തുന്നത് പ്രസ്തുത കുറ്റത്തിന് ഈ ആക്റ്റ് പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള ശിക്ഷയ്ക്ക് പുറമേ ആയിരിക്കുന്നതാണ്.

23ബി. <u>ജില്ലാ കളക്ടർക്കുള്ള റിവിഷൻ.</u>—23എ വകുപ്പ് പ്രകാരമുള്ള കണ്ടുകെട്ടൽ ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും, പ്രസ്തുത ഉത്തരവിന്റെ തീയതി മുതൽ 15 ദിവസത്തിനകം ജില്ലാ കളക്ടർക്ക് റിവിഷൻ നൽകാവുന്നതും പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കേണ്ടതാണ് എന്ന് രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം, അദ്ദേഹത്തിന് പ്രസ്തുത ഉത്തരവ് പുതുക്കുകയോ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ, സമയപരിധിക്കുള്ളിൽ റിവിഷൻ ഫയൽ ചെയ്യാതിരുന്നതിന് റിവിഷൻ അപേക്ഷകന് മതിയായ കാരണങ്ങളുണ്ടായിരുന്നുവെന്ന് ജില്ലാ കളക്ടർക്ക് ബോദ്ധ്യമാകുന്നപക്ഷം ആദ്ദേഹത്തിന് 15 ദിവസം വരെയുള്ള കാലതാമസം മാപ്പാക്കാവുന്നതും എന്നാൽ അതിനുശേഷമുള്ള കാലതാമസം മാപ്പാക്കുവാൻ പാടില്ലാത്തതുമാകുന്നു.

23സി. <u>ജില്ലാ കോടതിക്കുള്ള അപ്പീൽ.</u>—(1) 23ബി വകുപ്പിൻകീഴിലുള്ള, ജില്ലാ കളക്ടറുടെ ഉത്തരവുമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും, ജില്ലാ കളക്ടറുടെ ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം വസ്തു പിടിച്ചെടുത്ത സ്ഥലത്ത് അധികാരിതയുള്ള ജില്ലാ കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീലിൻമേൽ ജില്ലാ കോടതിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

23ഡി. കണ്ടുകെട്ടിയ വസ്തു അഥവാ കണ്ടുകെട്ടലിന് പകരമായി നൽകിയ തുക മടക്കി നൽകൽ.—23ബി വകുപ്പ് പ്രകാരം ഫയൽ ചെയ്ത റിവിഷനിൽ ജില്ലാ കളക്ടറോ, അഥവാ 23സി വകുപ്പ് പ്രകാരം ഫയൽ ചെയ്ത അപ്പീലിൽ ജില്ലാ കോടതിയോ, അതത് സംഗതിപോലെ, 23എ വകുപ്പ് അഥവാ 23ബി വകുപ്പ് പ്രകാരമുള്ള ഉത്തരവ് ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്താൽ, കണ്ടുകെട്ടിയ വസ്തുക്കളോ അഥവാ കണ്ടുകെട്ടലിന് പകരമായി നൽകിയ തുകയോ അവയുടെ ഉടമസ്ഥനോ അഥവാ അവയുടെ നിയന്ത്രണമുള്ള ആൾക്കോ തിരിച്ചുനൽകേണ്ടതും തുക തിരിച്ച് നൽകുന്ന സംഗതിയിൽ അത് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും നൽകേണ്ടതുമാണ്.".

11. 25-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 25-ാം വകുപ്പിനുപകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"25. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—(1) അധികാരിതയുള്ള കോടതിക്ക്, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റമാണെന്നുള്ള വിവരങ്ങൾ കാണിച്ചുകൊണ്ട്, 23-ാം വകുപ്പിൽ പരാമർശിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെയോ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ ജിയോളജിസ്റ്റിന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലോ 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 173-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു പോലീസ് റിപ്പോർട്ടിന്മേലോ അങ്ങനെയുള്ള കുറ്റം വിചാരണയ്ക്കെടുക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥന് ബോധ്യമാകുന്നപക്ഷം അദ്ദേഹം അത് സംബന്ധിച്ച് എത്രയും പെട്ടെന്ന് അധികാരിതയുള്ള മജിസ്ട്രേറ്റ് കോടതി മുൻപാകെ ഒരു പരാതി ബോധിപ്പിക്കേണ്ടതാണ്.".

12. 26എ, 26ബി, 26സി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പിനുശേഷം, താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"26എ. പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള ഏതൊരു പ്രവർത്തനവും തടയുന്നതിനും ഓരോ കടവിലും ഈ ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും വേണ്ടി, സർക്കാർ, ഒരു പ്രത്യേക സംരക്ഷണ സേന രൂപീകരിക്കേണ്ടതാണ്.

(2) പ്രത്യേക സംരക്ഷണസേനയുടെ ഘടനയും അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്.

26ബി. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളോ പ്രകാരമുള്ള കർത്തവ്യങ്ങളും ചുമതലകളും നിറവേറ്റുന്നതിനായി ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതൊരു കാര്യം സംബന്ധിച്ചും യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടിയോ ഏതൊരാൾക്കും എതിരെ നിലനിൽക്കുന്നതല്ല.

26സി. ചില ഉദ്യോഗസ്ഥർ പബ്ലിക് സെർവന്റുമാരായി കരുതപ്പെടുമെന്ന്.—23, 23എ, 25 എന്നീ വകുപ്പുകളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമ സംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ വരുന്ന ഒരു പബ്ലിക് സെർവന്റായി കരുതപ്പെടുന്നതാണ്.".

13. സാധൂകരണവും താൽക്കാലിക വ്യവസ്ഥകളും.—2011-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2011-ലെ 20) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യത്തിലില്ലാതായിത്തീർന്നിരുന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ 2010 ജൂൺ 14-ാം തീയതി മുതൽ 2011 ജൂലൈ 13-ാം തീയതി വരെ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ എല്ലാ കാര്യങ്ങളും എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ എല്ലാ നടപടികളും സാധുവായി കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത കാലയളവിൽ പിടിച്ചെടുത്ത വസ്തുക്കൾ സംബന്ധിച്ച് ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം പ്രോസിക്യൂഷൻ നടപടികളും കണ്ടുകെട്ടൽ നടപടികളും തുടരാവുന്നതും;

ആകുന്നു:

എന്നാൽ, 2011 ജൂലൈ 13-ാം തീയതി മുതൽ 2012-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2012-ലെ 60) പ്രാബല്യത്തിൽ വന്ന തീയതി വരെയുള്ള കാലയളവിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

14. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ഓർഡിനൻസ് (2013-ലെ 17) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

GOVERNMENT OF KERALA

**Law (Legislation-B) Department**

NOTIFICATION

No.10167/Leg. B2/2010/Law. *Dated, Thiruvananthapuram,* $\frac{\textit{7th March, 2013.}}{\textit{16th Phalguna, 1934.}}$

In pursuance of clause (3) of article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Protection of River Banks and Regulation of Removal of Sand (Amendment) Act, 2013 (15 of 2013).

By order of the Governor,

C. K. Padmakaran,

*Special Secretary (Law).*

[Translation in English of "2013-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ആക്റ്റ്" published under the authority of the Governor.]

## ACT 15 OF 2013

## THE KERALA PROTECTION OF RIVER BANKS AND REGULATION OF REMOVAL OF SAND (AMENDMENT) ACT, 2013

*An Act to amend the Kerala Protection of River Banks and Regulation of Removal of Sand Act, 2001.*

*Preamble.*—WHEREAS, it is expedient to amend the Kerala Protection of River Banks and Regulation of Removal of Sand Act, 2001 for the purposes hereinafter appearing;

BE it enacted in the Sixty-fourth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Protection of River Banks and Regulation of Removal of Sand (Amendment) Act, 2013.

(2) It shall be deemed to have come into force on the 25th day of November, 2012.

2. *Amendment of section 2.*—In section 2 of the Kerala Protection of River Banks and Regulation of Removal of Sand Act, 2001 (18 of 2001) (hereinafter referred to as the principal Act),—

(i) the existing clause (a) shall be re-lettered as clause (aa) and before clause (aa) as so re-lettered, the following clause shall be inserted, namely:—

"(a) "authorised officer" means the Commissioner of Land Revenue authorised under section 2B and includes the officer entrusted by the Government under the said section to assist him;";

(ii) after clause (b), the following clause shall be inserted, namely:—

"(ba) "State High Level Committee" means the State High Level Committee constituted under section 2A;";

(iii) after clause (k), the following clause shall be inserted, namely:—

"(ka) "Special Protection Force" means the Special Protection Force constituted under section 26A;".

3. *Insertion of new sections 2A and 2B.*—In Chapter II of the principal Act, before section 3, the following sections shall be inserted, namely:—

"2A. *Constitution of State High Level Committee.*—(1) The Government shall, by notification in the Gazette, constitute a State High Level Committee to scrutinize the schemes recommended by the District Expert Committee and to grant approval to them.

(2) The State High Level Committee constituted under sub-section (1) shall consist of the following members, namely:—

| | | | |
|---|---|---|---|
| (i) | The Minister for Revenue | .. | Chairman |
| (ii) | The Secretary to Government in-charge of the Revenue Department | .. | Convener |
| (iii) | Law Secretary | .. | Member |
| (iv) | The Commissioner of Land Revenue | .. | Member |
| (v) | Director of the Centre for Earth Science Studies | .. | Member |
| (vi) | One Additional Director General of Police to be nominated by the Government | .. | Member |
| (vii) | Chief Engineer of the Irrigation Department to be nominated by the Government | .. | Member |
| (viii) | Two Environmental Scientists to be nominated by the Government | .. | Members |
| (ix) | Two Environmentalists to be nominated by the Government | .. | Members |

(3) The State High Level Committee shall meet at least once in two months at such time and place as the Chairman may decide.

(4) The quorum for the meeting of the State High Level Committee shall be five and one among them shall be a scientist under item (viii) of sub-section (2).

(5) No Administrative sanction shall be given to any scheme recommended by the District Expert Committee unless it is approved by the State High Level Committee.

(6) The State High Level Committee shall have the power to give approval to any scheme as it may deem fit, even without recommendation of the District Expert Committee.

(7) The term of the members other than official members in the State High Level Committee, shall be three years from the date of nomination and shall be eligible for re-nomination.

(8) The non-official members who have completed their term may, continue in the Committee till new members are nominated in their place.

2B. *Authorised Officer.*—(1) The Commissioner of Land Revenue shall be the authorised officer to exercise overall supervision of the implementation of the provisions of this Act and he shall be assisted by an officer not below the rank of Joint Land Revenue Commissioner entrusted by the Government for the purpose.

(2) All officers to act under the provisions of this Act shall be bound to comply with the directions given by the authorised officer.".

4. *Amendment of section 3.*—In section 3 of the principal Act,—

(1) in sub-section (2),—

(i) in clause (1), for the words "two Environmentalists", the words "three Environmentalists" shall be substituted ;

(ii) after clause (o), the following clauses shall be inserted, namely:—

"(p) Revenue Divisional Officer or Revenue Divisional Officers having jurisdiction in the district ;

(q) three persons to be nominated by the Government from among the registered organisaton of sand removing workers of the district ;

(r) Tahasildars of all the Taluks in the district and the Additional Tahasildars having jurisdiction in relation to regulation of sand removal in the district.";

(2) In sub-section (3), for the words, "the Executive Engineer of the Irrigation Department", the words "the Revenue Divisional Officer in-charge of the Headquarters" shall be substituted.

5. *Amendment of section 4.*—In sub-section (1) of section 4 of the principal Act,—

(i) in clause (i), for the words "two Environmentalists", the words "three Environmentalists" shall be substituted ;

(ii) after clause (i), the following clause shall be substituted, namely:—

"(j) three persons to be nominated by the District Collector from among the registered organisatons of sand removing workers of the said area.".

6. *Amendment of section 9.*—In section 9 of the principal Act,—

(i) the existing section shall be numbered as sub-section (1) thereof and in clause (b) of sub-section (1) as so numbered, after the words "of expert agencies like the Centre for Earth Science Studies and Centre for Water Resources Development and Management", the words "or other agencies in the sector, as may be specified by the Government from time to time" shall be inserted;

(ii) after sub-clause (1), the following sub-clause shall be inserted, namely :—

"(2) Where it is not possible to implement the conditions referred to in section 12 or are not being implemented, the District Expert Committee shall not grant permission to remove sand from any Kadavu or cancel the permission granted as the case may be.".

7. *Amendment of section 12.*—In section 12 of the principal Act,—

(i) in sub-section (2), for the words and figures, "before 6 a.m. and after 3 p.m.", the words and figures "before 7 a.m. and after 4 p.m." shall be substituted;

(ii) in sub-section (4), for the figure "10" the figure "15" shall be substituted ;

(iii) for sub-section(5), the following sub-section shall be substituted, namely:—

"(5) No sand removal operation shall be carried out within a distance of 500 metres from any bridge or any irrigation project or pumping station of water supply projects or check dams or from their retaining wall or the venue of any religious or cultural activities conducted on river bank or the sand bank in river or in part of the river.

*Explanation.*—For the purpose of this sub-section, the expression "water supply project" shall have the same meaning as assigned in the Kerala Irrigation and Water Conservation Act, 2003 (31 of 2003),";

(iv) after sub-section (10), the following sub-section shall be inserted, namely:—

"(11) The sand removal operations in a kadavu and transportation of such sand shall be carried out, only subject to such conditions and restrictions, as may be prescribed.".

8. *Amendment of section 15.*—In section 15 of the principal Act, after sub-section (4), the following sub-sections shall be inserted, namely:—

"(5) All places, where sand removal and transportation are possible other than the places where the Kadavus are permitted, shall be closed by putting up of chains and pillars so as to ensure that no vehicles are taken to river bank and no illegal sand removal and transportation are carried on:

Provided that the closure of such places shall not affect any right accrued to any person under the Indian Easement Act, 1882 (Central Act 5 of 1882).

(6) the areas from where sand is permitted to be removed shall be demarcated by visible marks.

(7) All country boats used for collection and removal of sand and such other vehicles coming under the Explanation to section 23 shall be given separate identity number and no permission shall be given for collection and removal of sand in the vehicles having no such number.".

9. *Amendment of section 17.*—In section 17 of the principal Act,—

(i) in sub-section (4), for the words "the Secretary of the local authority concerned", the words "the Secretary of the local authority concerned and an officer of the Revenue Department as may be, officially nominated by the District Collector, for each Panchayath in that district" shall be substituted.

(ii) after sub-section (5) the following sub-section shall be inserted, namely:—

"(6) The amount required for defraying the expenditure towards management of the kadavu or riverbank under sub-section (1), shall be appropriated from the Fund in the manner and for such purposes as may be prescribed.".

10. *Substitution of new sections for section 23.*—For section 23 of the principal Act, the following sections shall be substituted, namely:—

"*23. Seizure of vehicle, loading equipments, tools etc.*—Where any person removes sand from any Kadavu or transport sand there from without complying with the provisions of this Act or the rules made thereunder, the tools, implements, loading equipments, vehicles and other articles used or intended to be used for such activities, including sand, shall be seized by an officer not below the rank of a Village Officer of the Revenue Department or a police officer not below the rank of a station house officer or a member of the Special Protection Force.

*Explanation:*—For the purposes of this section, the term 'vehicle' shall also include country boat, raft and any other vessel.

23A. *Confiscation of sand, vehicles, etc.*—(1) Where any property is seized under section 23, the officer seizing such property shall seal all such properties for indicating that the same is seized and shall, whether prosecution proceedings have been initiated or not, within forty eight hours of such seizure make a report of such seizure before the Judicial Magistrate and before the Sub Divisional Magistrate having jurisdiction over the area from where the said properties are seized and the fact of such seizure shall be informed to the Station House Officer of the Police Station, having jurisdiction over the area. Where information regarding such seizure of property is received, the police officer concerned shall take steps under section 102 of the Code of Criminal Procedure, 1973 (Central Act 2 of 1974).

(2) Where a report under sub-section (1) is received before the Judicial Magistrate having jurisdiction, steps thereon, not contrary to the other provisions of this Act, shall be taken as per the provisions of the Code of Criminal Procedure, 1973 (Central Act 2 of 1974) and, if no claim is raised regarding the articles seized or where the Court is satisfied that the application to release them is not satisfactory, they shall be subjected to confiscation under sub-section (4):

Provided that the release of the properties seized to any person, for its safe custody, to any person or its disposal, shall be on sufficient security and such release or disposal shall only be till the completion of the confiscation proceedings under this Act:

Provided further that the sand seized shall not, for any reason, be released to any person and the same shall be subjected to confiscation under sub-section (4).

(3) Where a report under sub-section (1) is received before a Sub-Divisional Magistrate, a notice requiring to furnish in writing within the stipulated time as stated in the notice, the reasons, if any, for not confiscating the property seized under section 23, shall be issued to the owner of, or the person having control of, the vehicle, tool, implements, loading equipment, or other article.

(4) Where the owner of the properties seized or the person having control of the same does not furnish explanation or the explanation given is not satisfactory, and the Sub Divisional Magistrate is satisfied that the properties seized under section 23 are to be confiscated, he shall, by an order, confiscate the same and the fact shall be informed in writing to its owner or the person having its control:

Provided that the owner of the properties seized or the person having its control shall be given the liberty to reclaim it, except sand, by remitting an amount equal to the value of the confiscated articles, as fixed by the Collector, in lieu of the properties confiscated:

Provided further that the sand confiscated shall not for any reason, be released by realising the value.

(5) The amount received under sub-section (4) shall, subject to the provisions of section 23D, be remitted to the River Management Fund.

(6) The sand confiscated under sub-section (4) shall be sold to Nirmithi Kendra or to 'Kalavara' at such rate, as may be fixed by the Public Works Department from time to time and such amount shall be remitted to the River Management Fund.

(7) The confiscation under this section shall be in addition to the penalty provided for the offence under this Act.

*23B. Revision to the District Collector.*—Any person aggrieved by an order of confiscation under section 23A may, within fifteen days from the date of such order, prefer a revision to the District Collector and where the District Collector is satisfied on the basis of documents that the said order requires reconsideration, he may revise, amend or cancel such order:

Provided that where the District Collector is satisfied that the revision petitioner had sufficient cause for not filing the revision within the time limit, he may condone the delay up to 15 days, but further delay shall not be condoned.

*23C. Appeal to the District Court.*—(1) Any person aggrieved by an order of the District Collector under section 23B may, within thirty days from the date of order of the District Collector, file an appeal before the District Court having jurisdiction over the area from where the property is seized.

(2) The decision of the District Court on the appeal under sub-section (1) shall be final.

*23D. Return of the confiscated article or the amount paid in lieu of confiscation.*—Where the District Collector, in a revision filed under section 23B or the District Court in an appeal filed under section 23C, amend or cancel an order under section 23A or section 23B, as the case may be, the articles confiscated or the amount paid in lieu of confiscation shall be returned to the owner or person having its control and in case of refund of the amount, it shall be paid from the River Management Fund.".

11. *Amendment of section 25.*—For section 25 of the principal Act, the following section shall be substituted, namely:—

"25. *Cognizance of offences.*—(1) The Court having jurisdiction may, upon a written complaint by an officer referred to in section 23 or of a Geologist of the Mining and Geology Department or upon a police report under sub-section (2) of section 173 of the Code of Criminal Procedure, 1973 (Central Act 2 of 1974), constituting an offence under this Act, take cognizance of such offence.

(2) Where an officer referred to under sub-section (1) is satisfied that an offence under this Act has been committed, he shall, as soon as may be, file a complaint relating to that, before the Magistrate Court having jurisdiction.".

12. *Insertion of new sections 26A, 26B and 26C.*—After section 26 of the principal Act, the following new sections shall be inserted, namely:—

"*26A. Constitution of Special Protection Force.*—(1) The Government shall, for the purpose of preventing any activity violating the provisions of this Act and to ensure the compliance of the provisions of this Act in each Kadavu, constitute a Special Protection Force.

(2) The composition, powers and functions of the Special Protection Force shall be such as may be prescribed.

*26B. Protection of action taken in good faith.*—No litigation, prosecution or other legal proceeding shall lie against any person in respect of anything done or intended to be done in good faith for performing the duties and functions under this Act or the rules made thereunder.

*26C. Certain officers to be deemed to be public servants.*—Any officer authorised under section 23, section 23 A and section 25 shall be deemed to be a public servant within the meaning of section 21 of the Indian Penal Code, 1860 (Central Act 45 of 1860).".

13. *Validation and temporary provisions.*—Notwithstanding the cesser of operation of the Kerala Protection of River Banks and Regulation of Removal of Sand (Amendment) Ordinance, 2011 (20 of 2011) (hereinafter referred to as the said Ordinance),—

(a) Everything done or deemed to have been done and every action taken or deemed to have been taken from the 14th day of June, 2010 to the 13th day of July, 2011 under the principal Act as amended by the said Ordinance shall be deemed to be valid;

(b) the prosecution proceedings and the confiscation proceedings in respect of the properties seized during the said period as per the provisions of the principal Act as amended by the said Ordinance, so far as they are not inconsistent with the provisions of the principal Act as amended by this Act, may be continued:

Provided that no person accused of an offence under the principal Act as amended by the said Ordinance, during the period from the 13th day of July, 2011 to the date of commencement of the Kerala Protection of River Banks and Regulation of Removal of Sand (Amendment) Ordinance, 2012 (60 of 2012) shall be liable to be convicted.

14. *Repeal and saving.*—(1) The Kerala Protection of River Banks and Regulation of Removal of Sand (Amendement) Ordinance, 2013 (17 of 2013) is hereby repealed.

(2) Notwithstanding such repeal, anything done or demeed to have been done or any action taken or deemed to have been taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Act.

REV-P3/20/2022-REV

6021292/2022/REV

# കേരള സർക്കാർ

## റവന്യൂ (പി) വകുപ്പ്

## വിജ്ഞാപനം*

ജി. ഒ. (പി) നമ്പർ 114/2002/ആർ.ഡി. *തിരുവനന്തപുരം, 2002 ഏപ്രിൽ 27.*

**എസ്. ആർ. ഒ. നമ്പർ 332/2002.**—2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ 18-ാം ആക്റ്റ്) 26-ാം വകുപ്പ് പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ താഴെ പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങൾ എന്നു പേർ പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ 18-ാം ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) "റിവർ മാനേജ്മെന്റ് ഫണ്ട്" എന്നാൽ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരം (ഈ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും) രൂപീകരിച്ച റിവർ മാനേജ്മെന്റ് ഫണ്ട് എന്നർത്ഥമാകുന്നു;

(സി) "റവന്യൂ ഡിവിഷണൽ ഓഫീസർ" എന്നാൽ റവന്യൂ വകുപ്പിലെ റവന്യൂ ഡിവിഷണൽ ഓഫീസർ എന്നർത്ഥമാകുന്നു;

(ഡി) "തഹസീൽദാർ" എന്നാൽ റവന്യൂ താലൂക്കിന്റെ ചുമതലയുള്ള തഹസീൽദാർ എന്നർത്ഥമാകുന്നു;

(ഇ) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

* 2002 മേയ് മാസം 4-ാം തീയതി കേരള അസാധാരണ ഗസറ്റ് നമ്പർ 590 ആയി പ്രസിദ്ധീകരിച്ചത്.

3. ജില്ലാ വിദഗ്ദ്ധ സമിതികളുടെ യോഗങ്ങൾ.—(1) ജില്ലാ വിദഗ്ദ്ധ സമിതിയുടെ യോഗം അതിന്റെ ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും കൂടേണ്ടതാണ്.

(2) യോഗത്തിന്റെ അജണ്ട ജില്ലാ വിദഗ്ദ്ധ സമിതിയുടെ ചെയർമാനുമായി ആലോചിച്ച് സമിതിയുടെ കൺവീനർ തയ്യാറാക്കേണ്ടതാണ്.

(3) യോഗത്തിന്റെ പരിഗണന ആവശ്യമുള്ളതായി ചെയർമാൻ നിർദ്ദേശിക്കുന്ന വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(4) യോഗസ്ഥലവും തീയതിയും സമയവും യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളും സംബന്ധിച്ച് നോട്ടീസ് യോഗം തുടങ്ങുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മൂന്ന്. പൂർണ്ണ ദിവസങ്ങൾക്ക് മുമ്പ് എങ്കിലും എല്ലാ അംഗങ്ങൾക്കും നൽകിയിരിക്കേണ്ടതാണ്.

(5) നിശ്ചിത യോഗത്തിന് നൽകിയിട്ടുള്ള അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു വിഷയവും ആ യോഗത്തിൽ പരിഗണിക്കുവാൻ പാടില്ലാത്തതാകുന്നു.

(6) (1)-ാം ഉപചട്ടത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജില്ലാ വിദഗ്ദ്ധ സമിതിയിൽ തൽസമയം നിലവിലുള്ള അംഗസംഖ്യയുടെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ സമിതിയുടെ യോഗം വിളിച്ചുകൂട്ടണമെന്ന് ചെയർമാനോട് രേഖാമൂലം ആവശ്യപ്പെടുന്നപക്ഷം ചെയർമാൻ അപ്രകാരം യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(7) ഈ ആക്റ്റ് പ്രകാരമോ ഈ ചട്ടങ്ങൾ പ്രകാരമോ സിദ്ധിച്ച ജില്ലാ വിദഗ്ദ്ധ സമിതിയുടെ ഏതെങ്കിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെയോ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റിന്റെയോ അതുപോലെയുള്ള മറ്റേതെങ്കിലും സ്ഥാപനത്തിന്റെയോ വിദഗ്ദ്ധരുടെ സഹായമോ ഉപദേശമോ അതിന് അഭികാമ്യമായി തോന്നിയാൽ അപ്രകാരമുള്ള ആവശ്യങ്ങൾക്ക് അതിന് അപ്രകാരമുള്ള സ്ഥാപനവുമായി കൂടിയാലോചിച്ച് ഏതൊരാളിനേയും അതുമായി ബന്ധപ്പെടുത്താവുന്നതും അപ്രകാരം ബന്ധപ്പെടുത്തപ്പെട്ട ആൾക്ക് ആ ആവശ്യത്തെ സംബന്ധിച്ച് സമിതിയുടെ യോഗങ്ങളിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും എന്നാൽ വോട്ടു ചെയ്യാൻ അവകാശമില്ലാത്തതുമാണ്.

4. ജില്ലാ വിദഗ്ദ്ധ സമിതിയുടെ യോഗത്തിന്റെ കോറം.—(1) ജില്ലാ വിദഗ്ദ്ധ സമിതിയിലെ ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊരു ഭാഗം കോറമാകുന്നതും അത്രയും അംഗങ്ങൾ സമിതിയുടെ യോഗത്തിൽ ഹാജരില്ലാത്തപക്ഷം സമിതിയുടെ യോഗം കൂടുവാൻ പാടില്ലാത്തതാണ്.

(2) യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ എപ്പോഴെങ്കിലും നിശ്ചിത കോറമില്ലാതെ വന്നാൽ തുടർന്ന് യോഗനടപടികൾ നടത്തുവാൻ പാടില്ലാത്തതാണ്.

(3) ഒരു യോഗത്തിന് നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞ് അരമണിക്കൂറിന് ശേഷവും കോറം തികയാതിരിക്കുകയും ഹാജരുള്ള അംഗങ്ങൾ കൂടുതൽ സമയം കാത്തിരിക്കുവാൻ വിസമ്മതിക്കുകയും ചെയ്താൽ യോഗം മാറ്റിവയ്ക്കപ്പെട്ടതായി കരുതേണ്ടതാണ്.

(4) സമിതിയുടെ അംഗങ്ങളുടെ പേരുകൾ അടങ്ങിയ ഒരു രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും യോഗത്തിൽ ഹാജരായ എല്ലാ അംഗങ്ങളും അതിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്.

5. ജില്ലാ വിദഗ്ദ്ധ സമിതിയുടെ യോഗനടത്തിപ്പും അദ്ധ്യക്ഷത വഹിക്കലും.—(1) ജില്ലാ വിദഗ്ദ്ധ സമിതിയുടെ ഏതൊരു യോഗത്തിലും അതിന്റെ ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹം നാമനിർദ്ദേശിക്കുന്ന ഏതെങ്കിലും അംഗമോ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(2) സമിതിയുടെ യോഗത്തിന്റെ പരിഗണനയ്ക്ക് വരുന്ന എല്ലാ വിഷയങ്ങളിലും യോഗത്തിൽ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടു പ്രകാരം തീരുമാനിക്കേണ്ടതും, വോട്ടുകൾ, തുല്യമാകുന്ന എല്ലാ സംഗതികളിലും അദ്ധ്യക്ഷന് ഒരു കാസ്റ്റിംഗ് വോട്ടുകൂടി വിനിയോഗിക്കാവുന്നതുമാണ്.

(3) ഏത് ക്രമപ്രശ്നത്തിൻമേലും, തീരുമാനം എടുക്കുന്നതിനുള്ള പരിപൂർണ്ണാധികാരം അദ്ധ്യക്ഷന് ഉണ്ടായിരിക്കുന്നതും അത് പ്രാബല്യത്തിൽ കൊണ്ടുവരാൻ ആവശ്യമായ അധികാരം അദ്ദേഹത്തിന് ഉണ്ടായിരിക്കുന്നതുമാണ്.

6. ജില്ലാ വിദഗ്ദ്ധ സമിതിയുടെ യോഗനടപടിക്കുറിപ്പ് തയ്യാറാക്കൽ.—(1) ജില്ലാ വിദഗ്ദ്ധ സമിതിയുടെ യോഗനടപടികൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു മിനിറ്റ്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും അത് ചെയർമാന്റെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്.

(2) യോഗത്തിന്റെ നടപടികളുടെ നക്കൽ കൺവീനർ തയ്യാറാക്കി യോഗം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

(3) കൺവീനർ തയ്യാറാക്കിയ യോഗനടപടിക്കുറിപ്പ് അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് യോഗതീരുമാനങ്ങളെ സംബന്ധിച്ച് ഏതെങ്കിലും തിരുത്തലുകൾ അതിൽ ആവശ്യമാണെങ്കിൽ അപ്രകാരമുള്ള തിരുത്തലുകളോടെയോ അല്ലാതെയോ കൺവീനർക്ക് തിരിച്ചയയ്ക്കേണ്ടതാണ്.

(4) അദ്ധ്യക്ഷൻ അംഗീകരിച്ച് യോഗനടപടിക്കുറിപ്പ് കൺവീനർക്ക് ലഭിച്ചാൽ ഉടൻതന്നെ മിനിറ്റ്സ് ബുക്കിൽ അത് രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പുവാങ്ങേണ്ടതാണ്.

(5) യോഗനടപടിക്കുറിപ്പ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിക്കഴിഞ്ഞാൽ ഉടൻതന്നെ കൺവീനർ യോഗ നടപടിക്കുറിപ്പിന്റെ കോപ്പി മറ്റംഗങ്ങൾക്ക് നല്കേണ്ടതാണ്.

7. ജില്ലാ വിദഗ്ദ്ധ സമിതിയുടെ മിനിറ്റ്സ് അയച്ചുകൊടുക്കൽ.—(1) ജില്ലാ വിദഗ്ദ്ധ സമിതിയുടെ ഓരോ യോഗത്തിലേയും നടപടിക്കുറിപ്പുകളുടെ പകർപ്പ് യോഗദിവസം കഴിഞ്ഞ് ഏഴു ദിവസത്തിനകം ചെയർമാൻ സർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(2) സമിതിയുടെ തീരുമാനം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള ഏതെങ്കിലും പ്രശ്നത്തിൻമേലോ ഏതെങ്കിലും വിയോജനക്കുറിപ്പിൻമേലോ സർക്കാരിന്റെ തീരുമാനം ഉണ്ടാകേണ്ട പക്ഷം ആയത് ചെയർമാൻ തന്റെ വിശദമായ റിപ്പോർട്ട് സഹിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രം പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ടതുമാണ്.

8. ജില്ലാ വിദഗ്ദ്ധ സമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—ആക്റ്റിലെ വ്യവസ്ഥകൾക്കും ഈ ചട്ടങ്ങളിലെ മറ്റു വ്യവസ്ഥകൾക്കും വിധേയമായി ജില്ലാ വിദഗ്ദ്ധ സമിതിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും കൂടി ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ജില്ലയിൽ ഓരോ വർഷവും മണൽവാരൽ അനുവദിക്കാവുന്ന കടവോ നദീതീരമോ കണ്ടെത്തുകയും അങ്ങനെയുള്ള കടവിൽ നിന്ന് മണൽവാരൽ നിയന്ത്രിക്കുന്നതിലേക്ക് കടവ് കമ്മിറ്റി രൂപീകരിക്കുവാൻ ജില്ലാ കളക്ടറോട് ശുപാർശ ചെയ്യുക;

(ബി) ഓരോ വർഷവും കാലവർഷത്തിനുശേഷം കടവിൽ നിന്ന് വാരാവുന്ന മണലിന്റെ അളവ് നിശ്ചയിക്കുക;

(സി) മണൽ നീക്കം ചെയ്യാവുന്ന സ്ഥലം ഓരോ വർഷവും മാറ്റി മാറ്റി നിശ്ചയിക്കുക;

(ഡി) ആക്റ്റിലേയും ഈ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ മണൽശേഖരണം നടത്തുന്നുള്ളൂവെന്ന് ഉറപ്പു വരുത്തുന്നതിനായി പ്രാദേശിക തലത്തിൽ സന്നദ്ധ സംഘടനകളേയും മറ്റും ഉൾപ്പെടുത്തി കർമ്മ സമിതികൾ രൂപീകരിക്കുക;

(ഇ) നദീതീരങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും എല്ലാവിധ കയ്യേറ്റങ്ങളും ഉടനടി ഒഴിപ്പിക്കുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുക;

(എഫ്) ജില്ലയിലുള്ള നദീതീരങ്ങൾ സൂക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും, നദീതീര വികസന പദ്ധതികൾ ആവിഷ്ക്കരിക്കുക;

(ജി) ഓരോ വർഷവും ഏതെങ്കിലും കാലയളവിൽ ജില്ലയിലുള്ള ഏതെങ്കിലും നദിയിൽ നിന്നോ കടവിൽ നിന്നോ മണൽ വാരുന്നത് നിരോധിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് സർക്കാരിനോട് ശുപാർശചെയ്യുക;

(എച്ച്) സർക്കാരോ ജില്ലാ കളക്ടറോ പുറപ്പെടുവിച്ചിട്ടുള്ള മണൽ വാരൽ നിരോധന ഉത്തരവ് നടപ്പാക്കുക;

(ഐ) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക.

9. ജില്ലാ കളക്ടറുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—ജില്ലാ കളക്ടർ ജില്ലാ വിദഗ്ദ്ധ സമിതിയുടെ ചെയർമാൻ ആയിരിക്കുന്നതും അദ്ദേഹത്തിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളുംകൂടി ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(എ) ജില്ലാ വിദഗ്ദ്ധ സമിതിയുടെ തീരുമാനങ്ങൾ നടപ്പാക്കുക;

(ബി) കടവുകമ്മിറ്റികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുകയും ചെയ്യുക;

(സി) ജില്ലാ വിദഗ്ദ്ധ സമിതിയുടെ യോഗങ്ങളിൽ അദ്ധ്യക്ഷം വഹിക്കുക;

(ഡി) ജില്ലാ വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്ക് വരുന്ന ഏതൊരു സംഗതിയിലും തന്റെ അഭിപ്രായം രേഖപ്പെടുത്തേണ്ടതും അജണ്ടയിലെ ഓരോ ഇനവും തന്റെ വ്യക്തമായ അഭിപ്രായം സഹിതം ജില്ലാ വിദഗ്ദ്ധ സമിതിയുടെ യോഗത്തിൽ വയ്ക്കുക;

(ഇ) ജില്ലാ വിദഗ്ദ്ധ സമിതിയുടെ യോഗതീരുമാനങ്ങൾ സർക്കാരിനെ അറിയിക്കുക;

(എഫ്) ആക്റ്റിലെയോ ഈ ചട്ടങ്ങളിലെയോ കീഴിൽ കടവ് കമ്മിറ്റിയോ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിൻമേലോ എടുത്ത തീരുമാനത്തിൻമേലോ, ഫയൽ ചെയ്യുന്ന അപ്പീൽ ഹർജികൾ തീരുമാനിക്കുക;

(ജി) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വരവ് ചിലവ് കണക്കുകൾ വച്ചുപോരുകയും സൂക്ഷിക്കുകയും ചെയ്യുക;

(എച്ച്) സർക്കാരോ ജില്ലാ വിദഗ്ദ്ധ സമിതിയോ അധികൃതമാക്കിയ എല്ലാവിധ ചെലവുകൾക്കുമുള്ള തുകകൾ ചെക്കായോ പണമായോ നൽകുക;

(ഐ) നദീതീരത്തോ കടവിലോ ഉള്ള കയ്യേറ്റങ്ങളും തടസ്സങ്ങളും നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക;

(ജെ) ആക്റ്റുമൂലമോ ഈ ചട്ടങ്ങളിലെ മറ്റ് വ്യവസ്ഥകൾമൂലമോ ജില്ലാ കളക്ടർക്ക് പ്രത്യേകമായി ചുമത്തിയ എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കുകയും നല്കിയ അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുക;

(കെ) ജില്ലാ വിദഗ്ദ്ധ സമിതികൾ അംഗീകരിക്കുന്ന പദ്ധതികൾ സർക്കാരിന്റെ അനുമതിയോടെ നടപ്പാക്കുക;

(എൽ) ഒരു വർഷത്തിലെ ഏതെങ്കിലും കാലയളവിൽ നദിയിൽനിന്നോ കടവിൽ നിന്നോ മണൽ വാരുന്നത് നിരോധിക്കുക;

(എം) സർക്കാർ പുറപ്പെടുവിക്കുന്ന മണൽവാരൽ നിരോധന ഉത്തരവുകൾ നടപ്പാക്കുക;

(എൻ) പദ്ധതികൾ നടപ്പാക്കുന്നത് പരിശോധന നടത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യുക;

(ഒ) കടവ് കമ്മിറ്റികളിൽ വരുന്ന ഒഴിവുകൾ നികത്തുക;

(പി) കടവ് കമ്മിറ്റികൾ വച്ചുപോരുന്ന കണക്കുകൾ പരിശോധിപ്പിക്കുക;

(ക്യൂ) മണൽ വാരുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുക.;

10. കടവ് കമ്മിറ്റികളുടെ യോഗങ്ങൾ.—(1) കടവ് കമ്മിറ്റിയുടെ യോഗം അതിന്റെ ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും കൂടേണ്ടതാണ്.

(2) യോഗത്തിന്റെ അജണ്ട കടവ് കമ്മിറ്റിയുടെ ചെയർമാനുമായി ആലോചിച്ച് കമ്മിറ്റിയുടെ കൺവീനർ തയ്യാറാക്കേണ്ടതാണ്.

(3) യോഗത്തിന്റെ പരിഗണന ആവശ്യമുള്ളതായി ചെയർമാൻ നിർദ്ദേശിക്കുന്ന വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(4) യോഗസ്ഥലവും തീയതിയും സമയവും യോഗത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങളും സംബന്ധിച്ച നോട്ടീസ് യോഗം തുടങ്ങുന്നതിന് നിശ്ചയിച്ചിട്ടുള്ള തീയതിക്ക് മൂന്ന് പൂർണ്ണ ദിവസങ്ങൾക്ക് മുമ്പ് എങ്കിലും എല്ലാ അംഗങ്ങൾക്കും നല്കിയിരിക്കേണ്ടതാണ്.

(5) നിശ്ചിത യോഗത്തിന് നല്കിയിട്ടുള്ള അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു വിഷയവും ആ യോഗത്തിൽ പരിഗണിക്കുവാൻ പാടില്ലാത്തതാകുന്നു.

(6) (1)-ാം ഉപചട്ടത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കടവ് കമ്മിറ്റിയിൽ തൽസമയം നിലവിലുള്ള അംഗസംഖ്യയുടെ മൂന്നിലൊന്നിൽ കുറയാത്ത അംഗങ്ങൾ കമ്മിറ്റിയുടെ യോഗങ്ങൾ വിളിച്ചു കൂട്ടണമെന്ന് ചെയർമാനോട് രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം ചെയർമാൻ അപ്രകാരം യോഗം വിളിച്ചു കൂട്ടേണ്ടതാണ്.

11. കടവ് കമ്മിറ്റിയുടെ യോഗത്തിന്റെ കോറം.—(1) കടവ് കമ്മിറ്റിയിൽ ആകെയുള്ള അംഗങ്ങളുടെ മൂന്നിലൊരുഭാഗം കോറമാകുന്നതും അത്രയും അംഗങ്ങൾ കമ്മിറ്റിയുടെ യോഗത്തിൽ ഹാജരില്ലാത്ത പക്ഷം കമ്മിറ്റിയുടെ യോഗം കൂടുവാൻ പാടില്ലാത്തതാണ്.

(2) യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ എപ്പോഴെങ്കിലും നിശ്ചിത കോറമില്ലാതെ വന്നാൽ തുടർന്ന് യോഗനടപടികൾ നടത്തുവാൻ പാടില്ലാത്താണ്.

(3) ഒരു യോഗത്തിന് നിശ്ചയിച്ചിട്ടുള്ള സമയം കഴിഞ്ഞ് അര മണിക്കൂറിനു ശേഷവും കോറം തികയാതിരിക്കുകയും ഹാജരുള്ള അംഗങ്ങൾ കൂടുതൽ കാത്തിരിക്കുവാൻ വിസമ്മതിക്കുകയും ചെയ്താൽ യോഗം മാറ്റിവയ്ക്കപ്പെട്ടതായി കരുതേണ്ടതാണ്.

(4) കമ്മിറ്റിയുടെ അംഗങ്ങളുടെ പേരുകൾ അടങ്ങിയ ഒരു രജിസ്റ്റർ ഉണ്ടായിരിക്കേണ്ടതും യോഗത്തിൽ ഹാജരായ എല്ലാ അംഗങ്ങളും അതിൽ ഒപ്പു രേഖപ്പെടുത്തേണ്ടതുമാണ്.

12. കടവ് കമ്മിറ്റിയുടെ യോഗ നടത്തിപ്പും അദ്ധ്യക്ഷത വഹിക്കലും.—(1) കടവ് കമ്മിറ്റിയുടെ ഏതൊരു യോഗത്തിലും അതിന്റെ ചെയർമാനോ അദ്ദേഹത്തിന്റെ അഭാവത്തിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന അംഗമോ അപ്രകാരം നാമനിർദ്ദേശം ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ യോഗത്തിൽ സന്നിഹിതരായിരിക്കുന്ന അംഗങ്ങൾ തദവസരത്തിൽ അദ്ധ്യക്ഷം വഹിക്കുന്നതിനായി ഭൂരിപക്ഷാഭിപ്രായ പ്രകാരം തെരഞ്ഞെടുക്കുന്ന ഒരംഗമോ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(2) കമ്മിറ്റിയുടെ യോഗത്തിന്റെ പരിഗണനയ്ക്ക് വരുന്ന എല്ലാ വിഷയങ്ങളിലും യോഗത്തിൽ ഹാജരുള്ള അംഗങ്ങളുടെ ഭൂരിപക്ഷ വോട്ടു പ്രകാരം തീരുമാനിക്കേണ്ടതും വോട്ടുകൾ തുല്യമാകുന്ന എല്ലാ സംഗതികളിലും അദ്ധ്യക്ഷന് ഒരു കാസ്റ്റിംഗ്‌വോട്ടുകൂടി വിനിയോഗിക്കാവുന്നതുമാണ്.

(3) ഏതു ക്രമപ്രശ്നത്തിൻമേലും തീരുമാനം എടുക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം അദ്ധ്യക്ഷന് ആയിരിക്കുന്നതും അത് പ്രാബല്യത്തിൽ കൊണ്ടുവരാൻ ആവശ്യമായ എല്ലാ അധികാരവും ഉണ്ടായിരിക്കുന്നതുമാണ്.

13. <u>കടവ് കമ്മിറ്റിയുടെ യോഗനടപടിക്കുറിപ്പ് തയ്യാറാക്കൽ.</u>—(1) കടവ് കമ്മിറ്റിയുടെ യോഗനടപടികളെ സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഒരു മിനിറ്റ്സ് ബുക്ക് ഉണ്ടായിരിക്കേണ്ടതും അത് കടവ് കമ്മിറ്റിയുടെ കൺവീനറുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണ്.

(2) യോഗത്തിന്റെ നടപടികളുടെ നക്കൽ കടവ് കമ്മിറ്റിയുടെ കൺവീനർ തയ്യാറാക്കി യോഗം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

(3) കടവ് കമ്മിറ്റിയുടെ കൺവീനർ തയ്യാറാക്കിയ യോഗനടപടിക്കുറിപ്പ് അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് യോഗ തീരുമാനങ്ങളെ സംബന്ധിച്ച് ഏതെങ്കിലും തിരുത്തലുകൾ അതിൽ ആവശ്യമാണെങ്കിൽ അപ്രകാരമുള്ള തിരുത്തലുകളോടെയോ, അല്ലാതെയോ കൺവീനർക്ക് തിരിച്ച് അയയ്ക്കേണ്ടതാണ്.

(4) അദ്ധ്യക്ഷൻ അംഗീകരിച്ച യോഗനടപടിക്കുറിപ്പ് കൺവീനർക്ക് ലഭിച്ചാൽ ഉടൻതന്നെ മിനിറ്റ്സ് ബുക്കിൽ അത് രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതാണ്.

(5) യോഗനടപടിക്കുറിപ്പ് മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയാൽ ഉടൻതന്നെ കൺവീനർ യോഗനടപടിക്കുറിപ്പിന്റെ കോപ്പി മറ്റംഗങ്ങൾക്ക് നല്കേണ്ടതാണ്.

14. <u>കടവ് കമ്മിറ്റിയുടെ മിനിറ്റ്സ് അയച്ചുകൊടുക്കൽ.</u>—(1) കടവ് കമ്മിറ്റിയുടെ ഓരോയോഗത്തിലേയും നടപടിക്കുറിപ്പുകളുടെ പകർപ്പ് യോഗദിവസം കഴിഞ്ഞ് ഏഴു ദിവസത്തിനകം കടവ് കമ്മിറ്റി കൺവീനർ ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(2) കടവ് കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള ഏതെങ്കിലും പ്രശ്നത്തിൻമേലോ ഏതെങ്കിലും വിയോജനകുറിപ്പിൻമേലോ ജില്ലാ കളക്ടറുടെയോ സർക്കാരിന്റെയോ തീരുമാനം ഉണ്ടാകേണ്ട പക്ഷം ആയത് കടവ് കമ്മിറ്റിയുടെ കൺവീനർ തന്റെ വിശദമായ റിപ്പോർട്ട് സഹിതം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും ജില്ലാ കളക്ടറിൽ നിന്നും നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രം പ്രസ്തുത തീരുമാനം നടപ്പിലാക്കേണ്ടതുമാണ്.

15. <u>കടവ് കമ്മിറ്റികളുടെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—ആക്റ്റിലെ വ്യവസ്ഥകൾക്കും ഈ ചട്ടങ്ങളിലെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി കടവ് കമ്മിറ്റിക്ക് താഴെ പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളുംകൂടി ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) മണൽ വാരുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്തുക;

(ബി) അതത് കടവിലുള്ള മണലിന്റെ വില നിശ്ചയിക്കുക;

(സി) സർക്കാരും ജില്ലാ വിദഗ്ദ്ധ സമിതിയും കാലാകാലം നല്കുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുക;

(ഡി) കടവുകളുടെ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുക;

(ഇ) നദീതീര വികസന പദ്ധതികൾ തയ്യാറാക്കുന്നതിന് ജില്ലാ വിദഗ്ദ്ധ സമിതികളെ സഹായിക്കുക;

(എഫ്) നദീത്തീരത്തോ കടവിലോ ഉള്ള കയ്യേറ്റമോ തടസ്സമോ നീക്കം ചെയ്യുന്നതിന് കളക്ടറെ യഥാസമയം അറിയിക്കുക;

(ജി) സർക്കാരും ജില്ലാ വിദഗ്ദ്ധ സമിതിയും പുറപ്പെടുവിച്ചിട്ടുള്ള മണൽവാരൽ നിരോധന ഉത്തരവുകൾ നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുക;

(എച്ച്) നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുക;

(ഐ) മണൽവാരലിന് ഉപയോഗിക്കുന്ന വള്ളങ്ങളുടെയും മണൽവാരൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെയും ലിസ്റ്റ് തയ്യാറാക്കുക;

(ജെ) മണൽ സംഭരണവും വിപണനവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വച്ചുപോരേണ്ട രജിസ്റ്ററുകളും അക്കൗണ്ടുകളും പരിശോധിക്കുക;

(കെ) ആക്റ്റിലേയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളുടേയും വ്യവസ്ഥകളുടെ ലംഘനങ്ങൾ മേൽ നടപടികൾക്കായി റിപ്പോർട്ട് ചെയ്യുക;

(എൽ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ മണൽവാരൽ പ്രവർത്തനം നടപ്പാക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക;

(എം) ഒരു കടവിലോ നദീതീരത്തോ നിന്ന് ജില്ലാ വിദഗ്ദ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ അളവ് മണൽ വാരുന്നത് തടയാനുള്ള നടപടികൾ സ്വീകരിക്കുക;

(എൻ) ജില്ലാ വിദഗ്ദ്ധ സമിതികൾ ആവശ്യപ്പെടുന്ന സംഗതികൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുക.

16. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ ചുമതലകളും അധികാരങ്ങളും.—തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ കടവ് കമ്മിറ്റിയുടെ കൺവീനർമാരായിരിക്കുന്നതും അവർക്ക് താഴെപറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(എ) കടവ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കുക;

(ബി) കടവ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുന്ന ഏതൊരു സംഗതിയിലും തന്റെ അഭിപ്രായം രേഖപ്പെടുത്തേണ്ടതും അജണ്ടയിലെ ഓരോ ഇനവും തന്റെ വ്യക്തമായ അഭിപ്രായ സഹിതം കടവ് കമ്മിറ്റിയുടെ യോഗത്തിൽ വയ്ക്കുക;

(സി) കടവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ ജില്ലാ കളക്ടറെ അറിയിക്കുക;

(ഡി) കടവിലെ വരവ് ചിലറ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുക;

(ഇ) റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് അടയ്ക്കേണ്ടതായ തുക കൃത്യസമയത്തിനുള്ളിൽ ചെക്കായോ ഡിമാൻറ് ഡ്രാഫ്റ്റായോ ജില്ലാ കളക്ടർക്ക് എത്തിച്ചു കൊടുക്കുക;

(എഫ്) നദീതീരത്തോ കടവിലോ ഉള്ള കയ്യേറ്റങ്ങൾ; യഥാസമയം നീക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക;

(ജി) ആക്റ്റുമൂലമോ ഈ ചട്ടങ്ങൾമൂലമോ കടവ് കമ്മിറ്റി കൺവീനർക്ക് പ്രത്യേകമായി ചുമത്തിയതോ നൽകിയതോ ആയ എല്ലാ കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യുക;

(എച്ച്) സർക്കാരും ജില്ലാകളക്ടറും പുറപ്പെടുവിക്കുന്ന മണൽ വാരൽ നിരോധന ഉത്തരവുകൾ നടപ്പിൽ വരുത്തുക;

(ഐ) മണൽ വാരുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുണ്ടാകുന്ന തർക്കങ്ങൾ ജില്ലാ കളക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരിക;

(ജെ) കടവിൽ നിന്ന് കൊണ്ടുപോകുന്ന ഓരോ ലോഡു മണലിനും പാസ് നൽകുക;

17. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളും ചുമതലകളും.— ആക്റ്റിലെ വ്യവസ്ഥകൾക്കും ഈ ചട്ടങ്ങളിലെ മറ്റ് വ്യവസ്ഥകൾക്കും വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്.—

(എ) ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും മൺവാരുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്തുക;

(ബി) സർക്കാരും ജില്ലാ വിദഗ്ദ്ധ സമിതിയും ജില്ലാകളക്ടറും കാലാകാലം നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കുകയും നടപ്പാക്കുകയും ചെയ്യുക;

(സി) നദിയിലെ മണലുപയോഗിച്ച് നിലമോ താഴ്ന്ന സ്ഥലമോ നികത്തുന്നത് തടയാൻ നടപടികൾ സ്വീകരിക്കുക;

(ഡി) മാലിന്യങ്ങൾ നദിയിലേക്ക് ഒഴുക്കിവിടുന്നത് തടയാൻ നടപടികൾ സ്വീകരിക്കുക;

(ഇ) നദിയിൽ എത്തിച്ചേരുന്ന വെള്ളച്ചാലുകളിലേക്ക് മാലിന്യം ഒഴുക്കിവിടാതിരിക്കാൻ നടപടികൾ സ്വീകരിക്കുക;

(എഫ്) നദീപുറംപോക്കിലുള്ള എല്ലാവിധ കയ്യേറ്റങ്ങളും തടയുകയും നിലവിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ കളക്ടറോട് ശുപാർശ ചെയ്യുകയും ചെയ്യുക;

(ജി) മഴക്കാലത്ത് ലഭ്യമായ ജലം മുഴുവനും ഒഴുകി നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി തടയണകൾ നിർമ്മിക്കുക;

(എച്ച്) നദികളിൽ മൃഗങ്ങളെ കുളിപ്പിക്കുന്നതോ വസ്ത്രങ്ങളോ മറ്റ് സാധനങ്ങളോ കഴുകുന്നതോ പൊതുജനാരോഗ്യ സംരക്ഷണാർത്ഥം നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുക;

(ഐ) നദീതീര വികസന പദ്ധതികൾ തയ്യാറാക്കുന്നതിന് കടവ് കമ്മിറ്റികളെ സഹായിക്കുക;

(ജെ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള കടവുകളിൽ ജോലിചെയ്യുന്ന മണൽവാരൽ തൊഴിലാളികളുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുക;

(കെ) മണൽ വാരലിന് ഉപയോഗിക്കുന്ന വള്ളങ്ങൾക്ക് പെർമിറ്റ് നൽകുകയും ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(എൽ) കടവുകളിൽ മണൽവാരൽ പ്രവർത്തനങ്ങൾക്ക് ജില്ലാ വിദഗ്ദ്ധ സമിതികളും കടവുകമ്മിറ്റികളും ജില്ലാ കളക്ടറും നിശ്ചയിക്കുന്ന എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തുക;

(എം) വാഹനങ്ങൾക്ക് നദീതീരത്തേക്ക് നേരിട്ട് പ്രവേശനം ലഭിക്കാത്ത രീതിയിൽ കടവിലോ നദീതീരത്തോ കോൺക്രീറ്റ് തൂണുകൾ സ്ഥാപിക്കുക;

(എൻ) കടവിൽനിന്ന് മണൽ കൊണ്ടുപോകുന്നത് പരിശോധിക്കുന്നതിലേക്ക് ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുക;

(ഒ) റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് അടയ്ക്കേണ്ടായ തുക യഥാസമയം നൽകുക.

(പി) നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിൽ സഹായിക്കുക.

18. നദീതീരവികസന പദ്ധതി തയ്യാറാക്കൽ.—(1) ജില്ലയിലെ നദീതീരത്തിന്റെയോ അതിന്റെ ഏതെങ്കിലും വ്യഷ്ടിപ്രദേശത്തിന്റെയോ സമഗ്രവികസനത്തിനും നദീതീരം സംരക്ഷിക്കുന്നതിനും നദീതീരങ്ങളിൽ കടവ് നിർമ്മിക്കുന്നതിനും നദീതീരങ്ങളുടെ ജൈവ-ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും ഓരോ ജില്ലാ വിദഗ്ദ്ധ സമിതികളും ആവശ്യമെങ്കിൽ ബന്ധപ്പെട്ട് കടവ് കമ്മിറ്റിയുമായി കൂടിയാലോചിച്ച് പദ്ധതി തയ്യാറാക്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം തയ്യാറാക്കപ്പെട്ട ഏതൊരു പദ്ധതിയിലും താഴെപ്പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) നദീതീര പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രദേശം;

(ബി) ചെയ്യേണ്ട ജോലിയോ ജോലികളോ;

(സി) നദീതീര പ്രദേശത്തിന്റെ അടിസ്ഥാനത്തിലും ജോലിയുടെ അടിസ്ഥാനത്തിലുള്ള പദ്ധതിയുടെ ഓരോ ഘട്ടങ്ങൾ;

(ഡി) പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രദേശത്തിന്റെ ഒരു സ്കെച്ച് പ്ലാൻ;

(ഇ) പുതിയ കടവിന്റെ സ്ഥാനമോ നിലവിലുള്ള കടവിന്റെ ഏതെങ്കിലും പുനർസ്ഥാന നിർണ്ണയമോ;

(എഫ്) നദീപുറംപോക്ക് കൂടാതെ ചേർത്തിട്ടുള്ള വൃഷ്ടി പ്രദേശത്തിന്റെ സർവ്വേ നമ്പരുകൾ;

(ജി) പദ്ധതിക്കും അതിന്റെ ഓരോ ഘട്ടത്തിനു വേണ്ടിവരുന്ന ചെലവ്;

(എച്ച്) ഗുണഭോക്താക്കളിന്മേൽ ചുമത്തപ്പെടേണ്ട ഏതെങ്കിലും ചാർജ്ജുകളോ തുകകളോ;

(ഐ) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള നദീതീര റോഡുകളുടെ നീളവും-അതിന്റെ അറ്റകുറ്റപണിയും സംരക്ഷണത്തിനുമായി വേണ്ടിവരുന്ന തുകയും;

(ജെ) സർക്കാരോ ജില്ലാ കളക്ടറോ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന പ്രകാരമുള്ള മറ്റു സംഗതികളും വിവരങ്ങളും;

(കെ) നദികളുടെയും അതിന്റെ പോഷക നദികളുടെയും തീരങ്ങളിലും വൃഷ്ടിപ്രദേശത്തും വച്ചുപിടിപ്പിക്കേണ്ടതായ വൃക്ഷത്തൈകളുടെ വിവരങ്ങൾ;

(എൽ) പദ്ധതി നടപ്പാക്കേണ്ട രീതി.

(3) വൃക്ഷത്തൈകളും അനുബന്ധ വസ്തുക്കളും കൃഷിവകുപ്പിൽ നിന്നോ, വനംവകുപ്പിൽ നിന്നോ കാർഷിക കോളേജിൽ നിന്നോ വാങ്ങേണ്ടതും പ്രസ്തുത സ്ഥലങ്ങളിൽ അവ ലഭ്യമല്ലാതാകുന്നപക്ഷം കൃഷിവകുപ്പ് അംഗീകരിച്ചിട്ടുള്ള സഹകരണ സ്ഥാപനങ്ങളോ സന്നദ്ധ സംഘടനകളോ നടത്തുന്ന അംഗീകൃത നഴ്സറികളിൽനിന്നോ വാങ്ങാവുന്നതുമാണ്.

(4) ജില്ലാ വിദഗ്ദ്ധ സമിതികൾ നദീതീരവികസന പദ്ധതികൾ തയ്യാറാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിന് സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടായിരിക്കേണ്ടതാണ്.

(5) നദീതീര റോഡുകളുടെ വികസനത്തിനും പരിപാലനത്തിനും പദ്ധതിയുടെ അടങ്കലിന്റെ പത്ത് ശതമാനത്തിൽ കൂടുതൽ തുക വകകൊള്ളിക്കുവാൻ പാടുള്ളതല്ല.

(6) ജില്ലാ വിദഗ്ധ സമിതികൾ തയ്യാറാക്കിയ നദീതീര വികസന പദ്ധതികൾ ജില്ലാ കളക്ടർ പരിശോധിക്കേണ്ടതും കരടുവികസന പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതും അവ പാലിക്കപ്പെട്ടില്ലെങ്കിൽ പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ അദ്ദേഹത്തിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

(7) ജില്ലാ വിദഗ്ധ സമിതികൾ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ അന്തിമ അംഗീകാരത്തിനായി സർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(8) നദീതീരങ്ങളുടെ ജൈവ-ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിന് ഉതകുന്ന രീതിയിൽ പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(9) സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതിയുടെ പകർപ്പ് നദീതീരം സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ജില്ലാ കളക്ടറുടെ ഓഫീസിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

19. പദ്ധതിയുടെ നടത്തിപ്പ്.—(1) പദ്ധതിക്ക് സർക്കാർ അനുമതി ലഭിച്ചാലുടൻ പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ ജില്ലാ വിദഗ്ദ്ധ സമിതിക്ക് പദ്ധതി നടപ്പാക്കാവുന്നതാണ്.

(2) പദ്ധതി വൃഷ്ടിപ്രദേശത്ത് നടാനുള്ള വൃക്ഷത്തൈകൾ തെരഞ്ഞെടുക്കുവാനുള്ള അവകാശവും അതിന്റെ പരിപാലനവും ഗുണഭോക്താക്കൾക്കായിരിക്കുന്നതാണ്.

(3) നദീതീരത്തുള്ള പുറംപോക്ക് ഭൂമിയിലുള്ള വൃക്ഷത്തൈകളുടെ പരിപാലനം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും.

(4) നിലവിലുള്ള കടവുകളുടെയും പദ്ധതിപ്രകാരം പുതുതായി കെട്ടിയ കടവുകളുടെയും പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായിരിക്കും.

(5) ഒരു ജില്ലാ വിദഗ്ദ്ധ സമിതിക്ക് നദീതീര വികസന പദ്ധതി നടപ്പിൽ വരുത്തുന്നതിന് ആവശ്യമെന്നോ ഉചിതമെന്നോ തോന്നുന്ന എല്ലാ കരാറുകളിലും ഏർപ്പെടുകയും നിറവേറ്റുകയും ചെയ്യാവുന്നതാണ്.

(6) നദീതീര വികസന പദ്ധതിപ്രകാരം ജില്ലാ വിദഗ്ദ്ധ സമിതിക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുള്ളതും അത് നിർവ്വഹിക്കുന്നതുമായ പൊതുമരാമത്ത് പണികളും മറ്റ് പണികളും ചെയ്യിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾ സമിതി പാലിക്കേണ്ടതാണ്, അതായത്:—

(എ) ഒരു ജോലി കരാർമൂലം നടത്തണമോ വേണ്ടയോ എന്നതിനെ സംബന്ധിച്ച് തീരുമാനമെടുക്കുകയും കരാർമൂലം നടത്താൻ ഉദ്ദേശിക്കുന്ന ജോലികളെ സംബന്ധിച്ച് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച് മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുക;

(ബി) ജില്ലാ വിദഗ്ദ്ധ സമിതിക്കുവേണ്ടി ജില്ലാ കളക്ടർ ദർഘാസ് ക്ഷണിക്കുകയും അനന്തരനടപടികൾ സ്വീകരിക്കുകയും ചെയ്യുക;

(സി) ഏതെങ്കിലും വ്യക്തിയുടെ പേരിലോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരിലോ ജോലി ഏൽപ്പിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച് തീരുമാനമെടുക്കുക ;

(ഡി) കരാറുകാരനുമായി ജോലിയെ സംബന്ധിച്ച് ഉടമ്പടി ജില്ലാ വിദഗ്ദ്ധ സമിതിക്കുവേണ്ടി ജില്ലാ കളക്ടർ ഒപ്പുവയ്ക്കുക ;

(ഇ) കരാറിലെ വ്യവസ്ഥകൾപ്രകാരം കരാറുകാരൻ നിശ്ചിത കാലയളവിനുള്ളിൽ ജോലി പൂർത്തിയാക്കാതിരിക്കുകയോ ചെയ്ത ജോലി കരാറിലെ വ്യവസ്ഥകൾ പാലിക്കാതെയുള്ളതാണെന്ന് ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെടുന്നുവെങ്കിലോ ആ വിവരം ജില്ലാ വിദഗ്ദ്ധ സമിതിയുടെ ചർച്ചയ്ക്ക് വയ്ക്കുകയും സമിതിയുടെ തീരുമാനം അനുസരിച്ച് ജില്ലാ കളക്ടർ അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

(7) കരാറുകൾ റദ്ദാക്കുന്നതിനുള്ള അവകാശം ജില്ലാ വിദഗ്ദ്ധ സമിതിക്ക് ഉണ്ടായിരിക്കുന്നതാണ്.

(8) ദർഘാസ് സ്വീകരിച്ചതിനുശേഷം അതുപ്രകാരം ഒപ്പു വയ്ക്കേണ്ട കരാറിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കുന്നതിനുവേണ്ടി മതിയായ സെക്യൂരിറ്റി കരാറിലെ വ്യവസ്ഥകൾപ്രകാരം ജില്ലാ കളക്ടർ കരാറുകാരിൽ നിന്നും പണി തുടങ്ങുന്നതിനുമുമ്പായോ, സാധനങ്ങൾ ലഭ്യമാക്കുന്നതിനുമുമ്പായോ, സേവനം ലഭ്യമാക്കുന്നതിനുമുമ്പായോ, അതത് സംഗതിപോലെ, വാങ്ങിക്കേണ്ടതാണ്.

20. <u>സർക്കാർ വകുപ്പുകളിലെ നടപടിക്രമം പാലിക്കൽ.</u>—(1) ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികളിൽ ഒഴികെ ഒരു നദീതീര വികസന പദ്ധതിയിലെ പണിയെ സംബന്ധിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കൽ, ടെണ്ടർ ക്ഷണിക്കൽ, പണിയുടെ നടത്തിപ്പ്, പണം നൽകൽ, അക്കൗണ്ട്സ് തയ്യാറാക്കൽ എന്നിവയ്ക്ക് സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചു വരുന്ന നടപടിക്രമം പാലിക്കേണ്ടതാണ്.

21. <u>ഗുണഭോക്തൃസമിതി മുഖേന പദ്ധതി നടപ്പാക്കൽ.</u>—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു ഗുണഭോക്തൃ സമിതി മുഖേന ഒരു നദീതീര വികസന പദ്ധതി നടപ്പാക്കുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അറിവോടും സമ്മതത്തോടും കൂടി ആയിരിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിച്ചുകൊണ്ടും ആയിരിക്കേണ്ടതാണ്.

22. <u>റിവർ മാനേജ്മെന്റ് ഫണ്ട്.</u>—(1) കടവോ നദീതീരമോ പരിപാലിക്കുന്നതിലേക്കും നദീതീരവികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കും ആവശ്യമായ എല്ലാ ചിലവുകളും വഹിക്കുന്നതിലേക്കായി ജില്ലാ കളക്ടർ "റിവർ മാനേജ്മെന്റ് ഫണ്ട്" എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതും അത് ആക്റ്റിലേയും ഈ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കുകയും ചെലവാക്കുകയും ചെയ്യേണ്ടതുമാകുന്നു.

(2) റിവർ മാനേജ്മെന്റ് ഫണ്ടിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ്, അതായത്:—

(എ) ആക്റ്റിലെ 17-ാം വകുപ്പ് (2) ഉപവകുപ്പ് പ്രകാരം തദ്ദേശാധികാര സ്ഥാപനങ്ങൾ മണൽ വില്പനയിലൂടെ സ്വരൂപിക്കുന്ന തുകയുടെ അൻപത് ശതമാനം വരുന്ന തുക;

(ബി) ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ച് രൂപം നൽകിയ നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ നൽകിയ ഗ്രാന്റുകൾ;

(സി) പൊതുജനങ്ങളിൽനിന്നും സർക്കാരേതര ഏജൻസികളിൽ നിന്നും സംഭാവനയായോ അംശാദായമായോ ലഭിച്ച പണം;

(ഡി) ആക്റ്റിലെയോ ഈ ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം ചുമത്തുന്ന എല്ലാ പിഴകളും;

(ഇ) 19-ാം വകുപ്പ് അനുസരിച്ച് മാറ്റം ചെയ്യേണ്ടതും ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ഫണ്ടിലേക്ക് പിരിഞ്ഞു കിട്ടേണ്ടിയിരുന്നതുമായ തുകകൾ;

(3) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും താഴെപ്പറയുന്ന ചിലവിനങ്ങൾ ചെലവെഴുതാവുന്നതാണ്, അതായത്:—

(എ) സർക്കാർ അംഗീകരിച്ച നദീതീരവികസന പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടിവരുന്ന തുകകൾ ;

(ബി) 29-ാം വകുപ്പ് അനുസരിച്ച് കാലാകാലങ്ങളിൽ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുവേണ്ടി വരുന്ന തുക ;

(സി) ജില്ലാ വിദഗ്ദ്ധ സമിതികളുടെ യോഗനടപടികൾക്കും അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും വേണ്ടിവരുന്ന തുക ;

(ഡി) ആഡിറ്റ് ഫീസിനുള്ള തുക ;

(4) റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് ലഭ്യമാകുന്ന എല്ലാ തുകയും ട്രഷറി സേവിംഗ്സ് ബാങ്കിലെ അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്.

23. റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ആഡിറ്റ്:—(1) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ വരവ് ചിലവുകൾ എല്ലാ വർഷവും ഒരു ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ആഡിറ്റ് ചെയ്യിക്കേണ്ടതാണ്.

(2) റിവർ മാനേജ്മെന്റ് ഫണ്ടിനെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ആഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അതോടൊപ്പം താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്, അതായത്:—

(എ) റിവർ മാനേജ്മെന്റ് ഫണ്ടിലേക്കുള്ള വരവുകൾ യഥാവിധി കണക്കിൽപ്പെടുത്തിയിട്ടുണ്ടോ എന്ന്;

(ബി) ചെലവുകൾ അധികാരപ്പെടുത്തിയതനുസരിച്ചുതന്നെയാണോ എന്ന്;

(സി) ചെലവ് സംബന്ധിച്ച് രേഖകൾ പൂർണ്ണമാണോ എന്ന് ;

(ഡി) നടപടിക്രമം പാലിച്ചുകൊണ്ടുതന്നെയാണോ ചെലവ് ചെയ്തിട്ടുള്ളത് എന്ന്;

(ഇ) വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോയെന്ന് ;

(എഫ്) വരവുകൾ യഥാവിധി കണക്കിൽപ്പെടുത്തിയിട്ടുണ്ടോ എന്ന് ;

(ജി) നദീതീര വികസനപദ്ധതി ചെലവുകൾ ഏതൊക്കെയാണ് എന്ന് ;

(എച്ച്) തീരുമാനങ്ങൾ യഥാവിധി നടപ്പാക്കുന്നുണ്ടോ എന്ന്;

(3) ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ആഡിറ്റ് പൂർത്തിയാക്കി കഴിയുന്നതും വേഗം സർക്കാരിനും ജില്ലാ കളക്ടർക്കും നൽകേണ്ടതാണ്.

(4) ജില്ലാകളക്ടർക്ക് ലഭിച്ച ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അതിന്മേൽ ജില്ലാ കളക്ടറുടെ കുറിപ്പോടുകൂടി ഇതിലേക്ക് പ്രത്യേകം വിളിച്ചുകൂട്ടിയ ജില്ലാ വിദഗ്ദ്ധ സമിതിയോഗത്തിൽ പരിഗണനയ്ക്കായി വയ്ക്കേണ്ടതാണ്.

(5) ആഡിറ്റ് റിപ്പോർട്ട് ജില്ലാ കളക്ടർക്ക് ലഭിച്ച് ഒരു മാസത്തിനുള്ളിൽ ജില്ലാ വിദഗ്ദ്ധ സമിതിയുടെ പ്രത്യേക യോഗം കൂടേണ്ടതും റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും റിപ്പോർട്ടിലെ പ്രസക്ത പരാമർശങ്ങളിന്മേൽ വ്യക്തമായ തീരുമാനമെടുക്കേണ്ടതുമാണ്.

24. രേഖകളും രജിസ്റ്ററുകളും കണക്കുകളും ആഡിറ്റർമാർക്ക് നൽകുന്നത് സംബന്ധിച്ച്.—(1) ആഡിറ്റർ രേഖാമൂലം ആവശ്യപ്പെടുന്ന എല്ലാ രേഖകളും രജിസ്റ്ററുകളും കണക്കുകളും ജില്ലാ കളക്ടറും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയും നൽകേണ്ടതാണ്.

(2) ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ ആഡിറ്റർക്ക് എത്തിച്ചേരാവുന്നതുമാണ്.

(3) ആഡിറ്റ് സമയത്ത് ശ്രദ്ധയിൽപ്പെടുത്തുന്ന തടസ്സങ്ങളും ചെലവിനുവാദം തിരസ്ക്കരിക്കലും ദൂരീകരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാണെങ്കിൽ ആഡിറ്റ് സമയത്ത് തന്നെ നൽകി ഈ വക കാര്യങ്ങളിൽ റിപ്പോർട്ടിൽ ഉണ്ടാകാവുന്ന പരാമർശം ഒഴിവാകുന്നതിനുള്ള ചുമതല സെക്രട്ടറിക്കും ബന്ധപ്പെട്ട ജീവനക്കാർക്കും ഉണ്ടായിരിക്കുന്നതാണ്.

25. പ്രത്യേക ആഡിറ്റുകൾ.—പണാപഹരണമോ, പണനഷ്ടമോ, പാഴാക്കലോ, വ്യാജകണക്കോ, ധനദുർവിനിയോഗമോ ഉള്ളതായി സംശയിക്കപ്പെടുന്ന ഏതൊരു സംഗതിയിലും സർക്കാർ പ്രാഥമിക അന്വേഷണം നടത്തിയശേഷം ഏതൊരു ജില്ലയിലേയും റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കണക്ക് ഒരു പ്രത്യേക കാലത്തേക്ക് ഒരു പ്രത്യേക ആവശ്യത്തിന് അസാധാരണനിലയിൽ ആഡിറ്റ് നടത്തുന്നതിന് നിർദ്ദേശം വയ്ക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ സർക്കാർ നിർദ്ദേശമനുസരിച്ച് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ഇക്കാര്യത്തിൽ ഒരു പ്രത്യേക ആഡിറ്റ് ഏർപ്പാട് ചെയ്യേണ്ടതും ഇത്തരം ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ആഡിറ്റർ സർക്കാരിനും ജില്ലാ കളക്ടർക്കും സമർപ്പിക്കേണ്ടതുമാണ്.

26. യാത്രാപ്പടിയും ദിനബത്തയും.—ജില്ലാ വിദഗ്ദ്ധ സമിതിയിലേയും കടവു കമ്മിറ്റികളിലേയും അനൗദ്യോഗിക അംഗങ്ങൾ സമിതിയുടെയോ കമ്മിറ്റിയുടെയോ യോഗങ്ങളിൽ സംബന്ധിക്കുന്നതിന് യാത്ര ചെയ്യുമ്പോൾ അതതുസമയം നിലവിലുള്ള കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് 1-ാം ക്ലാസ് ഉദ്യോഗസ്ഥന്മാർക്ക് അർഹതപ്പെട്ട നിരക്കിലുള്ള യാത്രാപ്പടിയും ദിനബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

27. വാഹനങ്ങൾ കണ്ടുകെട്ടുന്നതിനുള്ള നടപടിക്രമം.—(1) ആക്റ്റിലെയും ഈ ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിക്കാതെ മണൽ കടത്തികൊണ്ടുപോകാൻ ഉപയോഗിച്ച വാഹനം പോലീസോ റവന്യൂ ഉദ്യോഗസ്ഥൻമാരോ പിടിച്ചെടുക്കേണ്ടതാണ്.

(2) (1)-ാം ഉപ ചട്ടപ്രകാരം ഒരു വാഹനം പിടിച്ചെടുക്കുമ്പോൾ പിടിച്ചെടുക്കുന്ന വാഹനത്തെ സംബന്ധിച്ച് രണ്ട് സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ഒരു മഹസ്സർ തയ്യാറാക്കേണ്ടതും അതിന്റെ ഒരു പകർപ്പ് വാഹനം പിടിച്ചെടുക്കുന്ന സമയത്ത് വാഹനം കൈവശം വച്ചിരുന്ന ആൾക്കും ഒരു പകർപ്പ് ജില്ലാ കളക്ടർക്കും നൽകേണ്ടതുമാണ്.

(3) വാഹനം പിടിച്ചെടുത്തതിനുശേഷം ഏഴു ദിവസത്തിനുള്ളിൽ വാഹനത്തിന് ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് തുല്യമായ തുകയും പിഴയും

അതിന്റെ ഉടമസ്ഥനോ കൈവശക്കാരനോ റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കുന്ന പക്ഷം പിടിച്ചെടുത്ത വാഹനം തിരകെ നൽകേണ്ടതുമാണ്.

28. പിടിച്ചെടുത്ത വാഹനം വിൽക്കൽ:—(1) 27-ാം ചട്ടപ്രകാരം പിടിച്ചെടുക്കുന്ന ഏതൊരു വാഹനവും അത് പിടിച്ചെടുക്കുന്നതിനുശേഷം ഏഴു ദിവസത്തിനുള്ളിൽ ബോധിപ്പിക്കുന്ന ഏതൊരാക്ഷേപവും ജില്ലാകളക്ടർ പരിഗണിക്കേണ്ടതും അത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(2) (1)-ാം ഉപചട്ടമനുസരിച്ച് വാഹനം വിൽക്കുവാൻ തീരുമാനിക്കുന്ന സംഗതിയിലെ 27-ാം ചട്ടം (3)-ാം ഉപചട്ടമനുസരിച്ചുള്ള പിഴയും തുകയും നൽകാതിരിക്കുകയോ ചെയ്താൽ ജില്ലാ കളക്ടർക്ക് വാഹനം ലേലം ചെയ്ത് വിൽക്കാവുന്നതാണ്.

(3) (2)-ാം ഉപചട്ടപ്രകാരം ലേലം ചെയ്തുകിട്ടുന്ന തുകയിൽ നിന്ന് ലേല ചിലവ് കഴിഞ്ഞതിനുശേഷമുള്ള തുക റിവർ മാനേജ്മെന്റ് ഫണ്ടിൽ വകകൊള്ളിക്കേണ്ടതാണ്.

29. മണൽവാരൽ പ്രവർത്തനങ്ങൾക്കുള്ള കൂടുതൽ വ്യവസ്ഥകൾ.—ആക്റ്റിലെ വ്യവസ്ഥകൾക്ക് പുറമേ താഴെപ്പറയുന്ന വ്യവസ്ഥകൾകൂടി മണൽവാരൽ പ്രവർത്തനങ്ങൾക്ക് പാലിക്കേണ്ടതാണ്, അതായത്:—

(എ) കേരള മൈനർ 'മിനറൽ' കൺസഷൻ റൂളിൽ വ്യവസ്ഥ ചെയ്യുന്ന 'പി' ഫോമിൽ വേണം പാസുകൾ നൽകേണ്ടത്;

(ബി) പാസുകളിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പും അദ്ദേഹത്തിന്റെ സീലും ഉണ്ടായിരിക്കേണ്ടതാണ്. ഇതിൽ ബന്ധപ്പെട്ട തദ്ദേശാധികാര സ്ഥാപനത്തിന്റെ സെക്രട്ടറി മേലൊപ്പ് വയ്ക്കേണ്ടതാണ്;

(സി) ഒരു ജില്ലയ്ക്ക് പുറത്തോ സംസ്ഥാനത്തിന് പുറത്തോ മണൽ കൊണ്ടുപോകുന്നതിന് കളക്ടർ ഇതിലേക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകുന്ന പെർമിറ്റുകൂടി ആവശ്യമാണ്;

(ഡി) പെർമിറ്റ് ഇല്ലാതെ ജില്ലയ്ക്ക് പുറത്തോ, സംസ്ഥാനത്തിനു പുറത്തോ മണൽ കൊണ്ടുപോകുന്ന വാഹനങ്ങൾ കണ്ടുകെട്ടാവുന്നതാണ്;

(ഇ) ഓരോ പെർമിറ്റ് നൽകുന്നതിനും റിവർ മാനേജ്മെൻറ് ഫണ്ടിലേക്ക് പത്ത് രൂപ അംശദായം നൽകേണ്ടതാണ്;

(എഫ്) പെർമിറ്റിൽ അത് നൽകുന്ന ആളിന്റെ പേരും വിലാസവും വാഹനത്തിന്റെ രജിസ്റ്റർ നമ്പരും വാഹനം പോകുന്ന റൂട്ട് വിവരവും പെർമിറ്റിന്റെ കാലാവധിയും ഉണ്ടായിരിക്കേണ്ടതാണ്;

(ജി) രണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അതിർത്തിയായി നദി ഒഴുകുന്ന സാഹചര്യങ്ങളിൽ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്ന് മണൽവാരുന്നതിന് ഇരു പഞ്ചായത്തുകളും ചേർന്ന് നടപടികൾ സ്വീകരിക്കേണ്ടതും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനുമുള്ള റോയൽറ്റിയും തൊഴിലാളികളുടെ കൂലിയും റിവർ മാനേജ്മെന്റ് ഫണ്ടിലേക്കുള്ള വിഹിതവും അനുബന്ധ ചെലവുകളും കിഴിച്ചതിനുശേഷമുള്ള തുക തുല്യമായി വീതിച്ചെടുക്കേണ്ടതുമാണ്;

(എച്ച്) (ജി) ഖണ്ഡപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ എന്തെങ്കിലും തർക്കമുണ്ടായാൽ അവ തീർപ്പാക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. എന്നാൽ തർക്കത്തിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ ജില്ലാ വിദഗ്ദ്ധ സമിതികളുടെ അധികാര പരിധിയിൽ വരുന്നവയാണെങ്കിൽ പ്രസ്തുത തർക്കം സർക്കാരിന്റെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതും അതിൻമേൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്;

(ഐ) ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും മണൽവാരൽ അനുവാദം നൽകുന്ന ഭാഗങ്ങൾ അതിർത്തി നിശ്ചയിച്ച് വ്യക്തമാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സാജൻ പീറ്റർ,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശം വ്യക്തമാക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്റ്റ് (2001-ലെ 18)-ലെ 26-ാം വകുപ്പ്, പ്രസ്തുത ആക്റ്റിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്ക് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത അധികാരം വിനിയോഗിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാർ തീരുമാനിച്ചു. പ്രസ്തുത ഉദ്ദേശം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---

3/785/13/DTP